നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 9 Issue - 9 September 2020



കർത്താവിന്റെ വരവിനായി ഒരുങ്ങുന്നതെങ്ങനെ?

പേജ് 4

Editorial

ഗൗരവമേറിയത്

വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുന്നതനുസരിച്ച് നാം അതിനു ശ്രദ്ധയും ഊന്നലും കൊടുക്കുന്നു. വിപണിയിൽ പോകുവാൻ ഒരുങ്ങുന്നതുപോലെ അല്ലല്ലോ വിവാഹത്തിൽ സംബന്ധിക്കുവാൻ പോകേണ്ടതിനു ഒരുങ്ങുന്നത്. ഒരു വിശിഷ്ട വ്യക്തി നമ്മുടെ ഭവനത്തിലേക്കു വരുന്നു എന്നു അറിവുകിട്ടിയാൽ നാം എത്ര പ്രതീക്ഷയോടെ കാത്തിരിക്കയും, ആ വ്യക്തിയെ സ്വീകരിക്കേണ്ടതിനു ഭവനത്തെ സജ്ജമാക്കുകയും നമ്മെ ഒരുക്കുകയും ചെയ്യും. ഇത്തരത്തിൽ കർത്താവിന്റെ വരവിനെക്കുറിച്ചോ, അവിടുത്തെ എതിരേല്ക്കുന്നതിനായി ഒരുങ്ങുന്നതിനെക്കുറിച്ചോ ഗൗരവമായി ചിന്തിക്കുന്നുണ്ടോ? കർത്താവു വരും എന്നൊരു വിശ്വാസം പാരമ്പര്യമായി നമ്മിൽ ഉണ്ട് എന്നതൊഴിച്ചാൽ കർത്താവു വരണം എന്ന ആത്മാർത്ഥ ആഗ്രഹമോ, പ്രതീക്ഷയോ നമ്മിൽ ഉണ്ടോ എന്നു ശോധന ചെയ്യേണ്ടത് ആവശ്യമാണ്. ഇതു ഗൗരവമായി ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നതാണ് ഈ ലക്കത്തിലെ സന്ദേശം. ഈ ദൈവീക ശബ്ദം നമ്മുടെ അന്തരാത്മാവിനെ ഉണർത്തട്ടെ.

യേശുക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപരാകുക എന്നതാണ് നമ്മെക്കുറിച്ചുള്ള ആത്യന്തികമായ ദൈവോദ്ദേശ്യം എന്ന് നാം ബോധപൂർവ്വം ചിന്തിക്കേണ്ടതുണ്ട്. ഈ ദൈവഹിതത്തിന്റെ വെളിപ്പാടുകൾ കൂട്ടി യോജിപ്പിച്ചിരിക്കുകയാണ് ഈ ലക്കത്തിലെ ലേഖനങ്ങൾ. കാരം അഥവാ ഉറയുള്ള ഉപ്പിന്റെ സവിശേഷതകൾ സാജു മാത്യു നമുക്കു പറഞ്ഞുതരുന്നു. അതിനോടു ചേർന്നു സ്നേഹത്തിന്റെ ശക്തിയേക്കുറിച്ചു നമ്മെ ബോധ്യപ്പെടുത്തുന്നതാണ് ബാബു ചെറിയാന്റെ ഹ്രസ്വലേഖനം. അന്യോന്യം അംഗീകരിക്കുന്നതാണ് ക്രിസ്തീയതയുടെ മാനദണ്ഡമെന്നു പി. വി. വർഗീസ്സിന്റെ ലേഖനം ഓർമ്മിപ്പിക്കുന്നു. റോമാ ലേഖന പഠനവും മത്തായി സുവിശേഷത്തിലെ മർമ്മങ്ങളുടെ അപഗ്രഥനവും തുടർച്ചയായി നമുക്കു ലഭിക്കുന്ന ആത്മീക ഭോജനമാണ്. ഈ ലക്കത്തിലെ വനിതാ വീഥിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചിന്തകൾ 'അമ്മ'എന്ന നിലയിൽ ഉത്തരവാദപ്പെട്ട മുഴുസമയ ശുശ്രൂഷയിൽ ആയിരിക്കുന്ന സഹോദരിമാർക്കു ഉത്തേജനം നൽകുന്നതാണെന്നുള്ളതിനു സംശയമില്ല. ആത്മാവിൽ ദരിദ്രരെക്കുറിച്ചുള്ള വിശദീകരണം നൽകുന്ന ഫ്രാൻസിസിന്റെ ലേഖനവും, നമ്മുടെ ആത്മീക ഉൾക്കാഴ്ച വർദ്ധിപ്പിക്കുന്ന ഫ്രാൻസിസ് ഫ്രാങ്കിപ്പെന്റെ ലേഖനവും, വ്യക്തിത്വ വികസനത്തിന് ഡോ. സജികുമാർ നൽകുന്ന ഉപദേശങ്ങളും ഒക്കെ നേർവീഥിയുടെ ഈ ലക്കത്തെ പോഷക സമൃദ്ധമാക്കുന്നുണ്ട്. സമാപ്തിക്കുറിപ്പ് പ്രാർത്ഥനയുടെ ആവശ്യകത നമ്മെ ഒരിക്കൽ കൂടി ഓർമിപ്പിക്കുന്നു.

നേർവീഥിയുടെ ശുശ്രൂഷയ്ക്കായി പ്രാർത്ഥിക്കുന്നതിനു വളരെ നന്ദി. കർത്താവിന്റെ വരവിനായി തന്റെ സഭയെ ഒരുക്കുന്നതിൽ ദൈവം ഏല്പിച്ച ഈ എളിയ ശുശ്രൂഷയിൽ നിങ്ങളുടെ പ്രാർത്ഥനയും പങ്കാളിത്തവും വളരെ വിലപ്പെട്ടതാണ്. കർത്താവിന്റെ വരവ് എന്നത് നമ്മുടെ ആത്മിക ജീവിതത്തിന്റെ ഫോക്കസ് അഥവാ ലക്ഷ്യം ആയിരിക്കട്ടെ. തന്റെ വരവിന്റെ മാറ്റൊലികൾ കേട്ടുതുടങ്ങിയിരിക്കുന്നു!

പുസ്തകം 9 ലക്കം 9
സെപ്തംബർ 2020

ഈ ലക്കത്തിൽ

കർത്താവിന്റെ വരവിനായി ഒരുങ്ങുന്നതെങ്ങനെ? 4
ജോയ് എം. തോമസ്

വീര്യമുള്ള ഉപ്പിന്റെ മർമ്മം 7
സാജു മാത്യു

സ്നേഹത്തിന്റെ ശക്തി 9
ബാബു ചെറിയാൻ

കഷ്ടം സഹിക്കാനുള്ള വരം 11
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

കൃപയാൽ അസ്തമിക്കുന്ന പെരുകുന്ന പാപം 13
ചെയ്സ് ജോസഫ്

കൗൺസലിംഗ് വീഥി 15
ഡോ. സജികുമാർ കെ. പി.

അന്യോന്യം അംഗീകരിക്കുക 17
പി.വി.വർഗീസ്

ആത്മാവിൽ ദരിദ്രർ 20
ഫ്രാൻസിസ് കല്ലുങ്കൽ

വനിതാ വീഥി 24
എൽസി ജോയ്

വേദ അധ്യയനം 26
ജോയ് എം. തോമസ്

ഇടിവിൽ നിൽക്കാം 31
എംസി

മാനേജിങ് എഡിറ്റർ
ജോയ് എം. തോമസ്

കൺസൾട്ടന്റ് എഡിറ്റർ
എം.സി. കുര്യൻ

മാനേജർ
ഷാജി ഉമ്മൻ

അഡ്വൈസറി ബോർഡ്
സുവി. പി.ഐ. ഏബ്രഹാം
പാസ്റ്റർ ബാബു ചെറിയാൻ
പാസ്റ്റർ കെ.ജെ. മാത്യു
ഡോ. മാത്യു ഫിന്നി
ഡോ. സി.റ്റി. ലൂയിസ്കുട്ടി

ഗ്രാഫിക്സ്
ഷൈൻ കെ. സാമുവൽ

Address :

Righteous Path Publication Trust
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

Office : 9495 435 336
Editor : 9495 213 269

www.nerveedhi.com

e-mail: editornerveedhi@gmail.com

Edited, Printed and Published by Righteous Path Publication Trust and printed at Penta Offset Press, Kanjikuzhy, Kottayam–686004 and published at Mackal Building, Amayannoor P.O, Kottayam -686019.

Annual Subscription ` 200.00



ജോയ് എം. തോമസ്

കർത്താവിന്റെ വരവിനായി ഒരുങ്ങുന്നതെങ്ങനെ?

ഇത്രയൊക്കെ ആയിട്ടും കർത്താവിന്റെ വരവിനായി ഒരുങ്ങുന്നതിനെക്കുറിച്ചു ഗൗരവമായി എത്രപേർ ചിന്തിക്കുന്നുണ്ട്. വാസ്തവത്തിൽ നാം എങ്ങനെയാണ് ഒരുങ്ങേണ്ടത്?

യേശുക്രിസ്തുവിന്റെ മടങ്ങിവരവ് ക്രിസ്തീയ സഭകളെല്ലാം ഒരു പോലെ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ഉപദേശമാണ്. അന്ത്യകാല സംഭവങ്ങളെ വിലയിരുത്തി കർത്താവു വേഗം വരുന്നു എന്നുള്ള പ്രസംഗങ്ങളും സുലഭമാണ്. കോവിഡ് 19-ന്റെ പരിഭ്രാന്തിയുടെ പശ്ചാത്തലത്തിൽ കർത്താവിന്റെ വരവിനെക്കുറിച്ചുള്ള ചർച്ചകൾക്ക് പുതുജീവൻ ലഭിച്ചിട്ടുണ്ട്. ഇത്രയൊക്കെ ആയിട്ടും കർത്താവിന്റെ വരവിനായി ഒരുങ്ങുന്നതിനെക്കുറിച്ചു ഗൗരവമായി എത്രപേർ ചിന്തിക്കുന്നുണ്ട്. വാസ്തവത്തിൽ നാം എങ്ങനെയാണ് ഒരുങ്ങേണ്ടത്?

തന്റെ വരവിനായി നാം എങ്ങനെ ഒരുങ്ങണമെന്നു കർത്താവ് പല ഉപമകളിലൂടെ നമുക്കു പറഞ്ഞു തന്നിട്ടുണ്ട്. അതിൽ ഒരു ഉപമയാണ് ഈ സന്ദേശത്തിന് ആധാരമായി സ്വീകരിച്ചിട്ടുള്ളത്.

"അങ്ങനെ നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ. എന്നാൽ യജമാനൻ തന്റെ വീട്ടുകാർക്കു തത്സമയത്തു ഭക്ഷണം കൊടുക്കേണ്ടതിനു അവരുടെ മേൽ ആക്കി വെച്ച വിശ്വസ്തനും ബുദ്ധിമാനും ആയ ദാസൻ ആർ? യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്തു കാണുന്ന ദാസൻ ഭാഗ്യവാൻ. അവൻ അവനെ തനിക്കുള്ള സകലത്തിന്മേലും യജമാനൻ ആക്കി വെക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. എന്നാൽ അവൻ ദുഷ്ടദാസനായി; യജമാനൻ വരുവാൻ താമസിക്കുന്നു എന്നു ഹൃദയം കൊണ്ടു പറഞ്ഞ്, കൂട്ടു ദാസന്മാരെ അടിപ്പാനും കുടിയന്മാരോടുകൂടി തിന്നു കുടിപ്പാനും തുടങ്ങിയാൽ ആ ദാസൻ നിരൂപിക്കാത്ത നാളിലും അറിയാത്ത നാഴികയിലും യജമാനൻ വന്നു അവനെ ദണ്ഡിപ്പിച്ചു അവനു കപടഭക്തിക്കാരോടുകൂടെ പങ്കു കല്പിക്കും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" (മത്തായി 24: 44-51).

ഈ ഉപമ വളരെ ലളിതമാണ്. *കർത്താവിന്റെ വരവിനായി ഒരുങ്ങുന്നതിനെക്കുറിച്ചുള്ള വ്യക്തമായ രൂപം തന്നെ നമുക്ക് ഇതിൽ നിന്നും ലഭിക്കുന്നുണ്ട്. യജമാനനും ദാസനും തമ്മിലുള്ള ബന്ധം തന്നെയാണ് അതിപ്രധാന കാര്യം.* യജമാനൻ ദാസനെസ്നേഹിക്കുന്നതുകൊണ്ടും കൂടുതൽ ഉത്തരവാദിത്തങ്ങളും സ്ഥാനവും നൽകി ഉയർത്തുവാൻ ആഗ്രഹിച്ചുകൊണ്ടുമാണല്ലോ വീട്ടുകാർക്ക് അഥവാ തന്റെ ഭവനത്തിലുള്ള ദാസീദാസന്മാർക്കെല്ലാം തത്സമയത്ത് ഭക്ഷണം കൊടുക്കുവാനുള്ള ചുമതല ഏല്പിച്ചിട്ടു പോകുന്നത്. ഇത് ഗ്രഹിച്ചാൽ അവൻ ബുദ്ധിമാനും, ഉത്തരവാദിത്തങ്ങൾ കൃത്യമായി നിർവ്വഹിക്കുന്നതിനാൽ വിശ്വസ്തനുമായിരിക്കും.

യജമാനന്റെ സ്നേഹം ദാസൻ തിരിച്ചറിഞ്ഞാൽ യജമാനനെ അധികം സ്നേഹിക്കുവാൻ ഇടയാകും എന്നതു തീർച്ച. *യജമാനനോടുള്ള സ്നേഹം വളരുന്നു എങ്കിൽ യജമാനനെ കാണാൻ ആഗ്രഹം വളരും. യജമാനൻ വേഗം വന്നാൽ മതിയായിരുന്നു എന്നാഗ്രഹിക്കും.* 'യജമാനൻ വരുവാൻ താമസിക്കും' എന്നു ഒരു 'ദുഷ്ടദാസനു' മാത്രമേ ചിന്തിക്കുവാൻ കഴികയുള്ളൂ. കാരണം അവൻ ആഗ്രഹിക്കുന്നതും വാസ്തവത്തിൽ അതു തന്നെയാണ്. യജമാനനെ യഥാർത്ഥമായും, ആത്മാർത്ഥമായും കാത്തിരിക്കുന്ന ദാസൻ വിശ്വസ്തനാകയാൽ യജമാനൻ വരുമ്പോൾ തന്റെ ദൗത്യത്തിൽ വ്യാപൃതനായി അവനെ കാണുകയും ചെയ്യും. ദുഷ്ടദാസനെ ഉത്തരവാദിത്തമില്ലാത്തവനും തന്റെ മറ്റു ദാസന്മാർക്കു ഇടർച്ചയുമായി കണ്ടെത്തും.

ഈ ഉപമ ചില പരമാർത്ഥങ്ങളിലേക്കു വിരൽചൂണ്ടുകയാണ്. ആർക്കാണ് കർത്താവിന്റെ വരവിനായി ഒരുങ്ങുവാൻ കഴിയുക? താൻ വരും എന്നു വിശ്വസിക്കുന്ന എല്ലാവർക്കും ഒരുങ്ങുവാൻ കഴിയുമോ? ഇല്ലേ, ഇല്ല! ദുഷ്ടദാസനായിത്തീർന്നവനും അറിയുമായിരുന്നില്ലേ യജമാനൻ വരും എന്ന്? അറിയാമായിരുന്നു; നന്നായി അറിയാമായിരുന്നു. പക്ഷെ 'യജമാനൻ വരാൻ താമസിക്കുന്നു' എന്ന ചിന്ത അവനിൽ കടന്നുകൂടി. *യജമാനൻ വേഗം വരണം എന്ന ആത്മാർത്ഥമായ ആഗ്രഹം അവനുണ്ടായിരുന്നില്ല. 'അല്പം സമയം എനിക്കു കിട്ടുന്നതു നല്ലത്; ഈ ലോക സുഖം അല്പം ആസ്വദിക്കാം' എന്നാണവൻ ചിന്തിച്ചത്.* കൂട്ടുകാരുമൊത്ത് തിന്നുകുടിച്ച് ആഘോഷിക്കാമല്ലോ.

പ്രിയരെ, ഞാൻ നിങ്ങളോടു ചോദിക്കട്ടെ. കർത്താവ് വേഗം വരണം എന്ന ആത്മാർത്ഥ ആഗ്രഹം നിങ്ങൾക്കുണ്ടോ? അതോ ഈ ലോകത്തിൽ ഇനിയും വെട്ടിപ്പിടിക്കുവാൻ പലതും ഉണ്ടെന്നു തോന്നുന്നുവോ? *യഥാർത്ഥമായും കർത്താവിനെ സ്നേഹിക്കുന്നവർക്കു കർത്താവു വേഗം വരണം എന്ന് ആഗ്രഹമുണ്ട്. അവർക്കു കർത്താവിനെ കാണുവാനും കർത്താവിനോടൊത്തു വസിക്കുവാനും കൊതിയുണ്ട്. ഈ ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കുവാൻ അവർക്കു ആവില്ല; ലോകത്തിന്റെ ദൃഷ്ടിയിൽ വിലയേറിയതു അവർക്കു ചപ്പും കുപ്പയും എന്ന പോലെ തോന്നുന്നു. ഇതു കർത്താവിനോടുള്ള സ്നേഹത്താൽ ഉളവായ ആന്തരിക രൂപാന്തരമാണ്. ഇതു തന്നെയാണ് ഒരുങ്ങിയിരിക്കുന്നത്.* സ്നേഹത്തിൽ നിന്നല്ലാതെ ഭയത്തിൽ നിന്നാർക്കും കർത്താവിന്റെ വരവിനായി ഒരുങ്ങുവാൻ സാധ്യമല്ല. കർത്താവിന്റെ വരവിനെക്കുറിച്ച് ഒരു തരം ഭീതിയാണോ ഇന്ന് പലർക്കും അനുഭവപ്പെടുന്നതെന്നു ശക്തമായ സംശയം ഉണ്ട്. ഓരോരുത്തരും അവരവരെ തന്നെ ശോധന ചെയ്യണം. കർത്താവിന്റെ വരവിനെക്കുറിച്ചു പ്രസംഗിക്കുന്നവരും ആളുകളെ ഭയപ്പെടുത്തുകയാണോ അതോ അവരിൽ പ്രത്യാശ വളർത്തുകയാണോ എന്നു ശോധന ചെയ്യുന്നതു നല്ലതാണ്. കർത്താവിന്റെ വരവിനായി ഒരുങ്ങേണ്ടതു എങ്ങനെ എന്നു വചനത്തിൽ നിന്നു പഠിപ്പിക്കുകയും, ഒരുങ്ങുന്നതിനു മാതൃകയാകുകയും വേണം. *ദ്രവ്യാഗ്രഹത്തിന്റെയും മത്സര ജീവിതത്തിന്റെയും ചതിക്കുഴിയിൽ വീണു കിടന്നുകൊണ്ടു ഒരുങ്ങുന്നതിനെക്കുറിച്ച് പറഞ്ഞിട്ടു കാര്യമില്ല. ആദ്യം അതിൽ നിന്നും രക്ഷപ്പെടണം.*

ഹൃദയത്തിൽ, ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയുമാണ് ഏറ്റവും പ്രധാനപ്പെട്ടത്. അതിനെ നഷ്ടപ്പെടുത്തുന്നതിനാണ് പിശാചു നമ്മോടു പോരാടുന്നത്. (2 കൊരിന്ത്യർ 11 : 2, 3). അതിനാലാണ് ആദ്യസ്നേഹം വിട്ടു പോകുക എന്നതു ഗുരുതരമായ വീഴ്ചയാണെന്നു എഫേസോസ് സഭയെ ഓർമ്മിപ്പിച്ചത് (വെളിപ്പാട് 2 :4) നാം എപ്പോഴും ഗൗരവമായി ഓർക്കണം. കാരണം *ഏകാഗ്രതയും നിർമ്മലതയും കപടമില്ലാത്ത സ്നേഹത്തിന്റെ മുഖമാണ്.*

ഉപമയിൽ കാണുന്ന യജമാനൻ പോകുമ്പോൾ ദാസനെ വിളിച്ചു പ്രത്യേകമായ ഉത്തരവാദിത്തം ഭരമേല്പിച്ചു. തന്റെ മറ്റു ദാസീദാസന്മാർക്കു സമയത്തു ആഹാരം കൊടുക്കേണ്ട ചുമതലയാണ് ഭരമേല്പിച്ചത്. ആഹാരം സമയത്തു കിട്ടേണ്ടതു യജമാനൻ അവരെ ഏല്പിച്ച ദൗത്യങ്ങൾ പൂർത്തീകരിക്കുന്നതിനു അത്യാവശ്യമാണ്. *യജമാനനെ സ്നേഹിക്കുന്ന ദാസൻ, യജമാനന്റെ മറ്റു ദാസീദാസന്മാരെക്കുറിച്ചുള്ള തന്റെ ഉത്തരവാദിത്വത്തെ ഗൗരവമായി കാണും. യജമാനൻ അവരെ ഏല്പിച്ച കാര്യങ്ങൾക്കു വീഴ്ച ഉണ്ടാകരുതെന്നു ആഗ്രഹിക്കുകയും അവരുടെ ക്ഷേമത്തിൽ ഉത്സുകരായിരിക്കുകയും ചെയ്യും.* ദൈവ മക്കളുടെ സമൂഹമല്ലേ യഥാർത്ഥത്തിൽ ദൈവസഭ? സഭ കർത്താവിന്റെ ശരീരവും നാം ഓരോരുത്തരും ആ ശരീരത്തിൽ വിവിധ അവയവങ്ങളുമല്ലേ? ഒരവയവം നിഷ്ക്രിയമായാൽ മുഴുവൻ ശരീരത്തെയും അതു ബാധിക്കില്ലേ? 'ഇതു എന്റെ കാര്യം,

മറ്റാരും ഇതിൽ ഇടപെടേണ്ട' എന്നു പറഞ്ഞ് ഒരു അവയവത്തിനു സ്വാർത്ഥമായി ചിന്തിക്കുവാൻ ആവുമോ?

പ്രിയരെ, നമുക്കൊരു കൂട്ടുത്തരവാദിത്വമുണ്ട്. ക്രിസ്തുവിൽ വിശ്വസിച്ചു ദൈവമക്കളായിത്തീർന്നിരിക്കുന്ന എല്ലാവരോടും നമുക്ക് ക്രിസ്തുവിൽ ബന്ധവും കടപ്പാടും ഉണ്ട്. നമ്മുടെ വളർച്ച അവരുടെ വളർച്ചയ്ക്കും, നമ്മെ ദൈവം ഏല്പിച്ച ആത്മീക വരങ്ങളാൽ ഉള്ള ശുശ്രൂഷ അവർക്കും, അവരെ ഏല്പിച്ച ശുശ്രൂഷയുടെ ഫലം നമുക്കും ഉണ്ടാകണം. ഒരേ ശരീരത്തിന്റെ അവയവങ്ങൾ എന്ന നിലയിൽ നാം ഓരോരുത്തരും ഒരാൾ മറ്റൊരാൾക്ക് വേണ്ടപ്പെട്ടവരാണ്. ഈ ആത്മീക ബന്ധത്തിന്റെ പരിപോഷണം കർത്താവിന്റെ വരവിനായി ഒരുങ്ങുന്നതിന്റെ ഭാഗമാണ്. "എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരുംകർത്താവിനെ കാണുകയില്ല" (എബ്രായർ 12: 14) എന്ന പ്രബോധനം ശ്രദ്ധിക്കുക. മറ്റൊരു വേദഭാഗത്ത് ഇപ്രകാരം പ്രബോധിപ്പിക്കുന്നു: "അതുകൊണ്ടു നാം അന്യോന്യം വിധിക്കരുത്; സഹോദരന് ഇടർച്ചയോ തടങ്ങലോ വെക്കാതിരിപ്പാൻ മാത്രം ഉറെച്ചുകൊൾവീൻ" (റോമർ 14 : 13).

'വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ' എന്നു ഉപമയിൽ വിശേഷിപ്പിച്ചിരിക്കുന്നതു നാം നന്നായി ശ്രദ്ധിക്കണം. വിശ്വസ്തൻ ബുദ്ധിമാനും, ബുദ്ധിമാൻ വിശ്വസ്തനുമായിരിക്കും. ബുദ്ധിമാൻ യജമാനനെയും, യജമാനന്റെ ഇഷ്ടത്തെയും മനസ്സിലാക്കുന്നു. തന്നെ ഏല്പിച്ച ദൗത്യം എന്തെന്നും അതു എങ്ങനെ നിറവേറ്റുവാനാണ് യജമാനൻ ഏല്പിച്ചതെന്നും മനസ്സിലാക്കുന്നു. അതിനാൽ അതു വിശ്വസ്തതയോടെ ചെയ്യേണ്ടതിന് ശ്രദ്ധിക്കുകയും ഉത്സാഹിക്കുകയും ചെയ്യുന്നു.

കർത്താവു സ്വർഗ്ഗാരോഹണം ചെയ്യുമ്പോൾ തന്റെ ശിഷ്യഗണത്തെ ഏല്പിച്ച ദൗത്യം എന്തായിരുന്നു? ഭൂമിയുടെ അറ്റംവരെ കർത്താവിന്റെ സാക്ഷികൾ ആകുക എന്നതല്ലായിരുന്നോ? നിനയാത്ത നാഴികയിൽ താൻ വീണ്ടും വരും എന്നു മുമ്പുകൂട്ടി പറഞ്ഞിട്ടല്ലേ കർത്താവ് പോയത്? കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ ആകാശത്തിലേക്കു നോക്കി നിന്ന ആ ശിഷ്യന്മാരെ കർത്താവിന്റെ മടങ്ങിവരവിനെ ഓർപ്പിച്ചും ഉറപ്പിച്ചുമാണ് ദൈവത്തിന്റെ ദൂതന്മാർ അവിടെ നിന്ന് പറഞ്ഞയച്ചത് (അപ്പൊസ്തല പ്രവൃത്തികൾ 1: 11). അന്നു അവരെ ഭരമേല്പിച്ച ദൗത്യം ഈ തലമുറയിൽ ചെയ്യുവാൻ തിരഞ്ഞെടുക്കപ്പെട്ട കർത്താവിന്റെ ശിഷ്യന്മാർ ഞാനും നിങ്ങളും ആണല്ലോ.

വിശ്വസ്തൻ ബുദ്ധിമാനും,
ബുദ്ധിമാൻ വിശ്വസ്തനുമായിരിക്കും.
ബുദ്ധിമാൻ യജമാനനെയും,
യജമാനന്റെ ഇഷ്ടത്തെയും
മനസ്സിലാക്കുന്നു

സകല ജാതികൾക്കും സുവിശേഷം എത്തിച്ചു കൊടുക്കുവാനുള്ള ഉന്നതമായ ദൗത്യമാണ് (മത്തായി 28 : 18-20, മർക്കൊസ് 16 : 15) കർത്താവു നമ്മെ ഭരമേല്പിച്ചിരിക്കുന്നത്. ഈ ദൗത്യത്തിന്റെ പൂർത്തീകരണത്തിൽ നാം എത്ര ഉത്സുകരാണ്? ഇതിൽ നമുക്കു ഓരോരുത്തർക്കും ഒരു പങ്കുണ്ടെന്നു ചിന്തിക്കുന്നുണ്ടോ? നാം എവിടെയോ അവിടെയെല്ലാം യേശുവിന്റെ സാക്ഷികൾ ആകേണ്ടവരാണ്. ക്രിസ്തു നമ്മിലൂടെ മറ്റുള്ളവർക്കു വെളിപ്പെടുമ്പോഴെ യേശുവിന്റെ സാക്ഷ്യം നാം വഹിക്കുന്നവരാകുന്നുള്ളൂ. അതിനാൽ 'ഭൂമിയുടെ ഉപ്പായും' 'ലോകത്തിന്റെ വെളിച്ചമായും' നാം ജീവിക്കേണ്ടവരാണ്. എന്നാൽ സ്വാർത്ഥതയും, ലോകസ്നേഹവും നമ്മിൽ കൂടുവെച്ചാൽ നമ്മിലെ വെളിച്ചം അണയുകയും ഉപ്പ് കാരമില്ലാത്തതാകുകയും ചെയ്യും എന്ന് ഓർക്കുക.

ഉപമയിലെ *യജമാനൻ ആഗ്രഹിക്കുന്നത് താൻ ഭരമേല്പിച്ച ദൗത്യം പൂർണ്ണ ഉത്തരവാദിത്വത്തോടെ ചെയ്യുന്ന കർമ്മനിരതനായ, വിശ്വസ്തനായ, ഒരു ദാസനെയാണ്. അങ്ങനെയുള്ളവരെ കണ്ടെത്താനുള്ള പരീക്ഷയായിട്ടാണ് യജമാനൻ തന്റെ വരവിനെ 'നിനയ്ക്കാത്ത നാഴികയിൽ' ആക്കിയത്. വിശ്വസ്തർ സമയം അറിഞ്ഞിട്ടല്ല ഒരുങ്ങുന്നത്.* അവരെ സംബന്ധിച്ച് യജമാനൻ ഏതു യാമത്തിൽ വന്നാലും തങ്ങൾ സന്തോഷമുള്ളവരാണ്; വേഗം വരണം എന്നാണവരുടെ പ്രാർത്ഥന.

യജമാനനോടുള്ള സ്നേഹത്താൽ നിറയപ്പെട്ടിരിക്കുന്ന അവർ എപ്പോഴായാലും എന്തായാലും യജമാനനോടുള്ള ആത്മാർത്ഥമായ സ്നേഹത്തിലാണ് ചെയ്യുന്നത്. അതിനാൽ അവർ ഉത്തരവാദിത്ത ബോധമുള്ള വിശ്വസ്തരാണ്. യജമാനൻ ഏതു നേരത്തു വന്നാലും അവരെ കർമ്മനിരതരായി, കൃത്യനിർവ്വഹണത്തിൽ വിശ്വസ്തരായി കാണും. അതെ, ഞാനും നിങ്ങളും അങ്ങനെ ആയിരിക്കട്ടെ. കർത്താവ് വരുവാൻ അടുത്തിരിക്കുന്നു എന്നു കേൾക്കുമ്പോൾ ഭയം അല്ല സന്തോഷം നമ്മിൽ വർദ്ധിക്കട്ടെ! ■



സാജു മാത്യു

വീര്യമുള്ള ഉപ്പിന്റെ മർമ്മം

നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; ഉപ്പു കാരമില്ലാതെപോയാൽ അതിനു എന്തോന്നുകൊണ്ടു രസംവരുത്താം? പുറത്തുകളഞ്ഞിട്ടു മനുഷ്യർ ചവിട്ടുവാനല്ലാതെ മറ്റൊന്നിനും പിന്നെ കൊള്ളുന്നില്ല (മത്തായി 5:13).

സുബിൻ സ്കൂളിലെ മുതലാളിപ്പയ്യനാണ്. - ധനാഢ്യനായ രാഘവപ്പെരുമാളിന്റെ മകൻ. ധനികനാകയാൽ കൂട്ടുകാർ ഏറെയുണ്ടാവുമല്ലോ. അഞ്ഞൂറിന്റെയും രണ്ടായിരത്തിന്റെയും നോട്ടുമായി സ്കൂളിലെത്തുന്ന സുബിൻ കാശുമുടക്കിത്തന്നെ തന്റെ കൂട്ടുകാരെ സൽക്കരിച്ചു. പെരുമാളിന്റെ വീട്ടിലെ അടുക്കളക്കാരി ജാനുവിന്റെ മകൻ രാമുവും പഠിക്കുന്നതു സുബിന്റെ ക്ലാസിൽതന്നെ!

സുബിനും കൂട്ടരും പണംമുടക്കി ഹോട്ടലിൽനിന്നു വാങ്ങുന്ന ഭക്ഷണം കഴിക്കുമ്പോൾ രാമു ഒരു മൂലയിൽ ഒതുങ്ങിക്കൂടി തന്റെ ശുഷ്ക്കമായ പൊതിച്ചോറു തുറന്നുവച്ച് ആഹാരത്തിനായി ദൈവത്തിനു നന്ദിയർപ്പിച്ചുകൊണ്ടു പ്രാർഥിച്ചു. അഹങ്കാരിയായ സുബിൻ കൂട്ടുകാരുടെ മുമ്പിൽവച്ച് എപ്പോഴും രാമുവിനെ കളിയാക്കി. ചിലപ്പോഴൊക്കെ രാമുവിനെ ദേഹോപദ്രവം ഏല്പിക്കുവാനും മടിച്ചില്ല. രാമുവിന്റെ പ്രാർഥനയും സാരോപദേശങ്ങളും സുബിനെ ചൊടിപ്പിച്ചു. അടുക്കളക്കാരിയുടെ മകനെ തല്ലാനും തനിക്കധികാരമുണ്ടെന്നായിരുന്നു സുബിന്റെ ചിന്ത. അവൻ പണം കൊടുത്തുനേടിയ കൂട്ടുകാരും സുബിനോടുചേർന്നു രാമുവിനെ പീഡിപ്പിച്ചു.

കുന്നിന്റെ മുകളിലെ സ്കൂളിൽനിന്നു മെയിൻറോഡിലെത്താൻ അല്പം നടക്കണം. അവിടെനിന്നേ ബസ്സുള്ളൂ. സുബിനും കൂട്ടുകാരും ക്ലാസു കഴിഞ്ഞു പോകുമ്പോൾ അലഞ്ഞുതിരിഞ്ഞുനടക്കുന്ന ഒരു ഭ്രാന്തൻ അവർക്കു എതിർപെട്ടു. അവരുടെ കൂത്തുകളിക്കു ഒരു ഇരയെ കിട്ടിയ സന്തോഷത്തിൽ അവർ അയാളെ കൂക്കുവിളിക്കുകയും ചെളിവെള്ളം തെറിപ്പിക്കുകയും മണൽ വാരിയെറിയുകയും ചെയ്തു. ഭ്രാന്തൻ ഒരു കല്ലെടുത്ത് സുബിനെ ഒറ്റയേറ്! കല്ലു നെറ്റിക്കുതന്നെ കൊണ്ടു, നെറ്റിപൊട്ടി സുബിൻ തലകറങ്ങി താഴെവീണു. കൂട്ടുകാർ അവനെ കോരിയെടുക്കുവാൻ ശ്രമിച്ചെങ്കിലും ഭ്രാന്തൻ അടുത്ത കല്ലുമായി വരുന്നതു കണ്ടു കൂട്ടുകാർ എല്ലാവരും ഓടിയകന്നു.

രാമു ഇതു കണ്ടുകൊണ്ടാണു ഓടി വരുന്നത്. ഭ്രാന്തൻകല്ലു ചുഴറ്റി നിൽക്കുകയാണ്. ഒന്നും വകവയ്ക്കാതെ രാമു സുബിനെ താങ്ങിയെടുത്ത് മെയിൻ റോഡിലേക്കോടി. ആദ്യം കണ്ട വണ്ടിക്കു കൈകാണിച്ചുനിർത്തി, അവരോടു കെഞ്ചിപ്പറഞ്ഞ് സുബിനെ അടുത്ത ആശുപത്രിയിലെത്തിച്ചു...

തന്നെ പീഡിപ്പിച്ച സുബിനു രക്ഷകനാകുവാൻ രാമു തീരുമാനമെടുക്കുകയായിരുന്നു. വിശ്വാസത്തിനു പീഡയുണ്ട്. എന്നാൽ പീഡകർക്കും നാം ഉപകാരികളാകണം.

ഇവിടെ നമ്മുടെ വേദഭാഗത്തു യേശു തന്റെ ശിഷ്യന്മാരോടു ഒരു കാര്യം ഉറപ്പിച്ചു പറയുന്നു: നിങ്ങൾ എന്റെ ശിഷ്യന്മാരാണോ? നിങ്ങൾ നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നുവോ? തീർച്ചയായും അതത്ര എളുപ്പമല്ല. നീതിയെ പിന്തുടരുന്നതുകൊണ്ടു എല്ലാവരും നിങ്ങളെ ബഹുമാനിക്കുമെന്നു വ്യാമോഹിക്കേണ്ടതില്ല."നീതി നിമിത്തം നിങ്ങൾ ഉപദ്രവിക്കപ്പെടും" (മത്തായി 5:10). "എന്റെ നിമിത്തം നിങ്ങളെ പഴിക്കുകയും ഉപദ്രവിക്കുകയും നിങ്ങളെക്കൊണ്ടു എല്ലാ തിന്മയും കളവായിപ്പറയുകയും ചെയ്യും നിങ്ങൾക്കു മുമ്പുള്ള പ്രവാചകന്മാരെയും അവർ അങ്ങനെതന്നെ ഉപദ്രവിച്ചിട്ടുണ്ട്".

വീര്യമുള്ള ഉപ്പിന്റെ മർമ്മം

അതോടുചേർന്നു യേശു തന്റെ ശിഷ്യന്മാരോടു പറയുന്നു: "നിങ്ങൾ ലോകത്തിന്റെ ഉപ്പാകുന്നു" "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു ലോകം നിങ്ങളെ ഉപദ്രവിക്കുകയും ലോകം നിങ്ങളെക്കൊണ്ടു എല്ലാതിന്മയും കളവായിപ്പറയുകയും ചെയ്യും... എന്നാൽ നിങ്ങളെ ഉപദ്രവിക്കുമ്പോൾ ലോകംമനസിലാക്കുന്നില്ല അവർക്കു ഉപ്പും വെളിച്ചവുമായിരിക്കുവാൻ ദൈവം നിങ്ങളെയാണു നിയോഗിച്ചിരിക്കുന്നതെന്ന്!

ലോകത്തിന്റെ ഉപ്പും വെളിച്ചവും! ഇതാണു നമ്മുടെ ഭാഗധേയം, ഇതാണു നമ്മുടെ പദവി... ഇതാണു നമ്മുടെ ജീവിതശൈലി!

യേശു തന്റെ ശിഷ്യന്മാരെ വിളിക്കുമ്പോൾ അവിടുന്നു പറഞ്ഞത്, "ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" (മത്തായി 4:19) എന്നായിരുന്നു. എന്നാൽ എങ്ങനെയാണു മീൻപിടിത്തക്കാരായ നിങ്ങൾ മനുഷ്യരെ പിടിക്കുന്നവരാകുന്നതു എന്നു അന്നു യേശു പറഞ്ഞില്ല. എന്നാൽ, ഇപ്പോൾ യേശു പറയുന്നു: ഭൂമിയുടെ ഉപ്പായിക്കൊണ്ടു, ലോകത്തിന്റെ വെളിച്ചമായിക്കൊണ്ടു നിങ്ങൾ നിങ്ങളെ ഉപദ്രവിക്കുന്നവരെ നേടും...

ഭൂമിയുടെ ഉപ്പാകുക എന്നു പറഞ്ഞുപോകാൻ എളുപ്പമാണ്. എന്നാൽ, ഉപ്പിന്റെ ഗുണവിശേഷങ്ങളറിയുമ്പോൾ ഉപ്പാവുക എന്നത് പ്രയോഗത്തിൽ പ്രയാസം കുറഞ്ഞതല്ല, മറിച്ച് കഠിനമാണ്

ഒന്നാമതു ഉപ്പ് രുചിവരുത്തുന്നതാണ്: "നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചിവരുത്തിയതും ആയിരിക്കട്ടെ" (കൊലോസ്യർ 4:6). നമ്മുടെ വാക്കു മാത്രമല്ല, ജീവിതവും എപ്പോഴും മറ്റുള്ളവർക്കു രുചിവരുത്തുന്നതായിരിക്കണം.'രുചിവരുത്തണം" എന്നതിനർഥം വാക്കുകൾ എപ്പോഴും മധുരതരമായിരിക്കണമെന്നല്ല. യേശു പറഞ്ഞത്, "നിങ്ങൾ ലോകത്തിന്റെ പഞ്ചസാരയാണെന്നല്ല... 'ഉപ്പാകുന്നു എന്നാണ്. നിങ്ങളുടെ വാക്കുകൾ 'കൃപ'യോടുകൂടിയതാവണം. 'ഉപ്പു'കൊണ്ട് (പഞ്ചസാരകൊണ്ടല്ല) രുചിവരുത്തിയതുമാവണം. *ഉപ്പ് മുറിവിൽ പുരണ്ടാൽ നീറ്റലുണ്ടാകും. എന്നാൽ ആ നീറ്റൽ മുറിവിനെ സുഖപ്പെടുത്തുന്നതാണ്. അല്ലാതെ മുറിവിനെ വ്രണമാക്കിത്തീർക്കാനല്ല.* 'കൃപ' മുറിവിനെ ആശ്വസിപ്പിക്കുന്നതോ പ്രീണിപ്പിക്കുന്നതോ അല്ല; പ്രത്യുത, അതിനെ സുഖപ്പെടുത്തുന്നതാണ്. നമ്മുടെ വാക്കുകൾ ബന്ധങ്ങളിലെ മുറിവുകളെ സുഖപ്പെടുത്തുന്നതാകണം; ബന്ധം പണിയുന്നതാകണം! "ഓരോരുത്തരോടും നിങ്ങൾ എങ്ങനെ ഉത്തരം പറയണമെന്നു അറിയണം" (കൊലൊസ്യർ 4:6–That you may know how you ought to answer each one!) അതിനാണു കൃപ.. തലോടൽ വേണ്ടിടത്തു തലോടൽ, ശാസന വേണ്ടിടത്തു ശാസന. തർജ്ജനം വേണ്ടിടത്തു തർജ്ജനം...

ദൈവിക ജീവൻ നഷ്ടപ്പെട്ട മനുഷ്യർ വഷളന്മാരായി മ്ളേച്ഛത പ്രവർത്തിച്ച് ചീഞ്ഞഴുകിക്കൊണ്ടിരിക്കുകയാണ്...ദൈവിക ജീവനു അന്യമായി ജീവിക്കുന്ന വഷളന്മാരുടെ ഈ ലോകത്തിലേക്കു ദൈവിക ജീവനുള്ള ശിഷ്യന്മാർ ഇറങ്ങിച്ചെന്നു അവർക്കു ജീവന്റെ ചൂടു നല്കി അവരുടെ വഷളത്വത്തിൽനിന്നു വിടുവിച്ച് ചീഞ്ഞുപോകാതെ ദൈവത്തിനുവേണ്ടി അതിനെ പരിരക്ഷിക്കുകയാണു ഒരു ക്രിസ്തു ശിഷ്യന്റെ ചുമതല.

രുചിവരുത്തുന്നതുപോലെതന്നെ ഉപ്പിന്റെ മറ്റൊരു ഉപയോഗം അതു ഭക്ഷണസാധനങ്ങൾ കേടുകൂടാതെ പരിരക്ഷിക്കുന്നതാണ്. വാസ്തവത്തിൽ ഉപ്പിന്റെ പരിരക്ഷണവിശേഷം (preserving quality) ആണ് ഈ വേദഭാഗത്ത് കൂടുതൽ പ്രസക്തം. റഫ്രിജേറേറ്റർ ഇല്ലാതിരുന്നകാലത്തു ഇറച്ചിയുമൊക്കെ ചീത്തയാകാതെ സൂക്ഷിച്ചിരുന്നതു ഉപ്പുപൊതിഞ്ഞാണ്.

മീനുംമറ്റും ചീഞ്ഞുപോകുന്നതു അതിനു ജീവനില്ലാഞ്ഞാണ്. ജീവനുള്ള മീനിനെ ഉപ്പിലിടേണ്ട കാര്യമില്ല. ദൈവിക ജീവൻ നഷ്ടപ്പെട്ട മനുഷ്യർ വഷളന്മാരായി മ്ളേച്ഛത പ്രവർത്തിച്ച് ചീഞ്ഞഴുകിക്കൊണ്ടിരിക്കുകയാണ്. യേശു പറയുന്നതു ദൈവിക ജീവനു അന്യമായി ജീവിക്കുന്ന വഷളന്മാരുടെ ഈ ലോകത്തിലേക്കു ദൈവിക ജീവനുള്ള ശിഷ്യന്മാർ ഇറങ്ങിച്ചെന്നു അവർക്കു ജീവന്റെ ചൂടു നല്കി അവരുടെ വഷളത്വത്തിൽനിന്നു വിടുവിച്ച് ചീഞ്ഞുപോകാതെ ദൈവത്തിനുവേണ്ടി അതിനെ പരിരക്ഷിക്കുകയാണു ഒരു ക്രിസ്തു ശിഷ്യന്റെ ചുമതല. അങ്ങനെയാണു അവൻ ഭൂമിയുടെ ഉപ്പാകുന്നത്!

ഉപ്പിന്റെ അടുത്ത ഉപയോഗം, അതു വൃക്ഷങ്ങൾക്കു വളമായുപയോഗിക്കുന്നുവെന്നതാണ്. ഉപ്പ് മണ്ണിലുള്ള സ്വാഭാവിക വളത്തെ വേർതിരിച്ച് വൃക്ഷത്തിനു വളരാനായി ഏല്പിച്ചുകൊടുക്കുന്നു. ക്രിസ്തുശിഷ്യനും ഇതുപോലെയാണ്. ദൈവം

ശേഷം പേജ് 29 ▶



ബാബു ചെറിയാൻ

സ്നേഹത്തിന്റെ ശക്തി

2020 ജൂലൈ 26 മലയാള മനോരമ ഞായറാഴ്ച സപ്ലിമെന്റിൽ ഒരു 80 വയസ്സുകാരിയുടെ കോരിത്തരിപ്പിക്കുന്ന ജീവിത കഥ വായിക്കാനിടയായി. 40 വർഷം മുമ്പ് ഒരു ദിവസം അവരുടെ സ്നേഹനിധിയായ ഭർത്താവ് വിജയനെ കാണാതായി. കൊല്ലം ജില്ലയിലെ അഞ്ചൽ ഏരൂർ പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസറായിരുന്നു വിജയൻ. സർവ്വത്ര ഉഴപ്പൻ ജീവനക്കാരെക്കൊണ്ട് ആകെ നശിച്ച ഒരു പഞ്ചായത്തായിരുന്നു ഏരൂർ പഞ്ചായത്ത് ഓഫീസ്. ജോലിയിൽ വളരെ കർക്കശക്കാരനായ ഇദ്ദേഹത്തെ ഈ ഓഫീസ് ഒന്നു നന്നാക്കി എടുക്കുക എന്ന ഉദ്ദേശ്യത്തോടെ ആയിരുന്നു ഇങ്ങോട്ടു സ്ഥലം മാറ്റിയത്. ഓഫീസ് സംബന്ധമായ പല കാര്യങ്ങളിലും കർശന അച്ചടക്കം കൊണ്ടു വരാൻ ശ്രമിച്ചതിനാൽ വിജയൻ ഓഫീസിൽ ഒറ്റപ്പെട്ടു എന്നു പറയാം.

ഏതായാലും വിജയന്റെ ജഡം പഞ്ചായത്തു കിണറ്റിൽ നിന്നു കിട്ടിയതറിഞ്ഞ് താര എന്ന നാല്പതുകാരി കുഞ്ഞു മക്കളെയും കൂട്ടി സ്ഥലത്തെത്തിയതോർമ്മയുണ്ട്. അവർ ബോധം കെട്ടുവീണു. പിന്നീട് ആ മാതാവ് ജീവിതത്തിലേക്കു തിരിച്ചുവന്നു. മക്കളെ പഠിപ്പിച്ചു. മൂന്നു പെൺമക്കളെ അദ്ധ്യാപകരാക്കി. ഒരു മോനുള്ളതിനെ ഹൈക്കോടതി വക്കീലുമാക്കി. 10 -ാം ക്ലാസ്സെങ്കിലും പാസ്സായാൽ ഭർത്താവിന്റെ ജോലി ലഭിക്കുമെന്നറിഞ്ഞതിനാൽ പഠിക്കാനുറച്ചു. അങ്ങനെ സ്വന്തം മകളുടെ ഒപ്പം പരീക്ഷ എഴുതി പത്താം ക്ലാസ്സിലെ സർട്ടിഫിക്കറ്റ് കരസ്ഥമാക്കി പഞ്ചായത്തിൽ ജോലിയും സമ്പാദിച്ചു.

40 വർഷത്തിനുശേഷം പത്രക്കാർ ഈ മാതാവിനെ ഇന്റർവ്യൂ ചെയ്യാനെത്തിയപ്പോൾ അഴിഞ്ഞു കിടക്കുന്ന മുടിയുമായി നിൽക്കുന്ന താര എന്ന 80 കാരിയെ കണ്ടു. എന്താ മുടി ഇങ്ങനെ കിടക്കുന്നത് എന്നു ചോദിച്ചപ്പോഴാണ് ആ സ്നേഹ പ്രതിജ്ഞയുടെ കഥ ചുരുളഴിയുന്നത്. എന്റെ വിജയേട്ടൻ ആത്മഹത്യ ചെയ്യില്ല; അദ്ദേഹത്തിന്റെ കൊലയാളികളെ കണ്ടെത്തണം. കിണറ്റിൽ നിന്നു ബോഡി കയറ്റിയപ്പോൾ ഉണ്ടായ ബോധക്ഷയത്തിൽ അഴിഞ്ഞു വീണ മുടിയാണ്. ഇനി ഞാൻ ആ മുടി കെട്ടിവെയ്ക്കണമെങ്കിൽ വിജയേട്ടന്റെ മരണത്തിനുത്തരവാദികളെ കണ്ടെത്തണം. അങ്ങു ഡൽഹി സുപ്രീം കോടതി വരെ പോയിട്ടും ഉത്തരം കിട്ടാത്ത ചോദ്യവുമായി ആ മാതാവ് 80 -ാം വയസ്സിൽ അഴിച്ചിട്ട മുടിയുമായി നിൽക്കുന്നു.

10-ാം ക്ലാസ്സെങ്കിലും പാസ്സായാൽ ഭർത്താവിന്റെ ജോലി ലഭിക്കുമെന്നറിഞ്ഞതിനാൽ പഠിക്കാനുറച്ചു. അങ്ങനെ സ്വന്തം മകളുടെ ഒപ്പം പരീക്ഷ എഴുതി പത്താം ക്ലാസ്സിലെ സർട്ടിഫിക്കറ്റ് കരസ്ഥമാക്കി പഞ്ചായത്തിൽ ജോലിയും സമ്പാദിച്ചു.

ഈ അമ്മയുടെ സ്നേഹവും ധൈര്യവും, ദൃഢ നിശ്ചയവും കണ്ടോ? ഒരു മകനുള്ളതിനെ ഹെക്കോടതി വക്കീലാക്കി. വയസ്സാം കാലത്ത് ആ അമ്മ പത്താം ക്ളാസ്സ് പഠിച്ച് പരീക്ഷ എഴുതി പാസ്സായി ഗവൺമെന്റു ജോലി സമ്പാദിച്ചു. മൂന്നു പെൺകുട്ടികളെ വഴി തെറ്റി പോകാതെ വളർത്തി സമൂഹത്തിൽ ഏറ്റം നല്ല ജോലിക്കാരാക്കി. എന്താണിവരുടെ പ്രചോദനം? ഭർത്താവിനോടുള്ള സ്നേഹം മാത്രം.

വിശുദ്ധ ബൈബിൾ ഇങ്ങനെ പറയുന്നു. നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇതിലൊക്കെയും പൂർണ്ണ ജയം പ്രാപിക്കുന്നു (റോമർ 8: 37). ഏതിലൊക്കെ? കഷ്ടത, സങ്കടം, നഗ്നത, ഉപദ്രവം, പട്ടിണി, ആപത്ത്, വാൾ .....ഇത്യാദി ചുരുക്കിപ്പറഞ്ഞാൽ സ്നേഹത്തേക്കാൾ ശക്തിയുള്ള യാതൊന്നുമില്ല. സ്നേഹത്താൽ നിറയപ്പെട്ടവനെ തടഞ്ഞു നിർത്താൻ ആർക്കും കഴിയില്ല.

സ്നേഹത്താൽ നിയന്ത്രിക്കപ്പെടുന്നവനാണ് യഥാർത്ഥത്തിൽ മിഷനറിയാവുന്നത്. 2 കൊരിന്ത്യർ 5:14 -ൽ പൗലൊസ് അപ്പൊസ്തലൻ പറയുന്നു; ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബ്ബന്ധിക്കുന്നു. P.O.C ബൈബിളിൽ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ ഉത്തേജിപ്പിക്കുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. ഉത്തേജക മരുന്ന് കഴിച്ച് ഓട്ട മത്സരത്തിൽ സമ്മാനം നേടിയ ഒരു മനുഷ്യനെ പിന്നീട് കുറ്റക്കാരനായി പ്രഖ്യാപിക്കുകയും ലഭിച്ച അവാർഡ് തിരികെ വാങ്ങുകയും ചെയ്തു. ഇവിടെ ഒരു സത്യം വെളിവാകുന്നു. *ഉത്തേജനം ലഭിച്ചാൽ നമുക്കുള്ള ശക്തിയേക്കാൾ കൂടുതൽ പ്രവർത്തിക്കുവാൻ കഴിയും.* ധനം കൊണ്ടും, മസിൽ പവ്വർ കൊണ്ടും നേടാൻ കഴിയാത്ത കാര്യങ്ങൾ സുവിശേഷകന്മാർ കരസ്ഥമാക്കിയിട്ടുണ്ട്. അതിന്റെ കാരണം ക്രിസ്തുവിനോടുള്ള സ്നേഹം മാത്രമാണ്. സ്നേഹത്തിന്റെ ഉത്തേജനം ലഭിച്ച ഒരാളെ ആർക്കും പിൻതിരിപ്പിക്കാൻ കഴിയുകയില്ല. ക്രിസ്തീയ സഭക്ക് വളമായിത്തീർന്നത് രക്തസാക്ഷികളുടെ രക്തമാണ്. *ഉപദ്രവിച്ചവരെ തിരിച്ചുപദ്രവിക്കാതെ സ്നേഹം കൊണ്ടു മാത്രം പ്രതികാരം ചെയ്ത ക്രിസ്തു സാക്ഷികൾ ഇന്നും മതങ്ങൾക്കും പാതാള ഗോപുരങ്ങൾക്കും പേടി സ്വപ്നമാണ്.* ■

സ്നേഹത്തേക്കാൾ ശക്തിയുള്ള യാതൊന്നുമില്ല. സ്നേഹത്താൽ നിറയപ്പെട്ടവനെ തടഞ്ഞു നിർത്താൻ ആർക്കും കഴിയില്ല. സ്നേഹത്താൽ നിയന്ത്രിക്കപ്പെടുന്നവനാണ് യഥാർത്ഥത്തിൽ മിഷനറിയാവുന്നത്.

വെയിലാറുന്ന നേരത്ത് ചില മിനിറ്റുകൾ തീരത്തുവന്നിരുന്നശേഷം മടങ്ങിപ്പോകുന്ന ഒരു സന്ദർശകനെപ്പോലെയല്ല ആഴിപ്പരപ്പിലൂടെ പടകിലേറി വല വീശി നീങ്ങുന്ന മുക്കുവൻ, അയാൾ പലനാഴിക തുഴഞ്ഞു നീങ്ങുമ്പോൾ ആഴങ്ങളിൽ നിന്നുള്ള മത്സ്യസമ്പത്തിനാൽ തന്റെ പടകുനിറയ്ക്കുകയാണ്. കുറെക്കൂടെ ആഴങ്ങളിൽ തെരയുന്നവർക്ക് ലഭിക്കുന്നത് വിലതീരാത്ത മുത്തുകളായിരിക്കും. ആഴിപ്പരപ്പിന്റെ ആകർഷണത്തേക്കാൾ എത്രയോ ശ്രേഷ്ഠമാണ് അതിന്റെ ആഴങ്ങളിലെ നിധി.

കെ. വി. ആർ



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

കഷ്ടം സഹിക്കാനുള്ള വരം

ഒരു പ്രത്യേക ഉദ്ദേശ്യത്തിനു വേണ്ടിയാണ് ഈ ലോകവും അതിലുള്ള തൊക്കെയും സൃഷ്ടിക്കപ്പെട്ടത്. ദൈവത്തിന്റെ ഗാംഭീര്യവും പ്രതാപവും വെളിപ്പെടുത്തുക എന്നതാണ് ആ ഉദ്ദേശ്യം. ദൈവത്തിന്റെ സ്വഭാവഗുണ വിശേഷങ്ങൾ പൂർണമായും അത്ഭുതാവഹമായും യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തിയിരിക്കുന്നു (സങ്കീർത്തനം 19). യേശുക്രിസ്തു ദൈവതേജസ്സിന്റെ പ്രഭയും ദൈവീക സത്തയുടെ മുദ്രയും ആകുന്നു (എബ്രായർ 1:3). മനുഷ്യനെ സംബന്ധിച്ചുള്ള ദൈവീക പദ്ധതിയുടെ പൂർണ്ണരൂപമായിരുന്നു യേശുവിന്റെ ജീവിതം. അതായതു ഒരു മനുഷ്യൻ എങ്ങനെ ജീവിക്കണമെന്ന് ദൈവം ആഗ്രഹിച്ചുവോ ആ ജീവിതം ക്രിസ്തു ജീവിച്ചു നമുക്ക് കാട്ടിത്തന്നു. ക്രിസ്തുവിനോട് അനുരൂപരായി തീരുവാൻ നാം ഞരങ്ങുന്നതുകൊണ്ട്, അതിനു നമ്മെ പ്രാപ്തമാക്കുംവണ്ണമാണ് നമ്മുടെ ആത്മിക ആവശ്യങ്ങൾ നമ്മിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. പാപത്തെ വെറുക്കുന്ന ക്രിസ്തുവിന്റെ പ്രകൃതം നമ്മിൽ ജയമെടുത്തു തുടങ്ങുമ്പോൾ നാം കാണുന്ന, നമ്മെ കാണുന്ന ചുറ്റുപാടുമുള്ള ആളുകളോടും, സാഹചര്യങ്ങളോടും പ്രശ്നങ്ങളോടും കരുണയും മനസ്സലിവും ഉള്ളവരായി പ്രതികരിക്കുവാൻ ഇടയാകും.

നമ്മുടെ ആത്മിക ജീവിതത്തിന്റെ വളർച്ചയുടെ ആദ്യ പടി ക്രിസ്തുവിന്റെ ഈ മനോഭാവത്തോടു താദാത്മ്യം പുലർത്തുന്നതായിരിക്കണം

ഉണർവ് ആരംഭിക്കുമ്പോൾ നാം എങ്ങനെയാണ് അത് തിരിച്ചറിയുക? നാം അന്വേഷിക്കുന്ന ഉണർവ് എവിടെ, എങ്ങിനെ, എപ്പോഴാണ് കാണപ്പെടുക? യൗവ്വനക്കാർ തുടങ്ങി വാർധക്യത്തിൽ വരെയുള്ള സ്ത്രീ പുരുഷന്മാർ ക്രിസ്തുവിനോട് അനുരൂപപ്പെട്ടു തുടങ്ങുമ്പോൾ, അവിടെ ഉണർവ് ആരംഭിക്കുന്നു. എനിക്ക് ക്രിസ്തുവിനോട് അനുരൂപപ്പെടണം എന്ന് ഞാൻ, എന്നെ സമർപ്പിക്കുമ്പോൾ എന്നിൽ ഉണർവ് ആരംഭിക്കുന്നു, തത്ഫലമായി ക്രിസ്തുവിന്റെ ദിവ്യസ്വഭാവം എന്നിലൂടെ വെളിപ്പെട്ടു മറ്റുള്ളവരിലേക്ക് പകരപ്പെടുന്നു. വ്യഭിചാരകർമ്മത്തിൽ പിടിക്കപ്പെട്ട സ്ത്രീയുമായി യേശുവിന്റെ അടുക്കൽ ജനം വന്നപ്പോൾ അവളെ കല്ലെറിഞ്ഞു കൊല്ലണം എന്ന മനോഭാവമായിരുന്നു എല്ലാവർക്കും. എന്നാൽ യേശുവിന്റെ മനോഭാവം അനുകമ്പാർദ്രമായിരുന്നു. നമ്മുടെ ആത്മിക ജീവിതത്തിന്റെ വളർച്ചയുടെ ആദ്യ പടി ക്രിസ്തുവിന്റെ ഈ മനോഭാവത്തോടു താദാത്മ്യം പുലർത്തുന്ന തായിരിക്കണം. *വീഴ്ച്ച ഭവിച്ചയാളോട് സ്വാഭാവികമായി നമ്മിൽ രോഷം ഉളവാകുമ്പോൾ ക്രിസ്തുവിൽ മനസ്സലിവാണ് ഉളവാകുക.* ആഴമേറിയ രൂപാന്തര അനുഭവത്തിലേക്ക്, വാസ്തവമായും ക്രിസ്തുവിനോട് അനുരൂപപെടുന്ന പ്രക്രിയയിലേക്ക് നടത്തപ്പെടുന്നതാണ് യഥാർഥ ഉണർവ്. പുത്രൻ എങ്കിലും യേശു അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായതുപോലെ,

ഉണർത്തപ്പെട്ട ഓരോ വ്യക്തിയും കഷ്ടങ്ങൾ സന്തോഷത്തോടെ സഹിച്ചുകൊണ്ട് യേശുവിനെ അനുസരിക്കുന്നത് ഒരു വരമായി അനുഭവം ആകുന്നതാണ് യഥാർത്ഥ ഉണർവ്. ഇടിവിൽ നിൽക്കുന്നതിലും, ദൈവീക ശുശ്രൂഷയിലും കഷ്ടം സഹിക്കുവാനുള്ള ആത്മാർത്ഥമായ മനോഭാവ മാണ് യഥാർത്ഥ ഉണർവ്.

'വരമോ?' നിങ്ങൾ ചോദിച്ചേക്കാം. അതേ, മനസ്സലിവിന്റെ ശുശ്രൂഷയിൽ, മുഖം തിരിച്ചു ഹൃദയം കൊട്ടിയടക്കാതെ, സ്വയം മുറിവേറ്റാലും ദൈവ സ്നേഹത്തിന്റെ കിരീടമണിഞ്ഞു കൊണ്ട്, ക്രിസ്തുവിന്റെ പാപവിമുക്തമാക്കുന്നതായ ശക്തി മുറിവേറ്റവനിലേക്കു പകരുന്നത് തീർച്ചയായും ഒരു വരദാനം തന്നെയാണ്. ഇടിവിൽ നിന്ന് നിരന്തര മായി പക്ഷവാദം ചെയ്യുന്ന ഒരു വ്യക്തി സർവ്വശ ക്തന്റെ കരങ്ങളെ ചലിപ്പിക്കുക തന്നെയാണ് ചെയ്യുന്നത്. ദൈവീക ശുശ്രൂഷയ്ക്ക് നിയോഗി ക്കപ്പെട്ടിരുന്ന പുരോഹിതനോ ലേവ്യനോ അല്ല, അതിനായി യാതൊരു നിയോഗവും ഇല്ലാതിരുന്ന ശമര്യക്കാരനാണ് മുറിവേറ്റവന് ഉപകാരിയായി രക്ഷകനായി മാറിയത്.

ശരീരത്തെ ശ്രദ്ധിക്കാതെ കർക്കശമായ സ്വയപീഡനം എന്ന ആശയമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. ക്രിസ്തുവിന്റെ കാൽചുവടുകളിൽ നടക്കുവാൻ നാം തീരുമാനിച്ചാൽ മുറിവേൽക്കു കയും അന്യായം സഹിക്കുകയും ചെയ്യുന്ന അനുഭവങ്ങളിൽ കൂടി പോകേണ്ടി വരും. ഇത്തരം സന്ദർഭങ്ങളോട് നാം എങ്ങനെ പ്രതികരിക്കുന്നു എന്നത് ആ സംഭവത്തിന്റെ ഗതിയെ നിയന്ത്രി ക്കുന്ന സുപ്രധാന ഘടകമായി മാറുന്നു. ക്രിസ്തു കടന്നുപോയതു പോലുള്ള ആക്ഷേപത്തിന്റെയും പരിഹാസത്തിന്റെയും നിന്ദയുടെയും അനുഭവ ങ്ങളിൽ കൂടി പോകേണ്ടി വന്നാൽ അവിടെ അതിനെ തരണം ചെയ്യുന്നതിനുള്ള പ്രാപ്തി നമുക്കുണ്ട് എന്ന് നാം കരുതിയേക്കാം. എന്നാൽ അത്തരം സന്ദർഭങ്ങളിലാണ് പലപ്പോഴും ദയനീ യമായി പരാജയപ്പെട്ടു നമ്മുടെ പരിമിതികളെ സ്വയം തിരിച്ചറിയുവാൻ ഇടയാകുന്നത്. ക്രിസ്തുവിന്റെ നിലവാരത്തിൽ എത്തുന്നതിനു തടസ്സമായി നിൽക്കുന്ന മാനുഷീക പരിമിതികളാണ് ഇവിടെ നമ്മിൽ വെളിപ്പെട്ടു വരുന്നത്.

യഥാർത്ഥമായ രൂപാന്തരം ആഗ്രഹിച്ചു സമർപ്പിച്ചു മുന്നേറുമ്പോൾ പാതയുടെ ഇടുക്കം വർധിച്ചു രൂക്ഷമായ പ്രതിസന്ധികൾ നേരിടേണ്ടി വന്നേക്കാം. യഥാർത്ഥത്തിൽ പല ക്രിസ്ത്യാനി

യേശുവിനോടു അനുരൂപരാകുക എന്ന നമ്മുടെ ലക്ഷ്യം പരാമർത്ഥമെങ്കിൽ അവിടുത്തെ കഷ്ടങ്ങളിൽ പങ്കാളികളായേ മതിയാവൂ.

കളും, മറ്റുള്ളവർ ദ്രോഹിക്കുകയോ മുറിവേൽ പ്പിക്കുകയോ ചെയ്യുമ്പോൾ ക്രിസ്തുവിന്റെ മനോഭാവത്തിന്റെ ഔന്നത്യത്തിൽ എത്താൻ കഴിയാതെ പരാജയപ്പെട്ടു വീണു പോകുന്നു. നിരാശരായി ചിലർ വിശ്വാസം വിട്ടു പോകുന്നു. തങ്ങളെത്തന്നെ ദാനമായി ദൈവത്തിനു സമർപ്പിച്ചപ്പോൾ സ്വസ്നേഹികളായ ചിലർ നിമിത്തം ഇടർച്ചയും നിരുത്സാഹവും ഉണ്ടായി മേലാൽ ഒരിക്കലും ശുശ്രൂഷയിൽ പങ്കാളിത്തം വഹിക്കില്ല എന്ന് ശപഥം ചെയ്യുന്നു. ദൗത്യ നിർവഹണത്തിൽ മനഃപ്പൂർവമായി തിരസ്കരി ക്കപ്പെടുമ്പോൾ ശുശ്രൂഷ നമുക്ക് തന്നെ ഇടർച്ചയായി അനുഭവപ്പെടുന്നു, വിശേഷാൽ നമ്മുടെ നല്ല അധ്വാനഫലത്തിനായി കാത്തിരിക്കു മ്പോൾ നിരാശയും ഇച്ഛാഭംഗവും വേദനാജനക വുമായ അവസ്ഥയിൽ കൊണ്ടെത്തിക്കുന്നു.

നാം ക്രിസ്തുവിനെ അനുഗമിക്കുമ്പോൾ അവിടുത്തെ കഷ്ടാനുഭവങ്ങളിൽ താദാത്മ്യം പ്രാപിക്കുവാൻ ഏതെങ്കിലും വിധത്തിൽ മുറിവേൽക്കേണ്ടത് അനിവാര്യമാണ്. കാരണം ക്രൂശില്ലാതെ കിരീടമില്ലല്ലോ! കണ്ടാൽ ആളല്ല എന്നും, അവന്റെ ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും തോന്നുമാറ് യേശു നമുക്ക് വേണ്ടി വിരൂപമാക്കപ്പെട്ടു (യെശയ്യാവ് 52:14). നമുക്ക് വേണ്ടി ചാട്ടവാറടിയും മുറിവും (സെഖര്യാവ് 13 :6) യേശു സഹിച്ചു. യേശുവിനോടു അനുരൂപരാകുക എന്ന നമ്മുടെ ലക്ഷ്യം പരാമർത്ഥമെങ്കിൽ അവിടുത്തെ കഷ്ടങ്ങളിൽ പങ്കാളികളായേ മതിയാവൂ. അല്ലാതെ ദൈവ സ്നേഹം എങ്ങനെ നമ്മിൽ പൂർത്തീകരിക്കും? നാം ജാഗ്രതയോടെ കാണേണ്ട ഒരു വിഷയം ഉണ്ട്. ഒന്നുകിൽ നാം ക്രിസ്തുവിനെ പോലെ നമ്മെ വേദനിപ്പിച്ചവരോട് ക്ഷമിക്കും. അല്ലെങ്കിൽ, വേദനയുടെയും വേദനിപ്പിച്ചവരുടെയും ഓർമകളും പേറി ആത്മികത, വെറുപ്പിന്റെയും വിദ്വേഷത്തി ന്റെയും പാതയിൽ, കപടഭക്തിയായി പരിണമിപ്പി ക്കും.

ക്ഷമിക്കുന്നതു സമ്പൂർണമായി മറക്കുക തന്നെ ചെയ്യണം. മറ്റുള്ളവർ ജീവിതത്തിൽ ഏൽപ്പിക്കുന്ന മുറിവുകൾ ദൈവത്തിനു മാത്രമേ ഉണക്കുവാൻ കഴിയൂ. ക്രിസ്തു നമ്മിൽ വസിക്കുമ്പോഴാണ് ഇത് സാധ്യമാകുന്നത്. ▪



ചെയ്സ് ജോസഫ്

കൃപയാൽ അസ്തമിക്കുന്ന പെരുകുന്ന പാപം

വേദശാസ്ത്രപരമായി വളരെ പ്രാധാന്യമുള്ളതും, ദൈവ കൃപയാൽ അല്ലാതെ മനസ്സിലാക്കാൻ കഴിയാത്തതുമായ ഏതാനും അദ്ധ്യായങ്ങൾ ആണ് ഇനി നമ്മുടെ മുൻപിൽ ഉള്ളത്. കഴിഞ്ഞ അധ്യായത്തിൽ നാം കണ്ടത് ന്യായപ്രമാണവും പാപവും കൃപയും തമ്മിലുള്ള ബന്ധമാണ്. ഇത് നമുക്ക് ഒരു ചെറിയ ഉദാഹരണത്തിലൂടെ മനസ്സിലാക്കാൻ ശ്രമിക്കാം.

നിങ്ങൾക്ക് ഒരു ചെറിയ തലവേദന അനുഭവപ്പെടുന്നു എന്നിരിക്കട്ടെ. അത് മാറാൻ പലരും പല വഴികളും ഉപദേശിച്ചേക്കാം. ചിലർ പറയും, വെയിലത്ത് വളരെ അധ്വാനിച്ചതു കൊണ്ടാവാം... ഇത്തിരി വിശ്രമിച്ചാൽ മതി. ചിലർ പറയും, 'ശരീരത്തിൽ വെള്ളം കുറയുന്നത് കൊണ്ടാണ്. നല്ലതു പോലെ വെള്ളം കുടിച്ചാൽ മതി'. വേറെ ചിലർ ചില നിസ്സാര മരുന്നുകൾ പറഞ്ഞു തന്നേക്കാം. അങ്ങനെ നമ്മുടെ പാപങ്ങൾക്ക് പല പ്രതിവിധികൾ മതങ്ങളും ആളുകളും നിർദ്ദേശിച്ചേക്കാം. അതൊക്കെ ഒരു പക്ഷെ നമ്മുടെ ശരിയായ രോഗത്തെക്കുറിച്ച് അവബോധമില്ലാതെ ആണ് പരാമർശിക്കപ്പെടുന്നത്. ആ തലവേദന ആണ് നമ്മുടെ പാപം എന്ന് വിചാരിക്കൂ. മാനുഷികമായ പല പരിഹാരങ്ങളും കേട്ട് നാം താത്കാലിക ശമനങ്ങൾ വരുത്തുന്നു.

അവിടെ ആണ് നിയമത്തിന്റെ പ്രസക്തി. എന്താണ് ന്യായപ്രമാണം ചെയ്യുന്നത്? അത് ഒരു ആഴമായ രോഗനിർണ്ണയം ആണ് നടത്തുന്നത്. നമ്മെ തകർത്തുകളയുന്ന ഒരു വാർത്ത ആണ് ന്യായപ്രമാണത്തിനു നമ്മോടു പറയാൻ ഉള്ളത്. നമ്മുടെ പാപങ്ങൾ പുറത്തു കാണുന്ന ആ തലവേദന അല്ല. ന്യായപ്രമാണത്തിന്റെ രോഗനിർണ്ണയത്തോടെ അത് വല്ലാതെ പെരുകി കാണുന്നു.അതോടെ വെള്ളം കുടിച്ചും വിശ്രമിച്ചും ചെറിയ മരുന്നുകൾ കഴിച്ചും ഒക്കെ പരിഹരിക്കാൻ നാം ശ്രമിച്ചു കൊണ്ടിരുന്ന, നിസ്സാരം എന്ന് കരുതി പോന്ന ഒരു രോഗം നമ്മേക്കാൾ വളർന്നിരിക്കുന്നു. നമ്മുടെ കഴിവിന് അപ്പുറത്തേയ്ക്ക്, നമ്മുടെ ആശ്വാസത്തിന് അപ്പുറത്തേയ്ക്ക് അത് പെരുകിയിരിക്കുന്നു.

നിശിതമായ ഒരു വിധി ആണ് ന്യായപ്രമാണത്തിനു പറയാൻ ഉള്ളത്. നാം എല്ലാവരും പാപത്തിൽ മരിക്കും. രക്ഷപെടാൻ സാധിക്കില്ല എന്ന് ഉള്ള കഠിനമായ വാർത്ത ആണ് അത്. ഇവിടെയാണ് കൃപ പ്രവർത്തിക്കുന്നത്. എത്ര വേദനിപ്പിക്കുന്ന രോഗനിർണ്ണയം ആണോ നമുക്ക് ലഭിച്ചിരിക്കുന്നത്, അത്രയും ആഴമായ കൃപയാൽ ആണ് നാം വീണ്ടെടുക്കപ്പെടുന്നത്. ഇത് എത്രയോ ആശ്വസിപ്പിക്കുന്ന ഒരു സത്യമാണ്. ദൈവത്തിന്റെ മുൻപിൽ തകർന്ന മനസ്സാക്ഷി ഉണ്ടാവാൻ, നിസ്സഹായതയോടെ അവനെ മാത്രം ആശ്രയിക്കാൻ നമ്മെ സഹായിക്കുന്നത് ന്യായപ്രമാണത്തിന്റെ കർശനമായ വിധികൾ ആണ്. അത് സത്യവും ഒരിക്കലും മാറാത്തതും ആണ്.

ഇത് പറയുമ്പോൾ പൗലോസിന് അറിയാം ഒരിക്കൽ കുബുദ്ധികൾ, വഞ്ചകർ, അത് ദുർവ്യാഖ്യാനം ചെയ്തു പ്രചരിപ്പിക്കുകയും ചെയ്യും എന്ന്. അതുകൊണ്ട് ആറാം അധ്യായം തുടങ്ങുമ്പോൾ നാം കാണുന്നത് പൗലോസ് വെപ്രാളത്തോടെ, തിടുക്കത്തിൽ നടത്തുന്നു എന്ന് തോന്നിപ്പിക്കാവുന്ന ഒരു വാക്യമാണ്.

ഒന്നാം വാക്യം: കൃപ പേരുകേൾക്കുന്നതിന് പാപം ചെയ്തുകൊണ്ടിരിക്കുക എന്നോ? ഒരു നാളും അരുത്.

പാപം ചെയ്തു പെരുകുമ്പോൾ അല്ല കൃപ പെരുകുന്നത്. ഈ കഴിഞ്ഞ ദിവസങ്ങളിലെ കോവിഡ് കണക്കുകൾ ഒന്ന് ശ്രദ്ധിച്ചാൽ നമുക്ക് ഈ വാക്യങ്ങൾ കുറച്ചു കൂടെ മനസ്സിലാവും. ഒരു ദിവസം പെട്ടെന്ന് രോഗികളുടെ എണ്ണം രണ്ടായിരത്തിൽ അധികം ആവുന്നു. രോഗികൾ പെരുകിയത് ആണെന്നു വിചാരിച്ചു നാം ആശങ്കപ്പെടുന്നു. എന്നാൽ എന്താണ് സംഭവിച്ചത്. തലേദിവസം പരിശോധിച്ചതിനേക്കാൾ പതി

നായിരം പരിശോധനകൾ അന്ന് കൂടുതൽ നടന്നിട്ടുണ്ട്. അത് കൊണ്ടാണ് രോഗികൾ അന്ന് പെരുകി എന്നു കണ്ടത്. ഇനിയും പരിശോധന കൂട്ടിയാൽ രോഗികളുടെ എണ്ണം പിന്നെയും പെരുകും. അതുപോലെ തന്നെ കർശനമായ പരിശോധനകളിലൂടെ ആണ് നമ്മുടെ പാപം പെരുകിയത്. അത് നമ്മെ ദൈവ കൃപയിൽ ആശ്രയിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

കൃപ എങ്ങനെ ആണ് പെരുകിയത്? അത് ന്യായപ്രമാണത്തിലൂടെ അല്ല, ക്രൂശിലൂടെ ആണ്. അതാണ് നമ്മെ പാപസംബന്ധമായി മരിപ്പിച്ചത്.

രണ്ടാം വാക്യം: പാപസംബന്ധമായി മരിച്ചവർ ആയ നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ?

ഇനി പാപത്തിൽ ജീവിക്കാൻ നമുക്കു കഴിയില്ല എന്ന് പൗലോസ് പറയുന്നു. കാരണം കൃപ നമ്മെ ക്രിസ്തുവിന്റെ മരണത്തോട് അനുരൂപരാക്കുകയും പാപത്തിന്റെ ഉറവിടമായ പഴയ ജഡത്തെ ക്രൂശിക്കുകയും ചെയ്തു. ഇത് നമുക്കു പാപത്തിന്റെ അടിമത്തത്തിൽ നിന്നും സ്വാതന്ത്ര്യം തന്നു. ഈ രണ്ടാമത്തെ വാക്യം പലപ്പോഴും വിശ്വാസിയെ ഭയപ്പെടുത്തിയേക്കാം. കാരണം നമ്മുടെ ഹൃദയങ്ങളിൽ എഴുതിയിരിക്കുന്ന ദൈവത്തിന്റെ പ്രമാണം നമ്മെ വീണ്ടും വീണ്ടും നമ്മുടെ പാപങ്ങൾ നമുക്ക് കാണിച്ചു തന്നേക്കാം. പല വിശ്വാസികളും അതുകൊണ്ട് തന്നെ നിരാശരും മുൻപോട്ടു ഓടുവാൻ ശക്തിയില്ലാത്തവരും ആയിരിക്കുന്നു. പാപത്തോടുള്ള പോരാട്ടം മരണം വരെ ആണ്. എന്നാൽ നാം പാപസംബന്ധമായി മരിച്ചിരിക്കുന്നു എന്നും അതേ ശ്വാസത്തിൽ നാം വായിക്കുന്നു. ഇതെങ്ങനെ ആണ് ഒത്തു പോകുന്നത്? നാം യാഥാർത്ഥത്തിൽ പാപസംബന്ധമായി മരിച്ചോ? പാപത്തോടുള്ള യുദ്ധം അതുകൊണ്ട് തന്നെ അവസാനിച്ചോ?


ഇത് വിശുദ്ധീകരണം ആഗ്രഹിക്കുന്ന വിശ്വാസികളെ തകർത്തു കളയുന്ന ഒരു വൈരുധ്യമായി നമുക്ക് അനുഭവപ്പെട്ടേക്കാം. പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ? ഈ വൈരുധ്യത്തിന്റെ ഉത്തരം ആണ് പൗലോസ് ഈ മൂന്നു അധ്യായങ്ങളിലൂടെ വിവരിക്കുന്നത്.

മൂന്നാം വാക്യം:എങ്ങനെ ആണ് നാം പാപത്തിന്റെ അടിമത്തത്തിൽ നിന്ന് കൃപയാൽ രക്ഷപെട്ടത്. യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികൾ ആകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? പാപത്തെ ന്യായീകരിക്കുന്നവരോട് പൗലോസിന്റെ ചോദ്യം. നിങ്ങൾ ഒരു മരണത്തിൽ പങ്കാളി ആയ കാര്യം നിങ്ങൾ അറിഞ്ഞില്ലേ. യേശുവിന്റെ കൂടെ ഉള്ള ഒരു മരണത്തിൽ നിങ്ങൾ അവനോടു ചേർന്നിട്ടുണ്ട്. പാപസംബന്ധമായ ആ മരണം ആണ് നമ്മെ യേശുവിനോടു ചേർക്കുന്നത്. യേശുക്രിസ്തുവിന്റെ മരണത്തിൽ ഉള്ള പങ്കാളിത്തം നമ്മെ പഠിപ്പിക്കുന്നത് വിലയേറിയ വേദശാസ്ത്ര സത്യങ്ങൾ ആണ്.

ഒന്ന്, പാപ സംബന്ധമായ നമ്മുടെ മരണം നടന്നു കഴിഞ്ഞു എന്നുള്ളതാണ്. അത് നടന്നത് കാൽവറി ക്രൂശിൽ ആണ്. ക്രിസ്തു ഇന്ന് നമ്മോടൊപ്പം ക്രൂശിക്കപ്പെട്ടു നമ്മെ രക്ഷിക്കുകയല്ല, പിന്നെയോ രണ്ടായിരം വർഷങ്ങൾക്കു മുൻപ് യേശു നമുക്കായി യാഗം ആയപ്പോൾ അവൻ നമ്മെയും ആ ക്രൂശിൽ ചേർക്കുക ആയിരുന്നു. വിശ്വാസം അല്ല നമ്മുടെ പാപസംബന്ധമായ മരണത്തിനു കാരണം. നാം വിശ്വസിക്കുന്നതിനും ജനിക്കുന്നതിനും മുൻപ് തന്നെ ദൈവം നമ്മുടെ രക്ഷയ്ക്കായി സ്വന്തം പുത്രനെ യാഗം ആകാൻ അനുവദിച്ചിരുന്നു. ഈ രക്ഷയെ നാം വിശ്വാസത്താൽ അവകാശം ആക്കുക ആണ് ഇപ്പോൾ ചെയ്യുന്നത്. വിശ്വാസം രക്ഷയെ ഉളവാക്കുക അല്ല, പിന്നെയോ അത് നമുക്ക് എത്തിച്ചു തരികയാണ്.

അത് കൊണ്ടാണ് ദൈവം നമുക്കുവേണ്ടി ഒരുക്കിയത് ഒരു ബുദ്ധിക്കും മനസ്സിലാകാത്തതും ഒരു കണ്ണ് കൊണ്ടും കാണാൻ പറ്റാത്തതും ആണെന്ന് വചനം പറയുന്നത്. രക്ഷ പൂർണ്ണമായും ദൈവത്തിന്റെ ദാനം ആണ്. അത് തുടങ്ങുന്നതും നമ്മെ അതിൽ പങ്കാളികൾ ആക്കുന്നതും ദൈവത്തിന്റെ കൃപയാൽ ആണ്. നാം സ്നാനപ്പെടുമ്പോൾ ഈ ദൈവീക ദാനത്തിനു നന്ദി പറയുകയാണ്. യേശുവിന്റെ മരണത്തിൽ അവൻ എന്നെ പങ്കാളി ആക്കി എന്ന വലിയ കൃപയെ ആഘോഷിക്കുകയാണ്. അവന്റെ മരണത്തിൽ എന്റെ പഴയ മനുഷ്യൻ, കൈകളാൽ അല്ലാത്ത ഒരു പരിച്ഛേദനയാൽ എടുത്തു മാറ്റപ്പെട്ടതു ആണ് സ്നാനത്തിൽ ഞാൻ ഏറ്റു പറയുന്നത്.

പാപ സംബന്ധമായ എന്റെ മരണം ഞാൻ വിശ്വസിക്കുന്നു. അവന്റെ മരണത്തോട് ഞാൻ അനുരൂപപ്പെടുന്നു. അത് പാപത്തിന്റെ അടിമ അല്ലാതെ ജീവന്റെ പങ്കാളിത്തത്തിൽ ഞാൻ നടക്കേണ്ടതിനാണ്. വിശ്വാസജീവിതം എന്നത് ഈ ദൈവീക ജീവന്റെ അനുഭവം ആണ്. ■





ഡോ. സജികുമാർ കെ. പി.

വ്യക്തിത്വ വികസനത്തിലേക്കുള്ള ദൈവീക പടികൾ

യേശുവിനെ അനുഗമിക്കുന്ന വ്യക്തി എന്ന നിലയിൽ നാം മറ്റുള്ളവരോട് ഇടപെടുമ്പോൾ നാം നമ്മെക്കുറിച്ചുതന്നെ എന്തു ചിന്തിക്കുന്നു എന്നത് വളരെ പ്രസക്തമാണ്. മറ്റേതൊരു വികാരത്തേക്കാളും ഉപരി നാം നമ്മെക്കുറിച്ചു തന്നെ എന്തു വില മതിക്കുന്നു എന്നുള്ളതാണ് നമ്മുടെ സന്തോഷത്തിനും വിജയത്തിനും നിദാനമായിരിക്കുന്നത്. *ഞാൻ മറ്റുള്ളവരാൽ സ്നേഹിക്കപ്പെടുവാൻ യോഗ്യതയുള്ള വ്യക്തിയാണ് എന്നും മറ്റുള്ളവരോട് കിടപിടിക്കത്തക്ക കഴിവുകൾ എന്നിലും ഉണ്ട് എന്നുമുള്ള ധാരണയാണ് ആത്മവിശ്വാസത്തിന്റെ കാതലായ കാര്യം.* ആത്മവിശ്വാസം ചോർന്നുപോയ ഒരാൾക്ക് മറ്റുള്ളവർ തന്നെ സ്നേഹിക്കുന്നില്ലെന്നും ലോകത്തിലെ ഒട്ടുമിക്ക ആളുകളും തന്നെ നോവിക്കുന്നവരാണെന്നും തോന്നുക സ്വാഭാവികമാണ്.

നാം ചെയ്തെടുക്കുന്ന ഏതൊരു കാര്യത്തിനും മറ്റുള്ളവരുടെ അംഗീകാരവും പ്രശംസയും നാമാഗ്രഹിക്കും. അതോടുകൂടെത്തന്നെ ഏതൊരു പ്രവർത്തിക്കു ശേഷവും നാം നമ്മെത്തന്നെ വിലയിരുത്താറുണ്ട്. മറ്റുള്ളവരുടെ വിമർശനങ്ങൾ തുറന്ന മനസ്സോടെ സ്വീകരിക്കുവാൻ കഴിയുകയും അപവാദങ്ങൾക്കും തരം താഴ്ത്തലുകൾക്കും മുമ്പിൽ തകർന്നു പോകാതിരിക്കുവാൻ കഴിയുക എന്നതും ഒരു ദൈവ പൈതലിന്റെ ആരോഗ്യമുള്ള വ്യക്തിത്വത്തിന്റെ ലക്ഷണങ്ങളാണ്.

മറ്റുള്ളവരുടെ വിമർശനങ്ങൾ തുറന്ന മനസ്സോടെ സ്വീകരിക്കുവാൻ കഴിയുകയും അപവാദങ്ങൾക്കും തരം താഴ്ത്തലുകൾക്കും മുമ്പിൽ തകർന്നു പോകാതിരിക്കുവാൻ കഴിയുക എന്നതും ഒരു ദൈവ പൈതലിന്റെ ആരോഗ്യമുള്ള വ്യക്തിത്വത്തിന്റെ ലക്ഷണങ്ങളാണ്.

ആത്മവിശ്വാസം നഷ്ടപ്പെട്ടുപോയവർ സ്വയം ഉൾവലിയുന്നവരും അധികാരത്തിലിരിക്കുന്നവരെ അമിതമായി ഭയപ്പെടുന്നവരുമായിരിക്കും. സ്വന്തനേട്ടങ്ങളെക്കുറിച്ച് അഭിമാനം കൊള്ളുവാൻ അവർക്ക് കഴിയുകയില്ല. സത്യം സത്യമായി പറഞ്ഞാൽ ഒരു വഴക്കുണ്ടായേക്കാവുന്ന സാഹചര്യത്തിൽ വഴക്കൊഴിവാക്കാൻ അവർ സത്യത്തിനു പകരം നുണ പറയും. എപ്പോഴും അവർ പലതിനെക്കുറിച്ചും വ്യാകുലപ്പെടുന്നവരും സ്വയം പഴിക്കുന്നവരുമായിരിക്കും.

ശാരീരികമായും മാനസികമായും ഉപദ്രവിക്കപ്പെട്ടുകൊണ്ടേയിരിക്കുന്ന കുഞ്ഞുങ്ങൾ, അമിതമായി വിമർശനങ്ങൾ മാത്രം മാതാപിതാക്കളിൽ നിന്നും

കേൾക്കേണ്ടിവരുന്ന കുഞ്ഞുങ്ങൾ, വിവാഹ മോചനം നേടിയ മാതാപിതാക്കളുടെ മക്കൾ; ചെറുപ്പത്തിൽത്തന്നെ അനാഥരായവർ എന്നിവരിലൊക്കെ ആത്മവിശ്വാസക്കുറവ് കാണുക സ്വാഭാവികമാണ്. സ്നേഹം, സന്തോഷം, ദു:ഖം, കോപം എന്നിങ്ങനെയൊക്കെയുള്ള വികാരങ്ങൾ ആരോഗ്യകരമായി പ്രകടിപ്പിക്കുവാൻ അനുവാദമില്ലാത്ത സാഹചര്യങ്ങൾ നമ്മുടെ വ്യക്തിത്വത്തെ ദോഷമായി ബാധിക്കാം. മറ്റുള്ളവരോട് തോന്നുന്ന ദേഷ്യവും വിഷമവും തുറന്നു പറയാതെ മനസ്സിൽ സൂക്ഷിച്ചു വയ്ക്കുന്നവർ അവസാനം അതുകൊണ്ടു തന്നെ ക്ളേശങ്ങളിൽ അകപ്പെടുക സ്വാഭാവികമാണ്. ആരോഗ്യകരമായ ആത്മീയ ജീവിതത്തിന് ആരോഗ്യമുള്ള വ്യക്തിത്വം കൂടിയേ തീരൂ. നിയന്ത്രിക്കുവാൻ കഴിയാത്തതെന്നും മാറ്റുവാൻ അസാധ്യമായതെന്നും തോന്നുന്ന ജീവിത രീതികളെ പുന:പരിശോധിക്കുക എന്നതാണ് ആരോഗ്യമുള്ള വ്യക്തിത്വത്തിലേക്കുള്ള പ്രധാന പടി.

ആരോഗ്യകരമായ വ്യക്തിത്വ വികസനം നേടിയവർ നേതൃത്വ ഗുണമുള്ളവരും മറ്റുള്ളവരോട് ഇടപെടുന്നതിൽ നിപുണത നേടിയവരുമാണ്. മറ്റുള്ളവരിൽ മിതമായി ആശ്രയിക്കുന്നവരും ആവശ്യഘട്ടങ്ങളിൽ മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ചോദിക്കുന്നവരുമാണ്. എങ്കിലും സ്വയം സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അവർക്ക് പക്വതയുണ്ട്. മറ്റുള്ളവരുടെ വികാരങ്ങൾ തിരിച്ചറിഞ്ഞ് വിവിധ സാഹചര്യങ്ങളോടു പൊരുത്തപ്പെടുവാൻ അവർക്കു കഴിയും. സ്വന്തം കഴിവുകളെ തിരിച്ചറിയുവാനും അതിൽ അടിസ്ഥാനപ്പെട്ട് ഭാവിയെ മുൻ കാണുവാനും അവർക്ക് സാധിക്കും.

സ്വന്തം പ്രവർത്തികളുടെ അനന്തരഫലങ്ങളെ, അത് നല്ലതായാലും തീയതായാലും അംഗീകരിക്കുവാൻ അവർക്കു കഴിയും. സ്വന്തം പ്രവർത്തി പരാജയത്തിൽ കലാശിച്ചാൽ അത് മറ്റുള്ളവരുടെ ദോഷം കൊണ്ടാണ് എന്നു വിധിയെഴുതാതെ സ്വയം ഉത്തരവാദിത്വം അംഗീകരിക്കുകയും മാറ്റങ്ങളെ ഉൾക്കൊള്ളുവാൻ തയ്യാറാവുകയും ചെയ്യും.

വീമ്പും അഹന്തയും സ്വയപ്രശംസയും പറയുന്നത് നിയന്ത്രിച്ചില്ലെങ്കിൽ നിയന്ത്രണാതീത സ്വഭാവരീതിയായി മാറുക തന്നെ ചെയ്യും. ഉദാഹരണത്തിന് ചിലർ പറയും,'ഞാൻ ആയിരുന്നതുകൊണ്ട് അപകടമുണ്ടാകാതെ സൂക്ഷിക്കുവാൻ കഴിഞ്ഞു'. മറ്റു ചിലർ പറയും, 'ഞാൻ ആയിട്ടുപോലും പിടിയിൽ നിന്നില്ല'. ഇത്തരം പെരുമ പറയുന്ന സ്വഭാവം വേരുറച്ചു കഴിഞ്ഞാൽ 'വീഴ്ചയ്ക്കു മുമ്പേ ഉന്നത ഭാവം' എന്ന അപകടകരമായ നിലയിൽ എത്തിച്ചേരുന്നു. ഇത് ദൈവത്തിലാശ്രയിച്ച് വേരോടെ പിഴുതുകളയേണ്ടത് അനിവാര്യമാണ്. അത് എങ്ങനെയെന്ന് നോക്കാം.

മറ്റുള്ളവരോട് തോന്നുന്ന ദേഷ്യവും വിഷമവും തുറന്നു പറയാതെ മനസ്സിൽ സൂക്ഷിച്ചു വയ്ക്കുന്നവർ അവസാനം അതുകൊണ്ടു തന്നെ ക്ളേശങ്ങളിൽ അകപ്പെടുക സ്വാഭാവികമാണ്. ആരോഗ്യകരമായ ആത്മീയ ജീവിതത്തിന് ആരോഗ്യമുള്ള വ്യക്തിത്വം കൂടിയേ തീരൂ. നിയന്ത്രിക്കുവാൻ കഴിയാത്തതെന്നും മാറ്റുവാൻ അസാധ്യമായതെന്നും തോന്നുന്ന ജീവിത രീതികളെ പുന: പരിശോധിക്കുക എന്നതാണ് ആരോഗ്യമുള്ള വ്യക്തിത്വത്തിലേക്കുള്ള പ്രധാന പടി.

നിയന്ത്രണാതീത സ്വഭാവരീതികളെ അങ്ങനെ ഉണ്ടെന്ന് അംഗീകരിക്കുക എന്നതാണ് വിജയത്തിലേക്കുള്ള ഒന്നാമത്തെ പടി. നമ്മുടെ ശക്തിയേക്കാൾ ഉന്നതമായ ദൈവീക ശക്തിയാൽ സ്വഭാവ രീതികളിൽ വ്യതിയാനം വരുത്തുവാൻ കഴിയും എന്നു വിശ്വസിക്കുക. സ്വന്ത ഇഷ്ടങ്ങളും ജീവിതവും ദൈവത്തിന്റെ സൗഖ്യമാക്കുന്ന കൃപയ്ക്കു മുന്നിൽ ഏല്പിക്കുക. നമ്മുടെ കഴിവുകളുടെ ഒരു പട്ടിക തയ്യാറാക്കുക. അതോടുകൂടെ ബലഹീനതകൾ എന്ന് ചിന്തിക്കുന്നവയുടെ ഒരു പട്ടികയും ഉണ്ടാക്കുക. അവയെ സ്വയം അംഗീകരിക്കുക.

എന്നിട്ട് സ്വാഭവത്തിലെ ന്യൂന വശങ്ങളെ നീക്കിക്കളയുവാൻ എന്തെല്ലാം മാറ്റങ്ങൾ ജീവിത രീതിയിൽ കൊണ്ടുവരാം എന്ന് ചിന്തിക്കുക. അതിനായി ദൈവത്തോട് പ്രാർത്ഥിക്കുക. സ്ഥിരമായി ദൈവവുമായി സംസർഗ്ഗം നടത്തുകയും പരിശുദ്ധാത്മാവിന് നമ്മോട് സംസാരിക്കുവാൻ അവസരം നൽകുകയും ചെയ്യുക. അന്യോന്യം എല്ലാവർക്കും എപ്പോഴും നന്മ ചെയ്യുക എല്ലായ്പ്പോഴും നന്ദിയും സ്തോത്രവും അർപ്പിക്കുക

സ്വഭാവ രീതികളിൽ പ്രതിഫലിക്കുന്ന ശിഷ്യത്വശ്രേഷ്ടത ലോകം നമ്മിൽ കാണട്ടെ. ആരോഗ്യമുള്ള വ്യക്തിത്വം വളർത്തിയെടുക്കാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. ■



പി.വി.വർഗീസ്

അന്യോന്യം അംഗീകരിക്കുക

അതുകൊണ്ടു ക്രിസ്തു ദൈവത്തിന്റെ മഹത്വത്തിനായി നിങ്ങളെ കൈക്കൊണ്ടതു പോലെ നിങ്ങളും അന്യോന്യം കൈക്കൊൾവിൻ. (റോമർ 15 :7).

ഈ വചന സത്യം ലോകത്തിലെ ജാതി വ്യവസ്ഥിതിയെ കിഴ്മേൽ മറിച്ച ക്രിസ്തുവിന്റെ മനോഭാവത്തെ കാണിക്കുന്നു. പദവിയോ യോഗ്യതയോ സ്ഥാനമോ മാനമോ വർണ്ണമോ വർഗ്ഗമോ പേരോ പെരുമയോ കുലമോ ഒന്നും പരിഗണിക്കാതെ ദൈവമക്കൾ അന്യോന്യം അംഗീകരിച്ചു കൂട്ടായ്മ ആചരിക്കണം. ഭൂതലം മുഴുവൻ നിറയുവാൻ ദൈവം സകല ജനതതികളെയും ആദം എന്ന ഒരുവനിൽ നിന്ന് ഉളവാക്കി. അവരുടെ അധിവാസത്തിനു നിശ്ചിത കാലഘട്ടങ്ങളും അതിർത്തികളും നിർണ്ണയിച്ചു കൊടുത്തു. അപ്പോസ്തല പ്രവർത്തികൾ 17 :26 ൽ തിരുവെഴുത്തു ഈ സത്യം വെളിപ്പെടുത്തുന്നു. ഒരൊറ്റ വ്യക്തിയുടെ സന്തതി പരമ്പരകളാണ് മുഴു ലോകത്തിലെയും മുഴുവൻ ജനങ്ങളും. വാസ്തവം ഇതായിരിക്കെ വിവിധ ജാതിമത വർണ്ണവർഗ്ഗങ്ങൾ മനുഷ്യ നിർമ്മിതമാണെന്നു വ്യക്തമല്ലേ? ഉച്ചനീചത്വങ്ങൾ മനുഷ്യനുണ്ടാക്കിയതും വചന വിരുദ്ധവുമാണ്. ഉന്നത കുലത്തിൽ പിറന്ന ഒരാൾ, അയാളുടെ എന്തെങ്കിലും വൈശിഷ്ട്യം കൊണ്ടാണോ അവിടെ ജനിച്ചത്? അതുപോലെ തന്നെ താണ കുലത്തിൽ ജനിച്ച ഒരാൾ അയാളുടെ എന്തെങ്കിലും പോരായ്മ കൊണ്ടാണോ അവിടെ ജനിച്ചത്? തീർച്ചയായും അല്ല. യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകൾ ലോകത്തിലെ ജാതി വ്യവസ്ഥിതിയെ കിഴ്മേൽ മറിച്ച തന്റെ മനോഭാവത്തെ കാണിക്കുന്നു. കാരണം നമ്മുടെ യോഗ്യതയുടെ അടിസ്ഥാനത്തിലല്ല ക്രിസ്തു നമ്മെ അംഗീകരിച്ചത്. അംഗീകാരം ഇല്ലാതിരുന്നവർക്കു അംഗീകാരവും പ്രവേശനം ഇല്ലാതിരുന്നവർക്കു പ്രവേശനവും സമ്പർക്കം ഇല്ലാതിരുന്നവർക്കു കൂട്ടായ്മയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും നൽകിയ ഇതേ മാതൃകയിൽ ക്രിസ്തുശിഷ്യർ അന്യോന്യം കൈക്കൊള്ളണം എന്ന പ്രബോധനം തിരുവെഴുത്തു നൽകുന്നു. ഉദാഹരണത്തിന് യഹൂദന്മാർക്കും ശമര്യർക്കും തമ്മിൽ സമ്പർക്കം ഇല്ലായിരുന്നു എന്ന് യോഹന്നാന്റെ സുവിശേഷം നാലാം അധ്യായത്തിൽ കാണുന്നു. ക്രിസ്തു അതിനെ തകർത്തു എന്ന് തന്നെ പറയാം. പത്രോസിനു നൽകിയ തുപ്പെട്ടി ദർശനത്തോടൊപ്പം 'ദൈവം ശുദ്ധീകരിച്ചതിനെ നീ മലിനം എന്ന് വിചാരിക്കരുത്' എന്ന് പറയുകയും ചെയ്തു (അപ്പോസ്തല പ്രവൃത്തി 10 :15). അമേരിക്കയിലെ അടിമത്ത്വം നിർത്തലാക്കുവാൻ പ്രസിഡണ്ട് എബ്രഹാം ലിങ്കനെ പ്രേരിപ്പിച്ചത് ദൈവവചനമാണ്. നമ്മുടെ ഭാരതത്തിലെയും എത്രയോ അധമമായ ആചാരങ്ങളെയും പാരമ്പര്യങ്ങളെയും ഇല്ലായ്മ ചെയ്തത് ക്രിസ്തീയ മിഷനറിമാർ പ്രസംഗിച്ച ദൈവവചനത്തിന്റെ അടിസ്ഥാനത്തിലാണ്.

പദവിയോ യോഗ്യതയോ സ്ഥാനമോ മാനമോ വർണ്ണമോ വർഗ്ഗമോ പേരോ പെരുമയോ കുലമോ ഒന്നും പരിഗണിക്കാതെ ദൈവമക്കൾ അന്യോന്യം അംഗീകരിച്ചു കൂട്ടായ്മ ആചരിക്കണം.

കൂട്ടായ്മ ഹൃദ്യമാകണമെങ്കിൽ സ്വന്തപദവികളും ഇഷ്ടങ്ങളും വലുതായി കാണാതെ

മറ്റുള്ളവരുടെ ഉയർച്ച ലക്ഷ്യമാക്കി ഐക്യമത്യത്തോടും ഒരുമനസോടും ഏകചിന്തയോടും കൂട്ടായ്മ ആചരിക്കണം. ക്രിസ്തുവും തന്റെ പിതാവിനോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ ദാസരൂപമെടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നത്താൻ ശൂന്യനാക്കി വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി തീർന്നുകൊണ്ടാണ് നമ്മെ പാപത്തിൽ നിന്നും ശാപത്തിൽ നിന്നും നിത്യശിക്ഷാവിധിയിൽ നിന്നും വീണ്ടെടുത്ത് രക്ഷിച്ചത് എന്ന് എല്ലായ്പോഴും നാം ഓർക്കണം. ക്രിസ്തു ഇത്രത്തോളം തന്നെത്താൻ താഴ്ത്തി നമുക്ക് മാതൃക കാട്ടി എങ്കിൽ നാമും നമ്മെ ഏതു പരിധി വരെയും താഴ്ത്തുവാൻ തക്കവണ്ണം ക്രിസ്തുവിന്റെ മനോഭാവമുള്ളവരായിരിക്കണം. ജാതിയും കുലവും ഉയർച്ചയും ഏതെങ്കിലും വൈശിഷ്ട്യവും നോക്കിയല്ല ക്രിസ്തു നമ്മെ കൈക്കൊണ്ടത്. നാം ദൈവത്തോട് മനസുകൊണ്ട് അകന്നവരും ദൈവത്തിന്റെ ശത്രുക്കളും ആയി ദൈവത്തെ വേദനിപ്പിച്ചു ജീവിക്കയായിരുന്നു (റോമർ 5 : 10) എന്നത് മറക്കരുത്. ആകയാൽ മറ്റുള്ളവരിലെ എന്തെങ്കിലും പോരായ്മകളോ വീഴ്ചകളോ ഗൗരവമായി കാണാതെ നമ്മിലും ഇത്തരം കുറവുകൾ ഉണ്ട് എന്ന ബോധ്യത്തോടെ അപരന്റെ വ്യക്തിത്വവുമായി താദാത്മ്യം പ്രാപിച്ചു അവരോടു മനസ്സലിഞ്ഞു അവരെ ക്രിസ്തുവിങ്കലേക്കു വഴിനടത്തുവാൻ നാം പരമാവധി പരിശ്രമിക്കണം. ക്രിസ്തുശിഷ്യർ ഒരു ശരീരത്തിലെ അവയവങ്ങൾ എന്ന പോലെ പരസ്പരം കണക്കാക്കണം. അവയവങ്ങളുടെ കടമ വ്യത്യസ്തങ്ങളാണ്. എങ്കിലും തികഞ്ഞ ഏകോപനത്തോടെ അന്യോന്യം ചേർന്ന് ഒന്ന് മറ്റൊന്നിനു പ്രയോജനകരമാം വിധം പ്രവർത്തിക്കുന്നു. ഇപ്രകാരമുള്ള മാതൃക, സന്മാർഗത്തിൽ ഉറച്ചു പ്രവർത്തിക്കുന്ന മനസാക്ഷി, ക്രിസ്തുവിനോട് ഏകീഭവിക്കുന്ന അനുഭവം എന്നിങ്ങനെ അന്യോന്യം ഏകാത്മാവിലും, ഐക്യതയിലും അംഗീകരിച്ചുള്ള ജീവിതം, പരസ്പരം അനുഗ്രഹവും സഹായവും ആയിത്തീരുന്ന പ്രവൃത്തി എന്നിവ നൽകുന്ന സംതൃപ്തി വർണനാതീതമാണ്. യേശുവിന്റെ സാന്നിധ്യം അനുഭവിക്കുവാൻ ആവലോടും ദാഹത്തോടും ആർത്തിയോടും യേശുവിന്റെ പാദാന്തികെ നാം എത്തിച്ചേരണം. ദൈവസന്നിധിയിൽ നിന്ന് എന്ത് കേട്ടു, എന്ത് പഠിച്ചു, എങ്ങനെ പ്രയോജനപ്പെട്ടു എന്നീ കാര്യങ്ങൾ ഗൗരവബോധത്തോടെ നാം വിചിന്തനം ചെയ്യേണ്ടതുണ്ട്. ദൈവസഭക്ക് ദൃശ്യവും അദൃശ്യവും ആയ രണ്ടു വശങ്ങൾ ഉണ്ട്. ദൃശ്യമായവ കെട്ടിടങ്ങളും ഭരണസംവിധാനങ്ങളും അതാതിന്റെ പേരും നേതൃത്വവും ആളുകളും ഒക്കെയാണ്. കാണുന്നത് താൽക്കാലികം എന്ന വചന പ്രകാരം മേൽപറഞ്ഞവ എല്ലാം താല്കാലികവും അഴിഞ്ഞു പോകുന്നതുമാണ്. സഭ ആൾകൂട്ടമല്ല. സഭ ഒരു ശരീരവും ജീവൽഘടനയുമാണ്. സഭയുടെ അദൃശ്യ ഭാഗം തലയായ ക്രിസ്തുവും ക്രിസ്തുവിന്റ ശരീരമായിരിക്കുന്ന ആത്മാക്കളുമാണ്. അത് ആരൊക്കെയാണെന്ന് അവർക്കും ദൈവത്തിനും മാത്രമേ അറിയൂ. ശരീരത്തിലെ വിവിധ അവയവങ്ങളുടെ ഏകോപിച്ചുള്ള പ്രവർത്തനം എന്നതുപോലെ എല്ലാ വിശ്വാസികളും തമ്മിൽ തമ്മിൽ ഏകോപിച്ചു എല്ലാ മേഖലകളിലും പരസ്പരം പ്രയോജനപ്പെടുന്നതാണ് ആത്മിക കൂട്ടായ്മ. സ്വദേശിയും വിദേശിയും, യഹൂദനും യവനനും, ശകനും ദാസനും, വിദ്യാസമ്പന്നനും വിദ്യാവിഹീനനും, സമ്പന്നനും ദരിദ്രനും എല്ലാവരും ആത്മികമായി പുതുക്കപ്പെടേണം. മറ്റുള്ളവരിൽ ദോഷവും കുറവുകളുമാണ് നാം കാണുന്നതെങ്കിൽ നമ്മുടെ കണ്ണ് ദോഷമുള്ളതാണ്. മറ്റുള്ളവരിലെ കൃപയും നന്മയും കാണണമെങ്കിൽ ക്രിസ്തുവിന്റെ മനോഭാവമുള്ളവരായിരിക്കണം. മറ്റുള്ളവരിലെ സ്നേഹം, വിനയം, താഴ്മ, സഹിഷ്ണത എന്നിങ്ങനെയുള്ള നന്മ നാം വിലമതിക്കുന്നവരാണെങ്കിൽ അതേ നന്മ നമുക്കും അനുഭവ

മറ്റുള്ളവരിലെ എന്തെങ്കിലും പോരായ്മകളോ വീഴ്ചകളോ ഗൗരവമായി കാണാതെ നമ്മിലും ഇത്തരം കുറവുകൾ ഉണ്ട് എന്ന ബോധ്യത്തോടെ അപരന്റെ വ്യക്തിത്വവുമായി താദാത്മ്യം പ്രാപിച്ചു അവരോടു മനസ്സലിഞ്ഞു അവരെ ക്രിസ്തുവിങ്കലേക്കു വഴിനടത്തുവാൻ നാം പരമാവധി പരിശ്രമിക്കണം.

മാക്കുവാൻ കഴിയും. ഇതാണ് കൂട്ടായ്മയുടെ ലക്ഷ്യം. നാം ഓരോരുത്തരും ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളാണ് എന്ന ബോധ്യത്തോടും കാഴ്ചപ്പാടോടും ഇടപെടുന്നതാണ് കൂട്ടായ്മ. ആത്മാവിന്റെ ഫലങ്ങൾ നമ്മിൽ വർധിച്ചു പെരുകി നമ്മിലും മറ്റുള്ളവരിലും ആത്മീക വർധന ഉണ്ടാകണം. മറ്റുള്ളവരുടെ തീക്ഷ്ണത നമ്മെയും തീക്ഷ്ണതയുള്ളവരാക്കി മാറ്റുവാൻ ഉപകരിക്കണം.

ദൈവത്തിന്റെ ധാർമിക ഗുണങ്ങൾ അറിയുന്നവർക്ക് മാത്രമേ ആ ഉയർന്ന നിലവാരമുള്ള ധാർമികതയിലേക്കു വളരുവാൻ കഴിയുകയുള്ളു. അങ്ങനെ ദൈവത്തെ ആഴത്തിൽ അറിയുന്നത് നമ്മുടെ ആത്മികധാർമിക വളർച്ചയ്ക്ക് അത്യാന്താപേക്ഷിതമാണ്. വിപരീതമായ അതായത് ആധാർമികമായ ഒരു കഥാപാത്രമായി ദൈവത്തെ നാം അറിയുന്നു എങ്കിൽ ഏതൊരു അധാർമികതയും വഷളത്വവും പ്രവൃത്തിക്കുവാൻ അത് ഒരു പ്രേരണയായി തീർന്നേക്കാം. ആകയാൽ ദൈവത്തെ അറിയേണ്ടത് പോലെ അറിയുവാൻ ലക്ഷ്യം ഇട്ടായിരിക്കണം കൂട്ടായ്മ. ഇതിനെല്ലാം, അതായത് ജീവിതത്തിന്റെ എല്ലാ തുറകളിലും എല്ലാ മേഖലകളിലും ഉത്തമ മാതൃകയായി യേശുവിനെ പോലെ മറ്റാരും ഇല്ല.

അറിവ് എന്ന് പറയുമ്പോൾ 'കണ്ടാൽ അറിയാവുന്ന' എന്നൊരു പ്രയോഗമുണ്ടല്ലോ? ഈ അറിവ് ആളിന്റെ സ്വഭാവത്തെയോ, എന്തെങ്കിലും ശ്രേഷ്ഠ ഗുണങ്ങളെയോ വെളിപ്പെടുത്തുന്നതേയില്ല. എന്നാൽ തോളോട്തോൾ ചേർന്ന് ഒരുമിച്ചു നിന്ന് നമ്മോടൊപ്പം പ്രവർത്തിക്കുന്ന നമ്മുടെ സഹപ്രവർത്തകനെ അറിയുന്ന അറിവ് അവന്റെ സ്വഭാവത്തിലേക്കും മനോഭാവത്തിലേക്കും വെളിച്ചം വീശുന്നതായിരിക്കും.

അതുപോലെ ക്രിസ്തുവിനോടു കൂടെ നടന്നു അവിടുത്തോടു കൂട്ടായ്മ ആചരിച്ചാൽ നമുക്ക് തന്റെ ദിവ്യസ്വഭാവത്തിന്റെ പങ്കാളിത്തം പ്രാപിക്കുവാൻ കഴിയും.

മൗനമായിരിക്കേണ്ടയിടത്തു മൗനമായിരിക്കയും സംസാരിക്കേണ്ടയിടത്തു സംസാരിക്കുകയും ചെയ്യുന്ന യേശുവിനെ സുവിശേഷങ്ങളിൽ നാം കാണുന്നു. മുൾക്കിരീടം ചൂടി പരിഹാസ വസ്ത്രം ധരിച്ചു ബന്ധിക്കപ്പെട്ടവനായി നിൽക്കുമ്പോൾ നീ യഹൂദന്മാരുടെ രാജാവോ എന്ന് പീലാത്തോസ് ചോദിച്ചതിന് 'ഞാൻ ആകുന്നു' എന്ന് ധൈര്യത്തോടെ മറുപടി പറഞ്ഞു. അതേ സമയം യേശുവിനെ കഠിനമായി കുറ്റം ചുമത്തിയപ്പോൾ മറുപടിയൊന്നും പറയാതെ അവിടുന്ന് മൗനമായിരുന്നു.

ഇതുപോലെ ഓരോ സാഹചര്യത്തിലും യേശു എങ്ങനെ പ്രതികരിച്ചു എന്നത് നാം ഹൃദയത്തിൽ സംഗ്രഹിച്ചാൽ അവിടുത്തെ എല്ലാ നിറവിനോളം നിറഞ്ഞുവരുന്ന അനുഭവത്തിലേക്ക് വളരുവാൻ സഹായകമായിരിക്കും. വചനം ആഴമായി പഠിക്കുമ്പോൾ ക്രിസ്തുവിനെ ആഴത്തിൽ അറിയുവാൻ ഇടയാകും. അവിടുത്തെ ദിവ്യസ്വഭാവങ്ങൾ തന്റെ പ്രതികരണങ്ങളിൽ പ്രകടമാണ്. ക്രിസ്തുവിന്റെ ദിവ്യസ്വഭാവങ്ങൾക്ക് നാം പങ്കാളികളായിത്തീരണം എന്ന് തിരുവെഴുത്ത് അനുശാസിക്കുന്നു (2പത്രോസ് 1:4). ആയതിനാൽ ക്രിസ്തുവെന്ന തലയോളം സകലത്തിലും വളരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ■

ഞാൻ ചിന്തിക്കുന്നത്

സ്വന്തമായി വീടില്ലാത്തവരെ പാർപ്പിക്കാനായി ചില വർഷങ്ങൾക്ക് മുമ്പ് അമേരിക്കൻ സർക്കാർ നിർമിച്ച ഒരു 'സാധുമന്ദിര'ത്തിൽ മരണാസന്നയായി കഴിഞ്ഞിരുന്ന ഒരു വൃദ്ധയെ ഒരു ഡോക്ടർ സന്ദർശിച്ചു. അസൗകര്യങ്ങൾ മാത്രമുള്ള ആ ചെറു വീട്ടിൽ പരിചരിക്കാനാരുമില്ലാതെ കഴിഞ്ഞിരുന്ന ആ സ്ത്രീ ഇടവിടാതെ സ്തോത്രം പറഞ്ഞുകൊണ്ടിരുന്നത് അദ്ദേഹം ശ്രദ്ധിച്ചു. ഇത്ര അസൗകര്യങ്ങളുള്ള ഒരു വീട്ടിൽ പാർത്തുകൊണ്ട് എങ്ങനെ ദൈവത്തെ സ്തുതിക്കാൻ കഴിയുന്നു എന്നു ഡോക്ടർ അവരോടു ചോദിച്ചു. മറുപടി ഇപ്രകാരമായിരുന്നു "അതിനു പ്രയാസമൊന്നുമില്ല, എനിക്കായി പണിതിരിക്കുന്ന സ്വർഗത്തിലെ കൊട്ടാരത്തിലേക്കു മാറിതാമസിക്കുന്നതിനെപ്പറ്റി മാത്രമാണു ഞാൻ ചിന്തിക്കുന്നത്".

ഫ്രാൻസിസ് കല്ലുങ്കൽ

ആത്മാവിൽ ദരിദ്രർ

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത് (മത്തായി 5:3)

ആത്മാവിൽ ദരിദ്രരാണ് യഥാർത്ഥ സമ്പന്നർ എന്നു പറഞ്ഞാൽ മനസിലാക്കാൻ ബുദ്ധിമുട്ടുണ്ടോ? എന്തായാലും അതാണ് സത്യം. കാരണം ദൈവത്തിന്റെ കണക്കു പുസ്തകത്തിൽ നമ്മുടെ ലാഭങ്ങൾ പലതും നഷ്ടങ്ങളും, നഷ്ടങ്ങൾ പലതും ലാഭങ്ങളും ആണ്. ജീവനെ കളയുന്നവർ (എന്നുവച്ചാൽ വചനത്തെ അനുസരിക്കുവാൻ വിലകൊടുക്കുന്നവർ) അതിനെ നേടും, ജീവനെ രക്ഷിക്കാൻ ഇച്ഛിച്ചാൽ അതിനെ കളയും എന്നൊക്കെ ദൈവവചനം പറയുമ്പോൾ നമ്മുടെ കണക്കെഴുത്തു രീതിയിൽ അങ്ങനെയല്ലല്ലോ. കാണാതെ പോയ ഒരാടിനു വേണ്ടി തൊണ്ണൂറ്റി ഒമ്പതിനെ മാറ്റി നിർത്തുന്ന ഇടയൻ എങ്ങനെ നല്ല ഇടയൻ ആകും എന്ന് നമ്മുടെ യുക്തിക്ക് ഒരു എത്തും പിടിയും കിട്ടുകയില്ല. എന്നാൽ ഇതാണ് സർവ്വജ്ഞാനിയായ ദൈവത്തിന്റെ സാമ്പത്തിക ശാസ്ത്രം. എങ്ങനെയാണ് ആത്മാവിൽ ദരിദ്രനായവൻ ആത്മികമായി സമ്പന്നൻ ആകുന്നത്? *ചെയ്യേണ്ടതായ സൽപ്രവൃത്തികളും നിറവേറ്റേണ്ടതായ ആത്മിക ഉത്തരവാദിത്തങ്ങളും ചെയ്യാതിരിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന ആത്മിക പാപ്പരത്വം ആണ് യഥാർത്ഥ ദാരിദ്ര്യം.* യഥാർത്ഥമായി ആത്മാവിൽ ദരിദ്രനായവന്റെ പ്രത്യേകതകൾ നമുക്ക് മനസിലാക്കുവാൻ ശ്രമിക്കാം.

1. സ്വന്ത കഴിവിൽ ആശ്രയിക്കുന്നില്ല:

സ്വന്ത പദ്ധതികളെ പിമ്പിൽ എറിഞ്ഞു ദൈവീക പദ്ധതിക്കായി ദീർഘക്ഷമയോടെ കാത്തിരുന്നു പ്രാപിച്ച്, സ്വന്ത ശക്തിയിൽ ആശ്രയിക്കാതെ, ദൈവശക്തിയിൽ മാത്രം ആശ്രയിച്ച് മുഴുവൻ മഹത്വവും ദൈവത്തിനു അർപ്പിച്ചു കൊടുക്കുന്നവനാണ് ആത്മാവിൽ ദരിദ്രൻ. 'ഞാൻ' 'എന്റെ ' എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൾ അപൂർവമായേ അവന്റെ ചിന്തയിൽ വരികയുള്ളു. ഞാൻ പ്ലാൻ വരച്ചു എന്റെ പണം കൊണ്ട് ഞാൻ പണിയുന്ന വീട്ടിൽ എത്ര മുറികൾ ഉണ്ടാകണമെന്നും അതിനെത്ര പണം മുടക്കണമെന്നും ഞാൻ തീരുമാനിക്കും എന്ന് അഹങ്കാരത്തോടെ വീമ്പു പറയുന്നവന് ആത്മാവിൽ ദരിദ്രൻ ആകുന്നതിന്റെ ബാലപാഠം പോലും മനസിലായിട്ടില്ല. പ്ലാനും പണവും വീടും ദൈവത്തിന്റേത് എന്ന് സത്യസന്ധമായി മനസിലാക്കുന്നവനാണ് ആത്മാവിൽ ദരിദ്രൻ. പ്ലാൻ വരയ്ക്കുവാൻ ഉപയോഗിച്ച ബുദ്ധിയും കണക്കുകൂട്ടലുകളുടെ ബുദ്ധിയും ദൈവത്തിന്റെ ദാനം എന്ന് ഇവൻ തിരിച്ചറിയുന്നു. ദൈവം നൽകിയ കഴിവുകളും വസ്തുക്കളും ഉപയോഗിച്ചു എന്ത് ചെയ്താലും ദൈവം അത് ചെയ്തു എന്ന് സമ്മതിക്കുവാനും ദൈവത്തിനു മഹത്വം കൊടുക്കുവാനും തക്കവണ്ണം പക്വതയുള്ളവൻ ആണ് അവൻ.

കാണാതെ പോയ ഒരാടിനു വേണ്ടി തൊണ്ണൂറ്റി ഒമ്പതിനെ മാറ്റി നിർത്തുന്ന ഇടയൻ എങ്ങനെ നല്ല ഇടയൻ ആകും എന്ന് നമ്മുടെ യുക്തിക്ക് ഒരു എത്തും പിടിയും കിട്ടുകയില്ല. എന്നാൽ ഇതാണ് സർവ്വജ്ഞാനിയായ ദൈവത്തിന്റെ സാമ്പത്തിക ശാസ്ത്രം.

2. വിശുദ്ധി സംബന്ധിച്ചു ശരിയായ കാഴ്ചപ്പാടുണ്ടായിരിക്കുക.

വിശുദ്ധിയുടെ അടിസ്ഥാനം തന്റെ തന്നെ സൽപ്രവൃത്തികളല്ല, പ്രത്യുത യേശുവിന്റെ രക്തത്താലും പരിശുദ്ധാത്മാവിനാലും ദൈവവചനത്താലും ഉള്ള ശുദ്ധീകരണമാണ് എന്ന ബോധ്യം ആത്മാവിൽ ദരിദ്രനായവന് ഉണ്ടായിരിക്കും. സ്വന്ത സൽപ്രവൃത്തികൾ കറപുരണ്ട തുണിപോലെയാണെന്നു അവൻ മനസിലാക്കുന്നു (യെശയ്യാവ് 64 :6). താൻ ചെയ്യുന്ന ഏതു നന്മ പ്രവൃത്തിയിലും സ്വയത്തിന്റെ ചെളി പുരണ്ടിട്ടുണ്ടോ എന്ന് അവനറിയാം. മറ്റുള്ളവർ അവനെ വളരെ നല്ലവൻ എന്ന് പറയുമ്പോഴും അവന്റെ ഹൃദയത്തിലെ ദുഷിപ്പ് എത്ര എന്നറിയുന്നതിനാൽ അവൻ ദുഃഖിതനാണ്. ഹൃദയം എല്ലാറ്റിനേക്കാളും കപടം നിറഞ്ഞതെന്ന് (യിരെമ്യാവ് 17:9) അവനറിയാം. അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ എന്ന് വിലപിക്കുന്നത് പാപം ചെയ്യുമ്പോഴല്ല, മറിച്ചു തന്റെ പാപപ്രകൃതത്തെ ഓർത്തിട്ടാണ്. അതുകൊണ്ടു അവന്റെ സൽപ്രവൃത്തികളെ പോലും അവൻ വലുതായി എണ്ണുന്നില്ല. അവൻ പ്രസംഗിക്കുന്നത് തന്റെ പുസ്തക ശേഖരത്തെക്കുറിച്ചോ, സ്വന്ത കൃതികളെക്കുറിച്ചോ, നേടിയ ആത്മാക്കളെക്കുറിച്ചോ, വിദേശ യാത്രകളെക്കുറിച്ചോ ഒന്നുമല്ല, മറിച്ചു ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെക്കുറിച്ച് ആയിരിക്കും (1 കൊരിന്ത്യർ 1 :23). അവൻ പഠിക്കുന്നത് അറിവ് സമ്പാദിക്കാനല്ല മറിച്ചു ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ അറിയുവാനാണ് (1 കൊരിന്ത്യർ 2:2). തന്റെ ശ്രോതാക്കളുടെ മുൻപിൽ വരച്ചു കാണിക്കുന്നതും ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ ആയിരിക്കും (ഗലാത്യർ 3 :1). അവന്റെ പ്രശംസയും ക്രിസ്തു മാത്രമായിരിക്കും. മറ്റൊന്നിലും അവൻ സന്തോഷം കണ്ടെത്തുന്നില്ല.

3. സ്വന്ത തെറ്റുകളെ മറച്ചു വയ്ക്കുന്നില്ല:

ആത്മാവിൽ ദരിദ്രനായവന്റെ ജീവിതം ഒരു തുറന്ന പുസ്തകം ആയിരിക്കും. രഹസ്യമാക്കി വയ്ക്കുവാൻ തന്റെ ജീവിതത്തിൽ ഒന്നുമില്ലാത്തവൻ. വ്യർത്ഥാ അഭിമാനിയായ ഒരുവൻ പോരായ്മകൾ മറച്ചു വച്ച് ഭക്തിയുടെ വേഷം അണിയുന്നവൻ ആയിരിക്കും. അത് അവന്റെ അഭിമാനത്തിന്റെയും ശുശ്രൂഷയുടെയും നിലനിൽപിന്റെയും ആവശ്യമാണ്. ഇത്തരം ജാഡകളൊന്നും ആത്മാവിൽ ദരിദ്രന് ഉണ്ടാവുകയില്ല. അവൻ തന്റെ കുറവുകളെ, തെറ്റുകളെ തുറന്നു സമ്മതിക്കും. അവന് അഭിമാനമല്ല ഹൃദയ ശുദ്ധിയാണ് വലുത്. സ്വന്ത വീഴ്ചകളെക്കുറിച്ച് എപ്പോഴും ബോധ്യം ഉള്ളതുകൊണ്ട് അവന്റെ ഹൃദയം തകർന്നും നുറുങ്ങിയും ഇരിക്കും. അതിനാൽ മറ്റുള്ളവരുടെ പാപങ്ങളെക്കുറിച്ച് പറഞ്ഞു നടക്കുവാൻ അവന് സാധിക്കയില്ല. മറ്റുള്ളവരുടെ നന്മ മാത്രം ശ്രദ്ധിക്കയും പറകയും ചെയ്യുന്നവനാണ് അവൻ.

4. എപ്പോഴും ദൈവത്തെ സ്തുതിക്കയും നന്ദി കരേറ്റുകയും ചെയ്യുന്നവൻ

അവൻ എല്ലാ സാഹചര്യത്തിലും തനിക്കുള്ളതിൽ സംതൃപ്തനാണ്. ദൈവത്തിന്റെ പദ്ധതി അനുസരിച്ചു നടക്കുന്നതിനാൽ താൻ ആയിരിക്കുന്നത് ശരിയായ ആത്മികതയിലാണെന്നു അവന് ബോധ്യമുണ്ട്. ഇതിലും മെച്ചമായതു താൻ അർഹിക്കുന്നു എന്ന അഹങ്കാരമൊന്നും അവനില്ല. എന്റെ നന്മക്കായാണ് ഞാൻ ഇപ്പോൾ ആയിരിക്കുന്ന ഈ അവസ്ഥയിൽ ദൈവം എന്നെ ആക്കിയിരിക്കുന്നതു എന്ന ബോധ്യം ഉള്ളതിനാൽ പിറുപിറുപ്പോ നിരാശയോ അവനില്ല. അവൻ സദാ സന്തുഷ്ടനാണ്.

5. ഭൂമിയിൽ ദരിദ്രനെങ്കിലും സ്വർഗത്തിൽ സമ്പന്നൻ

ദൈവം നൽകുന്നതിൽ സംതൃപ്തനായിരിക്കും ആത്മാവിൽ ദരിദ്രനായവൻ. അവൻ സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവന്റെ കണ്ണിൽ പരാജയം ആണ്. രാജാവിന്റെ മകൻ രാജകീയ പ്രൗഢിയിൽ ജീവിക്കണമെന്ന അവിവേകം അവനില്ല. രാജാധി രാജാവിനെ ക്രൂശിച്ചു കൊന്ന ഈ ലോകം തനിക്കും അതൊക്കെ തന്നെയാണ് തരുവാൻ പോകുന്നതെന്ന് അവനറിയാം. പുൽത്തൊട്ടിയിൽ കിടന്ന് സ്വന്തമായി ഒന്നുമില്ലാതെ വളർന്ന്, ക്രൂശിൽ മരിച്ച തന്റെ രക്ഷകനെക്കാൾ വലിയവനാകുവാൻ ഈ വിശുദ്ധൻ താത്പര്യപ്പെടുന്നില്ല. ദൈവം അനുവദിക്കുന്നത് കഷ്ടവും ദാരിദ്ര്യവുമാണ് എങ്കിൽ ലോകം തരുന്ന സുഖത്തിലും, സമൃദ്ധിയിലും അധികമായി അവനിഷ്ടപ്പെടുന്നത് അതാണ്. ധനമോഹം സകലവിധ ദോഷങ്ങൾക്കും മൂലകാരണമാണെന്നു (1 തിമൊഥെയൊസ് 6:10) അവന് നല്ല നിശ്ചയമുണ്ട്. ദൈവം അയച്ചിട്ട് വടക്കേ ഇന്ത്യയിലെ ഏതെങ്കിലും കുഗ്രാമത്തിൽ ചാണകത്തറയിൽ ജീവിക്കുന്നെങ്കിൽ, ദൈവം അയക്കാതെ ന്യൂയോർക്കിലെ അംബര ചുംബിയായ സൗധങ്ങളിൽ ജീവിക്കുന്നതിനേക്കാൾ നല്ലതെന്നു അവന് നന്നായി അറിയാം.

താൻ സമ്പന്നനാകാൻ പോകുന്നത് ഈ ലോകത്തിലെ പാപം നിറഞ്ഞ അനീതിയുടെ മാമോനെ കൊണ്ട് അല്ല, മറിച്ചു പാപം ലേശവും ഇല്ലാത്ത സ്വർഗീയ സമ്പത്തിനാലാണെന്നു അവന് നല്ല നിശ്ചയമുണ്ട്. ഞാൻ ഉടമസ്ഥനല്ല, കാര്യവിചാരകത്വം ചെയ്യേണ്ടുന്ന കാര്യസ്ഥനാണ് എന്ന് അവന് എപ്പോഴും ബോധ്യമുണ്ട്.

6. മരണത്തെ വെല്ലുവിളിക്കുന്നവൻ

ആത്മാവിൽ ദരിദ്രനായവന് സ്വന്ത പദ്ധതിയോ സ്വന്ത ഇഷ്ടമോ ഇല്ലാത്തതുകൊണ്ട് ഏതു സമയത്തും മരിക്കുവാൻ ഭയമില്ല. മനക്കോട്ടകൾ തകരുമല്ലോ എന്നതുകൊണ്ടാണ് പലരും മരണത്തെ ഭയപ്പെടുന്നത്. ഇത്തരം മോഹകോട്ടകൾ ഒന്നും ആത്മാവിൽ ദരിദ്രനായവന് ഇല്ല. അതുകൊണ്ടു അവനെന്തിനു മരണത്തെ ഭയപ്പെടണം? തന്നെ നിയമിച്ചാക്കിയവന്റെ അടുത്തേക്ക്, 'ശമ്പളം വാങ്ങുവാൻ പോകുന്ന ഒരുവന്റെ' മനോഭാവത്തോടെ അവൻ മരണത്തെ ഭയം കൂടാതെ വരിക്കും.

7. മറ്റുള്ളവരുടെ അഭിപ്രായങ്ങളെ മാനിക്കുവാൻ മനസുള്ളവനാണ് ആത്മാവിൽ ദരിദ്രൻ:

സ്വയം ഉയർത്തുക എന്ന സ്വന്ത പ്രോഗ്രാം ഇല്ലാത്ത ഇദ്ദേഹത്തിന് സ്വന്ത അഭിപ്രായം തിരസ്കരിക്കപ്പെടുന്നതിലോ മറ്റൊരാളുടെ അഭിപ്രായം സ്വീകരിക്കുന്നതിലോ യാതൊരു വൈമുഖ്യവുമില്ല. മറ്റുള്ളവർ ഒറ്റപെടുത്തുമെന്ന ഭയമില്ലാത്തതിനാൽ കാര്യങ്ങൾ തുറന്നു പറയുവാനും മടിയില്ല. മറ്റുള്ളവർ പറയുന്നതിൽ ദൈവാലോചന ഉണ്ടാകാം എന്ന ചിന്തയാൽ മറ്റുള്ളവരെ ശ്രദ്ധയോടെ കേൾക്കുവാനും മടിയില്ല.

8. ജോലിയുടെ ഉന്മാദം അവനില്ല

ജോലി, ജോലി, ജോലി എന്ന ചിന്തയാൽ അവൻ മത്തു പിടിച്ചവൻ അല്ല. ജോലി ചെയ്യേണ്ടത് ആവശ്യം തന്നെ. എന്നാൽ തന്റെ ഐഡന്റിറ്റി സ്ഥാപിക്കുവാൻ പ്രവർത്തന നേട്ടങ്ങളെ അവൻ ഉപയോഗിക്കുന്നില്ല. ചെയ്ത ജോലികളുടെ മികവു കാട്ടി ആരെയും സ്വാധീനിക്കുന്നില്ല. നിയോഗം ദൈവം ഏൽപിക്കും വരെ ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുന്നതാണ് ഉത്തമം എന്ന് അവൻ അറിയുന്നു. ദൈവം ഏൽപിക്കാത്ത പ്രവൃത്തി എത്ര ഗംഭീരമായി ചെയ്താലും ഫലം നാസ്തി. ഫറവോന്റെ കൊട്ടാരത്തിൽ ആയിരുന്ന മോശെയുടെ സമയത്തിന് മുമ്പെയുള്ള, പ്രവൃത്തി ഫലം കാണാതെ പോയത് ഇതിനു ഉദാഹരണമാണ്. ദൈവം ഏൽപിക്കുന്ന ജോലി ദൈവത്തിന്റെ സമയത്തു ചെയ്യുമ്പോൾ ഫലം അത്ഭുതാവഹമായിരിക്കും. ദൈവം ഏൽപിച്ച ജോലി ഭംഗിയായി ചെയ്യുന്നവരും ദൈവനിയോഗത്തിനായി ശാന്തമായി കാത്തിരിക്കുന്നവരും ഒരുപോലെ ദൈവത്തിനു സ്വീകാര്യരാണ്.

9. എനിക്ക് തെറ്റു പറ്റുവാൻ സാധ്യതയുണ്ട് എന്ന് വിശ്വസിക്കുന്നവനാണ് ഈ ഭക്തൻ

ഈ ചിന്തയില്ലാത്തവൻ അഹങ്കാരിയും പിടിവാശിക്കാരനും ആയിരിക്കും. ഇത്ര പരിചയസമ്പന്നനായ എനിക്ക് തെറ്റുപറ്റുമോ, എന്നായിരിക്കും അവന്റെ മനോഭാവം. ഞാൻ തെറ്റുകൾക്ക് അതീതനല്ല എന്ന് ചിന്തിക്കണമെങ്കിൽ ആത്മാവിൽ ദരിദ്രനായിരിക്കണം. മറ്റുള്ളവരുടെ അഭിപ്രായങ്ങളെ അവൻ ഗൗരവപൂർവം പരിഗണിക്കും. മറ്റുള്ളവരുടെ ചിന്തയും അഭിപ്രായവും തന്റേതിനേക്കാൾ മെച്ചമായിരിക്കും എന്ന് അവൻ ചിന്തിക്കുന്നു. ഇതല്ലാതെ മറ്റെന്താണ് യഥാർത്ഥ വിനയം? ദൈവത്തിനു തെറ്റുപറ്റുകയില്ല എന്ന ഉറപ്പും ധൈര്യവും അവനുണ്ട്. ആകയാൽ ദൈവവചനത്തിലെ ഓരോ നിർദ്ദേശങ്ങളെയും ഗൗരവമായി അനുസരിപ്പാൻ അവനുത്സാഹിക്കുന്നു. വചനത്തെ അവൻ തുച്ഛീകരിക്കുന്നില്ല. അനുസരണത്തിന്റെ കാര്യത്തിൽ തന്നോടുതന്നെ വിട്ടുവീഴ്ച ചെയ്യാത്ത ഈ കടുംപിടുത്തക്കാരൻ മറ്റുള്ളവരും അങ്ങനെ ആകണമെന്ന് വാശിപിടിക്കുന്നില്ല. അപരൻ അനുസരിക്കണമോ വേണ്ടയോ എന്നത് അയാളും ദൈവവും തമ്മിലുള്ള കാര്യമാകയാൽ അവൻ അതിൽ കൈകടത്തുന്നില്ല. മറ്റുള്ളവരെ വിധിക്കുവാൻ തക്കവണ്ണം അവരുടെ ഹൃദയ വ്യാപാരങ്ങളെയോ ചിന്തകളെയോ ഒന്നും തനിക്കു അറിയില്ലല്ലോ എന്ന് അവൻ ചിന്തിക്കുന്നു. തനിക്കു താൻ ജ്ഞാനി എന്ന് കരുതാത്തവൻ ആയിരിക്കും യഥാർത്ഥജ്ഞാനി.

10. സ്വന്ത അവകാശത്തെയോ, അഭിമാനത്തെയോ ശാഠ്യത്തോടെ കാണാതെ അവൻ അത് അടിയറ വയ്ക്കുന്നു. തന്റെ പക്ഷത്താണ് ന്യായം എന്ന് ചിന്തിക്കാതെ മറ്റുള്ളവരെയും ബഹുമാനത്തോടെ അവൻ കാണുന്നു. അന്യായം ചെയ്തത് ഞാനല്ല, അതുകൊണ്ടു സ്വാഭാവികമായും ക്ഷമചോദിക്കേണ്ടതും പ്രശ്നം പരിഹരിക്കേണ്ടതും അവനാണ്. അഥവാ ഞാൻ ക്ഷമ ചോദിക്കാം എന്ന് വച്ചാൽ അവൻ പറയും, ഇപ്പോൾ മനസിലായില്ലേ ആരാണ് തെറ്റുചെയ്തതെന്ന് ! തെറ്റ് ചെയതവന്റെ മുൻപിൽ തെറ്റ് ചെയ്യാത്തവൻ തെറ്റുകാരനായി യോസേഫിനെ പോലെ ചിത്രീകരിക്കപ്പെടുന്ന അസഹനീയ

നിമിഷം! വ്യക്തിബന്ധങ്ങളെ സംരക്ഷിക്കുവാൻ ഇത്തരം അനുഭവങ്ങളെ താഴ്മയോടെ സഹിക്കുവാൻ ആത്മാവിൽ ദരിദ്രനായവനു മാത്രമേ കഴിയൂ. ഇവനാണ് ഭൂമിയെ അവകാശമാക്കുന്ന സൗമ്യൻ.

11. പരാജയ ഭീതി ഇല്ലാത്തതിനാൽ സ്വയം തോറ്റുകൊടുക്കുവാനും അവനു മനസുണ്ട്. പരാജയത്തിലോ, തകർച്ചയിലോ, നഷ്ടത്തിലോ അവൻ തകർന്നു പോകുന്നില്ല. താൻ തോറ്റാലും സാരമില്ല, സത്യം ജയിക്കണം, മറ്റുള്ളവരിൽ കൂടി ദൈവം ജയിക്കണം എന്നാണ് അവന്റെ താൽപ്പര്യം. ആയതിനാൽ രക്തസാക്ഷിത്വം പോലും ഗൗരവമല്ല എന്ന് അവനു തോന്നുന്നു. ഗോതമ്പുമണി നിലത്തു വീണു ചാകണമല്ലോ.... അവൻ വളരേണം ഞാനോ കുറയേണം'(യോഹന്നാൻ 3:30) എന്ന് ചിന്തിക്കുന്നു.

12. **ലോക മനുഷ്യൻ വെളിച്ചത്തു വരാത്ത പാപങ്ങളെ മൂടിവയ്ക്കുകയും വെളിച്ചത്തു വന്നവയെ ന്യായീകരിക്കുകയും ചെയ്യുന്നു.**

നമ്മുടെ കർത്താവു യാതൊരു ന്യായവാദവും പറയാതെ അറുക്കുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ വിസ്തരിച്ചവരുടെ മുൻപിൽ ഉരിയാടാതെ ഊമനായി നിന്നു. ലോകത്തിന്റെ ദൃഷ്ടിയിൽ ഇവൻ ഭോഷനാണ്. എന്നാൽ ഇവനാണ് സാക്ഷാൽ ജയാളി. നിലത്തു വീണു ചാകുന്നതും നൂറുമേനി വിളയിക്കുന്നതുമായ ഗോതമ്പുമണി.

13. **ആത്മാവിൽ ദരിദ്രന് സ്വയപ്രശംസയില്ല.**

ലോകത്തിന്റെ അംഗീകാരം അവനാഗ്രഹിക്കുന്നേയില്ല. ഒരു കൂലിക്കാരന് അവൻ ജോലി ചെയ്ത വസ്തുവിലോ, കൃഷിയിലോ പ്രശംസിക്കാൻ ഒന്നും ഇല്ല, കാരണം അവൻ അതിന്റെ ഉടമസ്ഥനല്ല. ഒരു കാര്യസ്ഥന് താൻകൊടുത്ത കൂലിയുടെ തുക പറഞ്ഞു പ്രശംസിക്കാമോ? പാടില്ല, അത് ഉടമസ്ഥന്റേതാണ്, അവന്റേതല്ല. വാടകക്കാരൻ താൻ താമസിക്കുന്ന വാടക വീടിനെക്കുറിച്ചു പ്രശംസിക്കയില്ല. ഇതിന്റെയൊക്കെയും, നാം അനുഭവിക്കുന്ന സകലത്തിന്റേയും മഹത്വം ഉടമസ്ഥനായ ദൈവത്തിനു മാത്രം അവകാശപ്പെട്ടതാണ്. ഒന്നിൽപോലും നമുക്ക് പുകഴുവനോ, പ്രശംസിക്കുവാനോ ഇല്ല. ഏതു നിമിഷവും നഷ്ടപ്പെടാവുന്നതാണ് ഇവയെല്ലാം.

14. ആത്മാവിൽ ദരിദ്രൻ എളിയവരെ കരുതുന്നവനും അവരോടൊപ്പം ഇടപഴകുവാൻ മടിയില്ലാത്തവനുമാണ്

കാരണം അനാഥനെയും വിധവയെയും സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ദൈവത്തെ അവനറിയാം. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് നല്ലതെന്നു അറിയാവുന്നതിനാൽ കൊടുക്കുവാനുള്ള ഒരവസരവും പാഴാക്കുകയില്ല. പൊങ്ങച്ചവും ജാഡയും അവന്റെ അയലത്ത് പോലും വരികയില്ല. മുഖ്യാസനങ്ങളെ അവർ ഭയപ്പെടുന്നു. തങ്ങളുടെ ഗുരുവിനേക്കാൾ മിടുക്കരല്ല എന്ന ബോധ്യവും ഉണ്ട്. ദൈവത്തിന്റെ അംഗീകാരവും പ്രശംസയും ആണ് അവനാഗ്രഹിക്കുന്നത്. അതിനാൽ മുഖ്യാസനങ്ങൾക്കുവേണ്ടി കടിപിടികൂടുന്നവരുടെ കൂട്ടത്തിൽ അവനില്ല. യേശുവിനെ അറിഞ്ഞവർ യേശുവിനെ നേടുവാൻ ആഗ്രഹിക്കുന്നു, പരിശ്രമിക്കുന്നു. അതുകൊണ്ടു എന്തും സഹിക്കുവാൻ, ക്ഷമിക്കുവാൻ അവൻ സദാ സന്നദ്ധനാണ്.

ദൈവാലയത്തെക്കാളും യാഗപീഠത്തെക്കാളും എന്തിനേക്കാളും ആരെക്കാളും വലിയവനാണ് നമ്മുടെ കർത്താവു. ആത്മാവിൽ ദരിദ്രനായി അവിടുന്ന് തിരുവെഴുത്തുകളിൽ തിളങ്ങി നിൽക്കുന്നു. ■

സ്വർഗ്ഗത്തിൽ ഞാൻ കാണാൻ പോകുന്ന മൂന്ന് അത്ഭുതങ്ങൾ

- ***സ്വർഗത്തിൽ ഉറപ്പായും ഉണ്ടായിരിക്കും എന്ന് ഞാൻ പ്രതീക്ഷിച്ച ചിലർ അവിടെ കാണുകയില്ല.***
- ***കാണില്ല എന്നു ഞാൻ കരുതിയ ചിലർ അവിടെ കാണും***
- ***ഏറ്റവും വലിയ അത്ഭുതം ഞാൻ അവിടെ എത്തുവാൻ ദൈവം കൃപയാൽ സഹായിച്ചു എന്നതുമാണ്***

ഡി എൽ മൂഡി



എൽസി ജോയ്



സ്ത്രീ അമ്മ എന്ന നിലയിൽ

സ്ത്രീ വഹിക്കുന്ന വിവിധ റോളുകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് അമ്മ എന്നത്. മാത്രവുമല്ല, വളരെ ബഹുമാനമുള്ള പദവിയും സ്ഥാനവും ആണ് അമ്മയ്ക്കുള്ളത്. ദൈവം നൽകിയിരിക്കുന്ന ഒരു വാഗ്ദാനമാണ് അമ്മ ആകുക എന്നത്. ഒരു കുഞ്ഞിനെ ഗർഭം ധരിച്ചു പ്രസവിച്ചു ക്ഷമയോടെ പരിപാലിച്ചു വളർത്തി അവൻ അഥവാ അവൾ എന്താകണമെന്നു ദൈവം ആഗ്രഹിക്കുന്നുവോ അതായി കാണുന്നതാണ് ഒരമ്മയുടെ ജീവിത സാഫല്യം. ഭാരിച്ച ഒരു ഉത്തരവാദിത്വം തന്നെയാണത്; ഏറെ ദൈവ കൃപയും ആവശ്യമാണ്. എന്നാൽ വലിയ ആനന്ദം അതിൽ ഉണ്ടുതാനും!

ചില നല്ല മാതൃകകൾ.

1. റിബെക്കാ. ഇസഹാക്കിന്റെ ഭാര്യ റിബെക്കാ ഗർഭിണിയാകുവാൻ കാലതാമസം നേരിട്ടു, ഇസഹാക്ക് റിബേക്കയ്ക്കു വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുകയും (ഉൽപ്പത്തി 25 : 21) ദൈവം പ്രാർത്ഥന കേട്ട് റിബെക്കയെ കടാക്ഷിക്കുകയും ചെയ്തു. *ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചു പ്രാർത്ഥിക്കുന്നതിന്റെ പ്രാധാന്യം നമുക്ക് ഇവിടെനിന്നും മനസിലാക്കാം.* അബ്രഹാമിന് പ്രാർത്ഥനയുടെ മറുപടിയായിട്ടാണ് ഇസഹാക്കിനെ കിട്ടിയത്. അതേപോലെ ഇസഹാക്കിനും പ്രാർത്ഥനയുടെ മറുപടിയായിട്ടാണ് യാക്കോബിനെ കിട്ടിയത്. മക്കൾ ഉണ്ടാകുന്നതിനു തടസ്സം ഉണ്ടെങ്കിൽ മാത്രം പ്രാർത്ഥിക്കുക എന്നല്ല, മറിച്ച് യാതൊരു പ്രശ്നവും ഇല്ലെങ്കിലും ദമ്പതികൾ മക്കളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കണം. പ്രാർഥനയുടെ പശ്ചാത്തലത്തിൽ തന്നെ മക്കൾ ജനിക്കട്ടെ. തുടർന്ന് അവരെ വളർത്തേണ്ടത് പ്രാത്ഥിച്ചും അവരെ പ്രാർത്ഥന പഠിപ്പിച്ചും കൊണ്ടായിരിക്കട്ടെ.

ഇരട്ട കുട്ടികൾ ഗർഭത്തിൽ ഉണ്ടായിരുന്ന തിനാൽ റിബേക്കയ്ക്കു വളരെ ബുദ്ധിമുട്ടുകൾ ഗർഭകാലത്ത് ഉണ്ടായിരുന്നു. അപ്പോൾ റിബെക്കാ പ്രാർഥനയിൽ ദൈവത്തോട് ചോദിക്കുകയും മക്കളെ സംബന്ധിച്ചു വ്യക്തമായി കർത്താവു അവളോട് സംസാരിക്കുകയും ചെയ്തു. തുടർന്ന് യാക്കോബിനെ ഒരുക്കിയെടുക്കുവാൻ ദൈവം അവളോട് സംസാരിച്ചത് പ്രയോജനമായി. യാക്കോബിന്റെ അനുഗ്രഹത്തിന് പുറകിൽ ഈ മാതാവുണ്ട്. നമ്മുടെ മക്കളെക്കുറിച്ചു പ്രാർഥിച്ചു ദൈവം അവരെക്കുറിച്ചു എന്താഗ്രഹിക്കുന്നു എന്ന് അറിയുവാനും, അവരെ ആ നിലയിൽ ഒരുക്കിയെടുക്കുവാനും ഓരോ അമ്മയ്ക്കും ദൈവം കൃപ നൽകട്ടെ.

2. യോഖേബെദ് : അമ്രാമിന്റെ ഭാര്യ ആയിരുന്നു യോഖേബെദ്. മോശെയുടെ അമ്മ എന്ന് പറയുന്നതാണ് നമുക്ക് കൂടുതൽ പരിചയം. വല്ലാത്ത ഒരു പ്രതികൂല സാഹചര്യത്തിൽ ആയിരുന്നല്ലോ യോഖേബെദ് മോശെയെ ഗർഭം ധരിച്ചത്. ആൺകുട്ടിയായാൽ ജീവനോടെ ലഭിക്കില്ല, അപ്പോൾ അവർ എത്രമാത്രം വേദനയോടെ പ്രാർത്ഥിച്ചിട്ടുണ്ടാവണം. മോശെയുടെ ജനനത്തിങ്കൽ, അവർ കുട്ടിയെ ദൈവത്തിലുള്ള തങ്ങളുടെ അചഞ്ചലമായ വിശ്വാസത്തിലാണ് നോക്കിയിരുന്നത്. മോശെയിൽ ഒരു പ്രത്യേക സൗന്ദര്യം അവർ കണ്ടെത്തി. ഈ കുട്ടിയെ ജീവനോടെ കഴിയും; അവരുടെ വിശ്വാസം അവർക്കു ആശയും ഉറപ്പും നൽകി. പുറപ്പാട് പുസ്തകം രണ്ടാം അധ്യായത്തിന്റെ ഒന്ന്

മുതലുള്ള വാക്യങ്ങൾ വായിക്കുമ്പോൾ നാം യോഖേബെദിന്റെ വിശ്വാസം ആണ് കാണുന്നത്. ആ കുട്ടിയെ ഫറവോന്റെ പുത്രി ഇഷ്ടപെടുമെന്നും അവൾ അവനെ തന്റെ മകനാക്കി വളർത്തുമെന്നും കുഞ്ഞിനെ മുലയൂട്ടുവാൻ തനിക്കു തന്നെ അവസരം കിട്ടുമെന്നും ഒക്കെയുള്ള ഒരു ബോധ്യം യോഖേബെദിനുണ്ടായിരുന്നു. ഇത് ദൈവത്തിൽ നിന്നും ലഭിച്ചതാണല്ലോ. മിര്യാമിനെ പരിശീലിപ്പിച്ചു ദൗത്യം ഏൽപിച്ച് അവിടെ എന്ത് സംഭവിക്കുന്നു എന്ന് കാണേണ്ടതിനു നിർത്തിയിരുന്നുവല്ലോ. എത്ര അത്ഭുതമായാണ് അവരുടെ പദ്ധതി വിജയിക്കുന്നത്! മോശെയെക്കുറിച്ചുള്ള ദൈവഹിതം അവനിൽ നിവർത്തിച്ചു. അവൻ എന്താകണം എന്ന് ദൈവം ആഗ്രഹിച്ചുവോ, അതാകുവാൻ അവനെ മുലകൊടുത്തു വളർത്തിയ സമയം അവന്റെ അമ്മ യോഖേബെദ് അവനെ ഒരുക്കിയെടുത്തു. എത്ര നല്ല മാതൃക!

തങ്ങളുടെ മക്കളെ എല്ലാ അമ്മമാരും എന്നും കാണുന്നുണ്ട്. എന്നാൽ അത് പോരാ. വിശ്വാസത്താൽ അവരെ കാണണം; യോഖേബെദ് കണ്ടതുപോലെ (എബ്രായർ 11:23). ദൈവമേ, എന്റെ കുഞ്ഞിനെക്കുറിച്ചുള്ള അങ്ങയുടെ ഹിതം അറിഞ്ഞു അവനെ വളർത്തുവാൻ എനിക്ക് കൃപ തരണമേ എന്ന് പ്രാർത്ഥിക്കുമ്പോൾ കർത്താവു ഓരോരുത്തരുടെയും ആന്തരീക കണ്ണുകളെ തുറക്കുകയും വിശ്വാസത്താൽ മക്കളെ കാണുവാൻ കൃപ തരികയും ചെയ്യും. അവരെക്കുറിച്ചുള്ള ദൈവഹിതത്തിന്റെ പൂർത്തീകരണത്തിനായി, അവർ ദൈവത്തിനു എത്ര വിലയുള്ളവരാണെന്നറിഞ്ഞു അവർ വളരണം. അങ്ങനെ മക്കളെ കർത്താവിനായി വളർത്തുന്നതിലാണ് ഒരു അമ്മയുടെ ദൗത്യം പൂർത്തീകരിക്കപ്പെടുന്നത്.

3 ഹന്നാ: ഏൽക്കാനയുടെ ഭാര്യ അഥവാ ശമുവേലിന്റെ അമ്മ ഹന്നയും ഏറെ ശ്രദ്ധിക്കപ്പെടുന്ന ഒരു മാതൃകാ കഥാപാത്രമാണ്. ഹന്നാ അഭിമുഖീകരിച്ച നിന്ദയും അപമാനവും പ്രതികൂല സാഹചര്യങ്ങളുമാണ് ഹന്നയെ പ്രാർത്ഥിക്കുന്നതിനു സഹായിച്ചത്. ഇതൊരു സന്ദേശമായി തന്നെ നിങ്ങൾ സ്വീകരിക്കുമോ? അതായത്, ഈ സാഹചര്യങ്ങൾ നിങ്ങളെ ദൈവസന്നിധിയിൽ മുട്ടുമടക്കുവാൻ പ്രേരിപ്പിക്കുന്നു എങ്കിൽ നിങ്ങളുടെ ജീവിതത്തിലെ പ്രതികൂലങ്ങൾ വാസ്തവത്തിൽ നിങ്ങളെ അനുഗ്രഹത്തിലേക്കാണ് വഴിനടത്തുന്നത്. പ്രശ്നങ്ങളുടെ മധ്യത്തിൽ ഹൃദയം കഠിനപ്പെട്ടു ദൈവത്തിൽ നിന്ന് അകന്നു


ഈ സാഹചര്യങ്ങൾ നിങ്ങളെ ദൈവസന്നിധിയിൽ മുട്ടുമടക്കുവാൻ പ്രേരിപ്പിക്കുന്നു എങ്കിൽ നിങ്ങളുടെ ജീവിതത്തിലെ പ്രതികൂലങ്ങൾ വാസ്തവ ത്തിൽ നിങ്ങളെ അനുഗ്രഹത്തിലേക്കാണ് വഴിനടത്തുന്നത്

പോകുന്നവരും ഉണ്ട്. ഇത് വലിയ ഭോഷത്വമാണ്. അവർ അനുഗ്രഹത്തിന്റെ വഴി സ്വയം അടച്ചുകളഞ്ഞ് നാശത്തിന്റെ വഴി തിരഞ്ഞെടുക്കുന്നു.

ഹന്നയുടെ പ്രതിസന്ധി അവളെ ദൈവത്തിങ്കലേക്കു കൂടുതൽ വലിച്ചടുപ്പിച്ചു. *അവളുടെ ഉൾക്കണ്ണുകൾ പ്രകാശിച്ചു. ദൈവാലയത്തിലെ അവസ്ഥകൾ അവൾ കണ്ടു. ഏലിയുടെ ശേഷം ദൈവാലയത്തിൽ ശുശ്രൂഷ ചെയ്യുവാൻ ഒരു വിശ്വസ്ത പുരോഹിതനില്ല; ജനങ്ങൾക്ക് ന്യായപാലനം ചെയ്യുവാൻ ദൈവത്തിൽ നിന്നും അരുളപ്പാടുകൾ പ്രാപിച്ച പ്രവാചകൻ ഇല്ല. എവിടെയും ആത്മിക അന്ധകാരം. ദൈവം തനിക്കു ബോധിച്ച ഒരു പ്രവാചകനെ, പുരോഹിതനെ തിരയുന്നു എന്ന് ഹന്നാ മനസിലാക്കി.* അവൾ ഉള്ളുതുറന്ന്, 'യഹോവ എനിക്ക് ഒരു പുരുഷ സന്താനത്തെ തന്നാൽ ഞാൻ അവനെ ആ ശുശ്രൂഷയ്ക്കായി നൽകാം'. ഹന്നയുടെ പ്രാർത്ഥന ദൈവം കേട്ടു. ശമുവേൽ പ്രവാചകനെ ദൈവം യിസ്രായേൽ ജനത്തിന്റെ രക്ഷയ്ക്കായി നൽകി.

നമ്മുടെ ചുറ്റുപാടുകളെക്കുറിച്ചു നാം ബോധവാന്മാരാണോ? അന്ധകാരം പടർന്നുകയറുന്നതിനെക്കുറിച്ചു ആശങ്കയുണ്ടോ? തലമുറകൾ ദൈവമില്ലാതെ നാശത്തിന്റെ വഴിയിൽ തിരക്കിട്ടു പായുന്നതിൽ സങ്കടമുണ്ടോ? എന്താണ് പ്രതിവിധി? ദൈവത്തിന്റെ കരങ്ങളിൽ ഉപയോഗപ്പെടുവാൻ വ്യക്തികൾ വേണം; യുവാക്കൾ വേണം. എന്റെ മകനെ അഥവാ മകളെ ദൈവം ഉപയോഗിക്കട്ടെ എന്ന് ആഗ്രഹിക്കുന്നുവോ? അതിനായി പ്രാർത്ഥിക്കുന്നുവോ? സുവിശേഷം പ്രസംഗിക്കുവാൻ, മാതൃകയുള്ള ജീവിതം നയിച്ച് ദൈവാരാജ്യത്തിലേക്കു ജനങ്ങളെ മാനസാന്തരം മുഖാന്തരം നയിക്കുവാൻ അവർ പോകട്ടെ. നിങ്ങളുടെ മക്കൾക്കായി നിങ്ങൾ

ശേഷം പേജ് 28 ▶



മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

വെളിപ്പാടിനാൽ ലഭിക്കുന്ന അറിവ്

"ആ സമയത്തു തന്നേ യേശു പറഞ്ഞതു: പിതാവേ, സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇതു ജ്ഞാനികൾക്കും വിവേകികൾക്കും മറെച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതു കൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ, പിതാവേ, ഇങ്ങനെയല്ലോ നിനക്കു പ്രസാദം തോന്നിയത്. എന്റെ പിതാവു സകലവും എങ്കൽ ഭരമേല്പിച്ചിരിക്കുന്നു; പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല; പുത്രനും, പുത്രൻ വെളിപ്പെടുത്തിക്കൊടുപ്പാൻ ഇച്ഛിക്കുന്നവനും അല്ലാതെ ആരും പിതാവിനെ അറിയുന്നതുമില്ല" (മത്തായി 11: 25-27).

മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വേദഭാഗം പുത്രൻ പിതാവിനു നന്ദി കരേറ്റുന്നതാണ്. അത് ഏതു സന്ദർഭത്തിലായിരുന്നു എന്ന വ്യക്തമായ സൂചനയും അവിടെയുണ്ട്. "ആ സമയത്തു തന്നെ" എന്നുള്ള പ്രയോഗം ആരംഭത്തിൽ കാണുന്നുണ്ടല്ലൊ. കർത്താവിന്റെ മിക്ക വീര്യപ്രവൃത്തികളും നടന്ന ബേത്ത്സയിദ, കോരസീൻ, കഫർന്നഹൂം എന്നീ പട്ടണങ്ങളിലുള്ള ജനങ്ങൾ മാനസാന്തരപ്പെടാതിരുന്നതിനാൽ അവരെ ശാസിച്ചു നിർത്തിയ ഉടനാണ് കർത്താവു പിതാവിന് നന്ദി കരേറ്റുന്നത്. അവർ മാനസാന്തരപ്പെടാഞ്ഞതിന്റെ ശരിയായ കാരണം അവർ അവരെ തന്നെ ജ്ഞാനികൾ എന്നും വിവേകികൾ എന്നുമാണ് ചിന്തിച്ചിരുന്നത് എന്നതാണ്. അതിനാൽ അവരുടെ നടുവിൽ പാർത്ത്, അത്ഭുതങ്ങൾ പ്രവർത്തിച്ച യേശു ദൈവപുത്രനായ അവരുടെ മശിഹാ ആണെന്നു അവർക്കു തിരിച്ചറിയാൻ കഴിഞ്ഞില്ല.

പുത്രൻ പിതാവിനു നന്ദി കരേറ്റുന്ന വിഷയം, തന്നെക്കുറിച്ചുള്ള വെളിപ്പാട് ആർക്കു കൊടുത്തു, ആർക്കു കൊടുത്തില്ല എന്നതിനെക്കുറിച്ചാണ്. ജ്ഞാനികൾക്കും വിവേകികൾക്കും പുത്രനെക്കുറിച്ചുള്ള വെളിപ്പാട് പിതാവ് നൽകിയില്ല. എല്ലാം അറിയാം എന്നു ചിന്തിച്ചുറച്ചിരിക്കുന്നവരെ ഒന്നും പഠിപ്പിക്കുവാൻ കഴിയില്ലല്ലൊ. ശിശുക്കൾക്ക്, അവർക്കു ഒന്നും അറിയില്ല എന്നു അവർ അറിയുന്നതുകൊണ്ട് പറഞ്ഞുകൊടുത്തു പഠിപ്പിക്കുവാൻ കഴിയുന്നു. ജ്ഞാനികൾ എന്നും വിവേകികൾ എന്നും മാനസാന്തരപ്പെടാഞ്ഞവർ സ്വയം ചിന്തിക്കുന്നതിനു കാരണം തങ്ങൾ അബ്രഹാമിന്റെ മക്കൾ ആണെന്നും തങ്ങളുടെ ദൈവമാണ് ഏറ്റവും വലിയ ദൈവമെന്നും, ആ ദൈവത്തിന്റെ സ്വന്ത ജനമാണ് തങ്ങൾ എന്നും ഒക്കെ അവർ ഊറ്റം കൊണ്ട് ചിന്തിച്ചിരുന്നു. അങ്ങനെ ചിന്തിച്ചിരുന്നവരോടു മശിഹായ്ക്കുവേണ്ടി വഴി ഒരുക്കുവാൻ നിയുക്തനായിരുന്ന യോഹന്നാൻ സ്നാപകൻ മുന്നറിയിപ്പു നൽകിയതാണ്. "അബ്രഹാം ഞങ്ങൾക്കു പിതാവായിട്ടുണ്ട് എന്നു ഉള്ളം കൊണ്ടു പറവാൻ തുനിയരുത്; ഈ കല്ലുകളിൽ നിന്നു അബ്രഹാമിനു മക്കളെ ഉളവാക്കുവാൻ ദൈവത്തിനു കഴിയും എന്നു ഞാൻ നിങ്ങളോടു പറയുന്നു" (മത്തായി 3 : 9).

നാം ചിന്തിച്ചുവരുന്ന ഈ 'ജ്ഞാനികളെയും വിവേകികളെയും' യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായത്തിൽ കാണാം. ആ അദ്ധ്യായം ശ്രദ്ധയോടെ പഠിച്ചാൽ ഇവരുടെ തനി നിറം മനസ്സിലാകും. അഞ്ച് അപ്പവും രണ്ടു മീനും കൊണ്ടു വലിയ ഒരു പുരുഷാരത്തെ പോഷിപ്പിച്ച സംഭവത്തിൽ ഈ കൂട്ടരും ഉണ്ടായിരുന്നു. അത്ഭുതം ചെയ്ത് ജനങ്ങളെ പറഞ്ഞയച്ചതിനു ശേഷം യേശുവും ശിഷ്യന്മാരും ഗലീലാക്കടലിന്റെ അക്കരെ കഫർന്നഹൂമിലേക്കു പോയി. അപ്പം തിന്നു തൃപ്തരായ ഇവർ ഇനിയും അപ്പം കിട്ടും എന്ന മിഥ്യാധാരണയാൽ യേശുവിനെ തിരഞ്ഞു കഫർന്ന

ഹൂമിൽ എത്തി. യേശുവിനെ കണ്ടെത്തിയ അവർ ചോദിക്കുന്നു, "റബ്ബീ, നീ എപ്പോൾ ഇവിടെ വന്നു?" യേശു മറുപടി നൽകി: "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല, അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രേ എന്നെ അന്വേഷിക്കുന്നത്. നശിച്ചു പോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിട്ടു തന്നേ പ്രവർത്തിപ്പിൻ; അതു മനുഷ്യപുത്രൻ നിങ്ങൾക്കു തരും (യോഹന്നാൻ 6: 26, 27).

വാസ്തവത്തിൽ തന്റെ അടുക്കൽ വന്ന പുരുഷാരത്തിനു കർത്താവ് രണ്ടു വിധ ആഹാരവും വിളമ്പി നൽകി. നിത്യജീവങ്കലേക്കു നിലനിൽക്കുന്ന നിത്യജീവന്റെ മൊഴികളും, താല്ക്കാലികമായ ഈ ലോകജീവിതത്തിനു ആവശ്യമായ അപ്പ നുറുക്കുകളും. അപ്പവും മീനും അവർ വയറു നിറയെ തിന്നു; നന്നായി ആസ്വദിച്ചു. എന്നാൽ നിത്യജീവന്റെ മൊഴികളെ തിരിച്ചറിഞ്ഞു ഗ്രഹിക്കുവാനോ ആസ്വദിക്കുവാനോ കഴിഞ്ഞില്ല. അപ്പം തിന്നുവാൻ വീണ്ടും അവർക്കു വിശപ്പും ആഗ്രഹവും ഉണ്ടായി. അതിനായിട്ട് അവർ യേശുവിനെ അന്വേഷിച്ചു. നിത്യജീവന്റെ മൊഴികൾ ഗ്രഹിക്കുവാൻ അവർക്കു കഴിഞ്ഞില്ല. കാരണം ദൈവത്തിനായുള്ള ആഗ്രഹം അവർക്കില്ലായിരുന്നു. പാരമ്പര്യത്തിൽ അഹങ്കരിച്ച് അബ്രഹാമിന്റെയും മോശെയുടെയും കാര്യം പറഞ്ഞു കഴിഞ്ഞതല്ലാതെ താഴ്മയോടെ ദൈവത്തെ അന്വേഷിക്കുവാൻ അവർക്കു കഴിഞ്ഞില്ല. അതിനാൽ യേശുവിന്റെ വചനത്തിങ്കൽ അവർ ഇടറിപ്പോയി. യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായം ശ്രദ്ധയോടെ വായിക്കുക. നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനു വേണ്ടി വിശപ്പു തോന്നാതിരുന്നതു കൊണ്ട് അത് അവർ അന്വേഷിച്ചില്ല. അതിനാൽ അതു നൽകുന്ന യേശുവിനെ അവർക്കു തിരിച്ചറിയുവാനും വിശ്വസിക്കുവാനും കഴിഞ്ഞില്ല. മാനസാന്തരപ്പെടുവാൻ കഴിയാത്ത കഠിനഹൃദയരായ ഇവരെയാണ് 'ജ്ഞാനികളും വിവേകികളും' എന്നു യേശു കർത്താവ് വിശേഷിപ്പിച്ചത്. അവരെപ്പോലെ അവരുടെ ഗുരുക്കന്മാരായ പരീശന്മാരും ശാസ്ത്രിമാരും 'ജ്ഞാനികളുടെയും വിവേകികളുടെയും' മുൻ നിരയിൽ ഉണ്ടായിരുന്നല്ലോ?

പിതാവു പുത്രനെക്കുറിച്ചുള്ള വെളിപ്പാട് ജ്ഞാനികൾക്കും വിവേകികൾക്കും മറെച്ചിട്ട് ശിശുക്കളെപ്പോലെയുണ്ടായിരുന്ന, മശിഹായെ യഥാർത്ഥമായും കാത്തിരുന്നവർക്കു വെളിപ്പെടുത്തികൊടുത്തു. യേശുവിനെ ക്രിസ്തുവായി അഥവാ മശിഹാ ആയി തിരിച്ചറിഞ്ഞവർ സകലവും വിട്ടു അവനെ അനുഗമിച്ചു.

ജ്ഞാനികളും വിവേകികളും എന്നു ചിന്തിച്ചവർക്കു യേശു വിദ്യാഭ്യാസം ചെയ്യാത്തവൻ ആയിരുന്നു (യോഹന്നാൻ 7: 15). അന്നത്തെ യെഹൂദാ റബ്ബിമാർ എല്ലാം മുതിർന്ന റബ്ബിമാരുടെ ശിഷ്യത്വം സ്വീകരിച്ച് അവരിൽ നിന്നും വേദശാസ്ത്രം പഠിച്ചവരാണ്. അന്നത്തെ വിദ്യാഭ്യാസം തിരുവെഴുത്തുകളെ റബ്ബിമാരിൽ നിന്നും പഠിക്കുന്നതായിരുന്നു. യേശുകർത്താവ് ഒരു റബ്ബിയുടെയും ശിഷ്യത്വം സ്വീകരിച്ചു പഠിച്ചിട്ടില്ല. വാസ്തവത്തിൻ താൻ ആണ് ന്യായപ്രമാണ കർത്താവ് എന്നും മോശെ മുഖാന്തിരം ന്യായപ്രമാണം നൽകിയതെന്നും അവർക്കു ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. ന്യായപ്രമാണം അവരുടെ പക്കൽ ഉണ്ടായിരുന്നു. ന്യായപ്രമാണത്തെ ആധാരമാക്കി ഉന്നത വിദ്യാഭ്യാസവും അവർ ചെയ്തിരുന്നു. എന്നാൽ ന്യായപ്രമാണം ശരിക്കും ഉൾക്കൊള്ളുവാനോ ജീവിതത്തിൽ പ്രാവർത്തികമാക്കുവാനോ അവർക്കു കഴിഞ്ഞില്ല (യോഹന്നാൻ 7 : 19). ന്യായപ്രമാണത്തിൽ അവർക്കു ഉണ്ടെന്നു പറയുന്ന അറിവ് തങ്ങളുടെ വാഗ്ദത്ത മശിഹായെ തിരിച്ചറിയുന്നതിനോ അവനിൽ വിശ്വസിക്കുന്നതിനോ അവരെ സഹായിച്ചില്ല; പ്രത്യുത ക്രിസ്തുവിനെ തിരസ്ക്കരിക്കുവാൻ മാത്രമാണ് അവരുടെ അറിവ് ഇടയാക്കിയത്.

ഇന്നും ഇതൊരു വാസ്തവമാണ്. വേദപുസ്തകത്തിൽ നമുക്കു ഉണ്ടെന്നു അവകാശപ്പെടുന്ന അറിവ് നമ്മെ യഥാർത്ഥ ആത്മീക ജീവിതത്തിലേക്കു നയിക്കുന്നില്ലെങ്കിൽ എന്താണ് പ്രയോജനം? വേദശാസ്ത്രത്തിൽ ബിരുദങ്ങളും, ബിരുദാനന്തര ബിരുദങ്ങളും, ഡോക്ടറേറ്റും ഒക്കെ നാം വാരിക്കൂട്ടുന്നുണ്ട്. പ്രസംഗിക്കുവാനും, എഴുതുവാനും ഒക്കെ നമുക്കറിയാം. പക്ഷെ, കർത്താവിന്റെ വരവിനായി ഒരുങ്ങിയിരിക്കുവാൻ ഈ അറിവ് നമ്മെ സഹായിക്കുന്നുണ്ടോ എന്നതാണ് ചോദ്യം.

കർത്താവിന്റെ ശിഷ്യന്മാർ സാമാന്യരും പഠിപ്പില്ലാത്തവരും ആയിരുന്നു. എന്നാൽ കർത്താവ് ചെയ്ത അടയാളങ്ങൾ കണ്ടപ്പോൾ കർത്താവിൽ വിശ്വസിക്കുവാൻ അത് അവർക്കു കാരണമായി. അവരുടെ ആന്തരിക കണ്ണുകൾ തുറന്ന് അവർ യേശുവിനെ അവരുടെ മശിഹായായി തിരിച്ചറിഞ്ഞു. അവർ എണ്ണത്തിൽ ചുരുക്കമായിരുന്നു. എന്നാൽ കർത്താവ് അവരിൽ ആനന്ദം കണ്ടെത്തി.

അവരെ ഓർത്താണ് പിതാവിനു നന്ദി അർപ്പിച്ചത്.

പിതാവ് പുത്രനെ ആർക്കൊക്കെ വെളിപ്പെടുത്തി കൊടുത്തുവോ അവർക്കു യേശു ദൈവപുത്രനാണെന്നു തിരിച്ചറിയുവാൻ കഴിഞ്ഞു. മറ്റുള്ളവർക്കെല്ലാം യേശു ഒരു സാധാരണ മനുഷ്യനായിരുന്നു. ചിലർ യേശു ഒരു പ്രവാചകൻ ആകാം എന്നു ചിന്തിച്ചു. എന്നാൽ ചിലർ, ഏതെങ്കിലും ഭൂതത്തിന്റെ സഹായത്താലോ, ഭൂതങ്ങളുടെ തലവന്റെ സഹായത്താലോ ആണ് യേശു പ്രവർത്തിക്കുന്നതെന്നു വരെ ആക്ഷേപം ഉയർത്തി. അവരുടെ അന്ധതയുടെ വികൃതരൂപം! പുത്രൻ ആർക്കൊക്കെ വെളിപ്പെട്ടു കിട്ടിയോ, അവർക്കു പുത്രൻ പിതാവിനെ വെളിപ്പെടുത്തിക്കൊടുത്തു. പിതാവിനെ വെളിപ്പെട്ടു കിട്ടുന്നത് പുത്രനെ വെളിപ്പെട്ടു കിട്ടുന്നവർക്കു മാത്രമാണ്. പുത്രനിലൂടെ അല്ലാതെ ആരും പിതാവിനെ അറിയുന്നില്ല. പുത്രനെ കാണുന്നവർക്കാണ് പിതാവിനെ കാണുവാൻ കഴിയുന്നത്. അതിനാൽ പുത്രനെ നിഷേധിക്കുന്നവർക്കു പിതാവിനെ അറിയുവാനേ കഴിയുന്നതല്ല. ▪

➢ 25 സ്ത്രീ അമ്മ എന്ന നിലയിൽ

അങ്ങനെ ആഗ്രഹിച്ചു പ്രാർത്ഥിക്കുന്നുവോ? ഹന്നാ എന്ന അമ്മ ഇന്ന് നമുക്ക് ഒരു വെല്ലുവിളിയായിരിക്കട്ടെ.

മക്കളുടെ പരിചരണം ഒരു ശുശ്രൂഷ.

'എന്നാൽ വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധീകരണത്തിലും സുബോധത്തോടെ പാർക്കുന്നുവെങ്കിൽ അവൾ മക്കളെ പ്രസവിച്ചു രക്ഷ പ്രാപിക്കും' (1 തിമൊഥെയൊസ് 2:15). സ്ത്രീ വിനയത്തോടെ വിശ്വാസത്തിലും സ്നേഹത്തിലും പരിശുദ്ധിയിലും ജീവിതം നയിക്കുന്ന പക്ഷം മാതൃത്വത്തിലൂടെ രക്ഷിക്കപ്പെടും(ഓശാന പരിഭാഷ). 'മക്കളെ വളർത്തി രക്ഷ പ്രാപിക്കുക'. (women will be saved accepting their role as mothers അമ്മമാരായുള്ള തങ്ങളുടെ റോൾ അംഗീകരിച്ചു കൊണ്ട് സ്ത്രീകൾ രക്ഷപ്രാപിക്കും) സ്ത്രീ അമ്മയാകുവാൻ സൃഷ്ടിക്കപ്പെട്ടവളാണ്. ഉദരത്തിൽ കൊടുക്കുന്ന കുഞ്ഞിനെ അവളുടെ പരിചരണത്തിൽ വളർത്തുവാൻ ദൈവം അവൾക്കു നൽകുകയാണ്. ഇത് ദൈവത്താൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൗത്യവും ശുശ്രൂഷയുമാണ്. യാതൊരു കാരണവശാലും ഒരമ്മയും ഇതിനെ അവഗണിക്കുവാൻ പാടുള്ളതല്ല.

കുടുംബം നോക്കുക എന്ന ചിന്തയാൽ പഴയകാലങ്ങളിൽ സ്ത്രീകൾക്ക് അധികം വിദ്യാഭ്യാസം കൊടുത്തിരുന്നില്ല. എന്നാൽ ആ കാലത്തിനു മാറ്റമുണ്ടായി. ഇന്ന് സ്ത്രീകൾ പുരുഷന്മാരേക്കാൾ വിദ്യാഭ്യാസത്തിൽ ഏറെക്കുറെ മുന്നിലാണ്. എല്ലാ ജോലികളിലും സ്ത്രീകളും സാമർഥ്യം തെളിയിച്ചിട്ടുണ്ട്. പക്ഷെ ഈ പുരോഗമന ആശയത്തിലും മുന്നേറ്റത്തിലും 'മക്കളെ വളർത്തുക' എന്ന അതിപ്രധാന ശുശ്രൂഷ അവഗണിക്കപ്പെട്ടിട്ടുണ്ടെങ്കിൽ നാം ചെയ്യുന്നത് ഭോഷത്വമായിരിക്കും. അമ്മമാരേ, ദൈവം ഏൽപ്പിച്ച ദൗത്യം പൂർത്തീകരിച്ചു എങ്കിൽ മാത്രമേ ദൈവസന്നിധിയിൽ പ്രാഗത്ഭ്യത്തോടെ നിൽക്കുവാൻ കഴിയുകയുള്ളു. അതിനാൽ വിദ്യാഭ്യാസത്തിന്റെ ലഹരിയിലും ജോലിയുടെ തിരക്കിലും ദൈവം നൽകിയ കുഞ്ഞുങ്ങൾ ഞെരുങ്ങരുത്. അവരുടെ ശരിയായ പരിചരണത്തിന് ആവശ്യമായ സമയം കണ്ടെത്തി മറ്റുള്ള കാര്യങ്ങളെ ക്രമീകരിക്കുക. കുഞ്ഞുങ്ങളെ വളർത്തുന്നതിനെയാണ് കുടുംബം അഥവാ ഗൃഹം പണിയുക എന്നതിനാൽ ഉദ്ദേശിക്കുന്നത്. 'നിന്റെ വീട്ടിൽ വന്നിരിക്കുന്ന സ്ത്രീയെ യഹോവ റാഹേലിനെ പോലെയും ലേയയെ പോലെയും ആക്കട്ടെ; അവർ ഇരുവരുമല്ലോ യിസ്രായേൽ ഗൃഹം പണിതത്' (രൂത്ത് 4 :11).

കുഞ്ഞുങ്ങളെ പ്രസവിക്കുന്നത് ഒരു വരദാനമാണ്. അവരെ വളർത്തുന്നത് മാന്യമായ ശുശ്രൂഷയും. അവർ വളർന്നു ദൈവം അവരെ ആക്കുവാൻ ആഗ്രഹിക്കുന്നതുപോലെ ആയിത്തീരുമ്പോൾ കുടുംബം പണിയപ്പെടുന്നു. ദൈവരാജ്യത്തിനു നമ്മുടെ മക്കൾ പ്രയോജനപ്പെടുമ്പോൾ ദൈവരാജ്യത്തിന്റെ പണിയിൽ നാം പങ്കുള്ളവരായിത്തീരുന്നു. അതിനാൽ ദൈവം നിങ്ങളെ ഏൽപ്പിക്കുന്ന ഏതു ശുശ്രൂഷയും പോലെ പ്രധാനപ്പെട്ടതാണ് 'മക്കളെ വളർത്തുക' എന്നത്. അതിന് അധ്വാനവും സമർപ്പണവും, ഉറക്കിളപ്പും സഹനവും ഒക്കെ വേണം. അവരെ സ്നേഹിക്കുകയും ഓമനിക്കയും അപ്പോൾ തന്നെ ദൈവവചനം പകർന്നു നൽകുകയും ചെയ്യുമ്പോൾ വലിയ ശുശ്രൂഷയാണ് നിങ്ങൾ ചെയ്യുന്നതെന്നറിഞ്ഞു സന്തോഷിക്കുക. നിങ്ങളുടെ പ്രവർത്തിക്കു പ്രതിഫലം ഉണ്ട്, നിശ്ചയം! ▪

8 വീര്യമുള്ള ഉപ്പിന്റെ മർമ്മം

മനുഷ്യനു സ്വാഭാവികമായി ദാനംചെയ്തിരിക്കുന്ന ആത്മീയപരിപോഷണങ്ങളെ അവർക്കു ഉപയോഗിക്കാൻ പാകത്തിൽ ഒരുക്കിക്കൊടുക്കുകയാണു ഒരു ശിഷ്യന്റെ ചുമതല.!

ഭോജനയാഗത്തിന്റെ അനിവാര്യഘടകമായിരുന്നു ഉപ്പ്. (ലേവ്യർ 2: 13). തെറ്റിക്കൂടാത്ത ഉടമ്പടിയുടെ ചിഹ്നമാണ് ഉപ്പ് ! "നിന്റെ ദൈവത്തിന്റെ നിയമത്തിൽ ഉപ്പ് ഭോജനയാഗത്തിൽ ഇല്ലാതിരിക്കരുത്! (ലേവ്യർ 2:13). യഹോവയുടെ സന്നിധിയിൽ നിനക്കും നിന്റെ സന്തതിക്കും ഇതു ഒരു "ലവണ നിയമം" ആയിരിക്കണം (സംഖ്യ 18:19). യെഹസ്കേലിന്റെ ദർശനത്തിലെ ആലയത്തിൽ ഹോമയാഗത്തിനു കൊണ്ടുവരുന്ന ആട്ടിൻകുട്ടിയുടെ മേലും കാളക്കുട്ടിയുടെമേലും പുരോഹിതൻ ഉപ്പുവിതറിയശേഷമാണു അവയെ യാഗമർപ്പിക്കുന്നത്(യെഹസ്കേൽ 43:24).

ഉപ്പിന്റെ ഗുണവിശേഷങ്ങൾ പോലെതന്നെ **ഉപ്പിന്റെ പ്രത്യേകതകളും നാം അറിയേണ്ടതുണ്ട്. ഒന്നാമത്തേത്, ഒറ്റയ്ക്കു കഴിയാനല്ല, ഇടപഴകുവാനാണ് ഇതിന്റെ വിളി.** പലരുടെയും ചിന്ത ക്രിസ്ത്യാനിത്വം അവരും ദൈവവും തമ്മിലുള്ള ഒരു സ്വകാര്യ ഇടപെടലാണെന്നാണ്. എന്നാൽ, വാസ്തവമെന്താണ്? ദൈവം നമ്മെ വിളിച്ചതു വ്യക്തിഗതമാണെങ്കിലും മലമുകളിൽ പോയി തപസ്സു ചെയ്ത് 'ശക്തി' പ്രാപിക്കാനല്ല ദൈവം നമ്മെ നിയോഗിച്ചിരിക്കുന്നത്. നാം ദൈവത്തോടു ആത്മാവിൽ ചേർന്നിരിക്കുമ്പോൾതന്നെ ലോകത്തിൽ ജനങ്ങളുമായി ഇടപഴകി (involvement) ജീവിക്കണമെന്നുതന്നെയാണു ദൈവം ആഗ്രഹിക്കുന്നത്. യേശു നമ്മെ വീണ്ടെടുത്തതു സ്വർഗത്തിലിരുന്നുകൊണ്ടല്ല, ഭൂമിയിൽ ഇറങ്ങിവന്നിട്ടാണ്. നാമും ലോകത്തെ നേടേണ്ടതിനു ജനങ്ങളുടെ ഇടയിലേക്കു ഇറങ്ങിച്ചെല്ലണം. സമൂഹത്തിൽ നിന്നു മാറിനിന്നുകൊണ്ടു ആർക്കും ഭൂമിയുടെ ഉപ്പാകുവാൻ കഴികയില്ല!

ഉപ്പിന്റെ രണ്ടാമത്തെ പ്രത്യേകത അതിന്റെ ഏകപക്ഷീയമായ സ്വാധീനം (one way influence) ആണ്. നാം കറിക്കു ഉപ്പു ചേർക്കുന്നു. ഉപ്പിന്റെ രുചി കറിക്കു കിട്ടുകയാണ്; അല്ലാതെ കറി ഉപ്പിൽ പിടിക്കുകയല്ല. ശിഷ്യൻ എപ്പോഴും ലോകത്തെ- മറ്റുള്ളവരെ സ്വാധീനിക്കുകയാണ്. അല്ലാതെ, ലോകം ഒരിക്കലും ശിഷ്യനെ സ്വാധീനിക്കുകയല്ല. എന്നാൽ, ഇന്നു ഇതു എത്രത്തോളം വാസ്തവമാണ്? നമ്മുടെ കുഞ്ഞുങ്ങൾ സ്കൂളിൽ നിന്നു മടങ്ങിവരുമ്പോൾ, വീട്ടിലെത്തിയപ്പോൾ, അറിയാതെ സിനിമാപ്പാട്ടുകൾ പാടുന്നതു കേട്ടിട്ടില്ലേ? കാരണമെന്ത്? അവർ ലോകത്താൽ സ്വാധീനിക്കപ്പെടുന്നു. എന്നാൽ നിങ്ങളുടെ കുട്ടിയുടെകൂടെ പഠിക്കുന്ന വിജാതീയരായ കുഞ്ഞുങ്ങൾ അവരുടെ വീട്ടിൽ ചെന്നു, "യേശുവേ എൻ പ്രാണനായകാ, ജീവനെനിക്കേകിയോനേ..." എന്നു പാടാറുണ്ടോ? *ആര് ആരെയാണു സ്വാധീനിക്കുന്നത്? നാം ലോകത്തെയോ? ലോകം നമ്മളെയോ?*

ഓഫീസിൽ നിങ്ങളുടെ സഹപ്രവർത്തകർ ഉപയോഗിക്കുന്ന വ്യർഥവാക്കുകൾ നിങ്ങളുടെ നാവിൻതുമ്പിൽ എത്താറുണ്ടോ? ഓരോ പ്രതിസന്ധിഘട്ടത്തിലും ലോകമനുഷ്യരെപ്പോലെ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ലോകമനുഷ്യൻ നിങ്ങളിലേക്കു ആകുലചിന്തകൾ കുത്തിവെച്ചോ; അതോ, ലോകമനുഷ്യനെ നിങ്ങൾ ദൈവാശ്രയം പഠിപ്പിച്ചോ?

മൂന്നാമതായി ഉപ്പ്, എപ്പോഴും അങ്ങോട്ടു കൊടുക്കുകയാണ്; അല്ലാതെ ഇങ്ങോട്ടു സ്വീകരിക്കുകയല്ല. *ഭക്ഷണത്തിനു രുചിവരുമ്പോഴാകട്ടെ, ഭക്ഷണം പരിരക്ഷിക്കുമ്പോഴാകട്ടെ, വൃക്ഷത്തിനു വളമാവുമ്പോഴാകട്ടെ.. ഈ പ്രവൃത്തികളൊന്നും ഉപ്പിനു പ്രയോജനം വരുത്തുകയല്ല, ഉപ്പിനു 'നഷ്ടം' വരുത്തുകയാണു ചെയ്യുന്നത്.* ഉപ്പ് ഒരിക്കലും മതിവരാത്ത കന്നട്ടയെപ്പോലെ (സദൃശവാക്യങ്ങൾ 30:15) "തരിക, തരിക" എന്നു നിലവിളിക്കുകയല്ല. ഉപ്പു പറയുന്നതു "എടുത്തോ" എന്നായിരിക്കും. ഉപ്പിന്റെ സഹവാസത്തിൽ ഗുണഭോക്താവ് ഒരിക്കലും ഉപ്പല്ല, സഹവസിക്കുന്നതെന്തോ, അതാണ്!

യഥാർഥ ക്രിസ്തുശിഷ്യൻ പറയുന്നതു "എടുത്തോ എടുത്തോ" എന്നായിരിക്കും. അവൻ ചെലവിടുന്നവനാണ്. മറ്റുള്ളവർക്കു കൊടുത്തുകൊണ്ടേയിരിക്കുന്നവനാണ്. ആരിൽനിന്നും ഒന്നും കൈക്കലാക്കണമെന്നു അവൻ ആഗ്രഹിക്കുന്നില്ല.

ഈ മനോഭാവം ലോകത്തിന്റെ സ്വാഭാവിക ചിന്തകൾക്കു വിപരീതമാണ് എന്നു നിങ്ങൾ പറഞ്ഞേക്കാം. ശരിയാണ്. *ആധുനിക ബിസിനസു സംസ്കാരത്തിൽ എല്ലാവരും ലാഭം നോക്കുന്നു. ഓരോരുത്തരും അവരവരുടെ കഴിവനുസരിച്ച് അന്യരെ ചൂഷണംചെയ്യുന്നു.* ഞാൻ നിന്നെ

'മാക്സിമം' ചൂഷണംചെയ്യും; അതിനെന്നെ അനുവദിക്കാതിരിക്കുന്നതു നിന്റെ മിടുക്ക്. എനിക്കുണ്ട് ചൂഷണം ചെയ്യുവാനുള്ള വ്യഗ്രത - ഇതാണു ബിസിനസ് സംസ്കാരം. എല്ലാവരും സ്വന്തം കാര്യം നോക്കുന്ന മിടുക്കന്മാരുടെ ഈ ലോകത്തിൽ മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്ന "മണ്ട"ന്മാരാകണം ക്രിസ്തുശിഷ്യർ. "ഞങ്ങൾ ക്രിസ്തുനിമിത്തം ഭോഷന്മാർ"(1 കൊരിന്ത്യർ 4:10). അങ്ങനെയുള്ള മണ്ടന്മാർക്കു മാത്രമേ ഭൂമിയുടെ ഉപ്പാകാൻ പറ്റൂ.

നാലാമതായി, ഉപ്പിന്റെ രൂപത്തിലല്ല രുചിയിലാണു അതിന്റെ സ്വാത്മവിശേഷത (identity) എന്നതാണ്. ഉപ്പിന്റെ രൂപഭംഗി ഒരിക്കലും നാം കാര്യമാക്കിയെടുക്കാറില്ല. എത്ര മനോഹരമായാലും പ്രവർത്തിച്ചുതുടങ്ങുമ്പോൾ നഷ്ടപ്പെടുന്നതാണല്ലോ അതിന്റെ രൂപം! ഒരു ക്രിസ്തുശിഷ്യന്റെ ബാഹ്യരൂപമല്ല, അയാളുടെ സ്വാധീനമാണു സുപ്രധാനമായിരിക്കുന്നത്. ശിഷ്യന്റേതു ആഡംഭര പൂർണമായ ഒരു ജീവിതമായിരിക്കുകയില്ല. പുറമെ കാണിക്കുവാൻ ഒരുപക്ഷേ അയാൾക്കു ഒന്നും ഉണ്ടായിരിക്കുകയില്ല. മോടികൂടിയ വസ്ത്രമോ കമനീയമായ വാസസ്ഥലമോ അയാൾക്കു ഇല്ലായിരിക്കും. ഒരുപക്ഷേ ശിഷ്യന്റെ പോസ്റ്ററുകളും കൂറ്റൻ ഫ്ളെക്സുകളും കവലകളിൽ പ്രദർശിപ്പിക്കപ്പെട്ടിട്ടില്ലായിരിക്കാം. ശിഷ്യനെ അറിയുന്നതു ഈ വക കാര്യങ്ങളാലൊന്നുമല്ല, അയാളുടെ സ്വാധീനത്താലാണ്! മൂന്നര നൂറ്റാണ്ടുമുമ്പു ജനീവയിലെ ഒരു കോൺവെന്റിൽ താമസിച്ചിരുന്ന, വിശ്വാസത്തിന്റെ പേരിൽ ഏറെ പീഡനങ്ങൾ ഏറ്റുവാങ്ങിയ മദാം ഗ്യോൺ (Madame Guyon) തന്റെ ജീവകാലത്തു നിറപ്പകിട്ടില്ലാത്ത ഒരു ജീവിതമാണു നയിച്ചത്. എന്നാൽ, അവരുടെ സ്വാധീനം നൂറ്റാണ്ടുകൾ നീണ്ടുനിന്നതായിരുന്നു. ഡി. എൽ. മൂഡിയും ജോൺ വെസ്ലിയും മൊറേവിയൻ മിഷനറി പ്രസ്ഥാനത്തിന്റെ തലതൊട്ടപ്പനായിരുന്ന കൗണ്ട് സിൻസൻ ഡോർപ്പുമെല്ലാം ആ പ്രശസ്ത വനിതയാൽ സ്വാധീനിക്കപ്പെട്ടവരായിരുന്നു.

അഞ്ചാമതായി, ഉപ്പിന്റെ പ്രത്യേകത അതു അലിഞ്ഞലിഞ്ഞു ഇല്ലാതാവുകയാണ്; അല്ലാതെ അടിഞ്ഞടിഞ്ഞു വീർത്തുവരികയല്ല. ആധുനിക സമൂഹത്തിൽ ഓരോരുത്തരും സ്വയം വളരാനാണു നോക്കുന്നത്. മനുഷ്യൻ ജോലിചെയ്യുന്നതും ജോലിക്കു വേതനംവാങ്ങുന്നതും തെറ്റാണെന്നല്ല. എന്നാൽ, ശമ്പളത്തിനുവേണ്ടി മാത്രം ജോലിചെയ്യുന്നതു ഒരു പുതിയ വഴിത്തിരിവാണ്. സേവനത്തിനു മുൻതൂക്കമുള്ള പല പ്രൊഫഷനുകളും പണ്ടു നമുക്കുണ്ടായിരുന്നു. മിക്ക അധ്യാപകരും ഡോക്ടർമാരും ശമ്പളത്തിനപ്പുറത്തു പ്രൊഫഷനിലെ ധാർമികതയ്ക്കുവേണ്ടി നിലകൊണ്ടവരായിരുന്നു! ജനങ്ങൾക്കുവേണ്ടി പത്രമിറക്കിയ എത്രയോ പത്രാധിപർ നമുക്കുണ്ടായിരുന്നു!

എന്നാലിന്നു വിദ്യാഭ്യാസ, ചികിത്സാമേഖലകളും മീഡിയയും എല്ലാം ധനാഗമമാർഗം മാത്രമായി അധഃപതിച്ചിരിക്കുന്നു. സ്വയം വളരുവാനുള്ള ഒരു വഴി എന്ന നിലയിൽ മാത്രം നാം കാര്യങ്ങളെ കാണുന്നു."ജനസേവനം" എന്നപേരിലാണു രാഷ്ട്രീയ-മത-ജീവകാരുണ്യ പ്രവർത്തനങ്ങൾ അറിയപ്പെട്ടിരുന്നത്. ഈ മേഖലയിൽ പ്രവർത്തകർ മിക്കവരും സ്വയം സേവകർ ആയിരുന്നു. അവരുടെ ജീവസന്ധാരണം നിർവഹിക്കപ്പെട്ടിരുന്നെങ്കിലും, ഒരിക്കലും അവർ ഈ മേഖലയെ ധനസമ്പാധന മാർഗമായി ഉപയോഗിച്ചിരുന്നില്ല. ലളിതവും ത്യാഗപൂർണവുമായ ജീവിതമായിരുന്നു അവരുടേത്! എന്നാലിന്നോ? രാഷ്ട്രീയക്കാരനും മതപ്രവർത്തകനും സ്വത്തു സമ്പാദിക്കുവാൻ മത്സരിക്കുന്നു. അവർക്കു സ്വിസ്ബാങ്കുകളിൽപോലും സമ്പാദ്യങ്ങളുണ്ട്. ജീവകാരുണ്യ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർക്കു മൾട്ടിനാഷണൽ കമ്പനികളിൽ പ്രവർത്തിക്കുന്നവരുടെ ഇരട്ടി ശമ്പളമാണ്.


ഒരു യഥാർഥ ശിഷ്യനു ഏതു ജോലിയും സമൂഹത്തെ സേവിക്കുവാനുള്ള ഒരു ഉപാധിയാണ്. അവൻ ജീവിക്കുന്നതു മറ്റുള്ളവർക്കുവേണ്ടിയാണ്., അവനുവേണ്ടിത്തന്നെയല്ല. അവൻ യഥാർഥ ക്രിസ്തുശിഷ്യൻ- ഭൂമിയുടെ ഉപ്പാണ്. അവൻ സ്വയം വീർത്തുവരികയില്ല. അലിഞ്ഞലിഞ്ഞു ഇല്ലാതാകുകയാണ്!

ആറാമതായി, ഉപ്പിന്റെ സേവനം നിശബ്ദമാണ്! അതു എപ്പോഴും മറ്റുള്ളവർക്കു കൊടുത്തുകൊണ്ടിരിക്കുന്നുവെങ്കിലും കൊടുക്കുന്നതിന്റെ പേരിൽ ഞെളിഞ്ഞുനിന്നു അഹങ്കാരം പറയുകയില്ല. അതു അലിഞ്ഞലിഞ്ഞു ഇല്ലാതെയായിപ്പോകുന്നുവെങ്കിലും അലിയുന്നതിന്റെ വേദന തെരുവീഥിയിൽ കൊട്ടിഘോഷിക്കുകയില്ല. ഒരു ക്രിസ്തുശിഷ്യന്റെ സേവനം നിശബ്ദസേവനമാണ്. ആരെയും കാണിക്കാനോ ആരെയെങ്കിലും കേൾപ്പിക്കുവാനോ അവൻ ഒന്നും ചെയ്യുന്നില്ല. എന്നാൽ, അവൻ അലിഞ്ഞ് ഇല്ലാതാകുമ്പോൾ അവന്റെ സ്വാധീനത്തിൽ അനേകർ ജീവൻ പ്രാപിക്കുന്നതു ഒരു യാഥാർഥ്യമായിത്തീരും. അതെ ഒരു ക്രിസ്തുശിഷ്യൻ ഭൂമിയുടെ ഉപ്പാകുന്നു. •

ഇടിവിൽ നിൽക്കാം

പ്രമുഖ സുവിശേഷകനും പ്രശസ്ത എഴുത്തുകാരനുമായ വെസ്ലി ഡ്യുവൽ തന്റെ ഒരു അനുഭവം എഴുതിയിട്ടുള്ളത് വായിച്ചതോർക്കുന്നു. 1930 ൽ സംഭവിച്ച ഒരു കാര്യമാണ്. അമേരിക്കയിലെ ഒക്കലഹോമയിൽ, തീഷ്ണതയുള്ള വിശ്വാസിയായ ജോർജ് ഷെറിക്കിന്റെ പ്രാർത്ഥനാനുഭവമായി ബന്ധപ്പെട്ടതാണത്. യേശുക്രിസ്തുവിനെ സാക്ഷീകരിക്കുന്നതിൽ അദ്ദേഹം എന്നും ഉത്സുകനായിരുന്നു. പട്ടണത്തിൽ ബാർബർ ഷോപ്പ് നടത്തുകയായിരുന്നു അദ്ദേഹം. ഉച്ചകഴിഞ്ഞു കടയടച്ചു കടയ്ക്കുള്ളിലിരുന്നു പ്രാർത്ഥിക്കുക അദ്ദേഹത്തിന്റെ പതിവായിരുന്നു. പ്രാർത്ഥനയ്ക്കായി ആ സ്ഥാപനത്തിൽ ഒരു ഉൾമുറിയും തനിക്കുണ്ടായിരുന്നു. രാത്രി വേളകളിലും അദ്ദേഹം ധാരാളം സമയം പ്രാർത്ഥനയ്ക്കായി നീക്കിവച്ചിരുന്നു. ഒരു ദിവസം തന്റെ നഗരത്തിലെ ഡെപ്യൂട്ടി മേയർക്ക് വേണ്ടി പ്രാർത്ഥിക്കാൻ അദ്ദേഹത്തിന് പ്രേരണയുണ്ടായി. അദ്ദേഹം തന്റെ കടയ്ക്കുള്ളിലിരുന്നു രാത്രിയിൽ പ്രാർത്ഥിക്കാൻ തുടങ്ങി. വെളുപ്പിന് 2 മണി ആയ സമയം! വെളുപ്പിന് ജോർജ് ഷെറി ബാർബർ ഷോപ്പിൽ കാണുമെന്നു ആർക്കും ചിന്തിക്കാൻ ആവില്ല. പക്ഷെ ആ കടയുടെ വാതിലിൽ ആരോ മുട്ടി വിളിക്കുന്നു! ശബ്ദം കേട്ട് പ്രാർഥനാ മുറിയിൽ നിന്ന് ജോർജ് ഇറങ്ങി ചെല്ലുമ്പോൾ, തന്നെ അത്ഭുതപ്പെടുത്തി കൊണ്ട് അതാ നിൽക്കുന്നു ഡെപ്യൂട്ടി മേയർ! ആ രാത്രി വേളയിൽ അദ്ദേഹം തന്റെ ജീവിതം ക്രിസ്തുവിനായി അർപ്പിച്ചു.

ഇടിവിൽ നിന്നുള്ള പ്രാർഥനയുടെ അനിവാര്യതയും പ്രാധാന്യവും ഏറ്റവും അധികം പ്രസക്തമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ലോകമെത്തിയിരിക്കുന്നത്. ക്രിസ്തുവിന്റെ സഭയുടെ ഏറ്റവും വലിയ സ്രോതസ്സും ശേഷിയും പ്രാർഥനയാണ്. പ്രാർഥനയ്ക്ക് യേശുക്രിസ്തു നൽകിയ പ്രാധാന്യം ഓരോ ക്രിസ്തു ഭക്തരെയും ചിന്തിപ്പിക്കേണ്ടതുണ്ട്. പ്രാർഥനയ്ക്ക് നമുക്ക് എപ്പോഴുമുള്ള മാതൃകയും ക്രിസ്തു തന്നെയാണ്. അത്ഭുതങ്ങൾ ചെയ്യുന്നതിനിടയിലും രോഗികൾക്ക് സൗഖ്യം പകരുന്നതിനിടയിലും തന്റെ പ്രസംഗങ്ങൾക്കിടയിലും അവിടുന്നു വാങ്ങിപ്പോയി ഏകനായി പിതൃസന്നിധിയിൽ പ്രാർഥിക്കുക പതിവായിരുന്നു.പ്രാർഥനയെക്കുറിച്ചു ധാരാളം ഉപദേശങ്ങളും മുന്നറിയിപ്പുകളും ക്രിസ്തു തന്റെ ശിഷ്യർക്ക് നൽകിയത് വിശുദ്ധ തിരുവെഴുത്തുകളിൽ കാണാം. തന്റെ പ്രസിദ്ധമായ ഗിരിപ്രഭാഷണത്തിൽ (മത്തായി 5,6,7 അധ്യായങ്ങൾ) പ്രാർത്ഥനയുടെ പ്രാധാന്യം വെളിപ്പെടുത്തുന്നു. വ്യക്തിപരമായും സമൂഹമായും ഉള്ള പ്രാർഥനയെക്കുറിച്ചു നാം ഏറെ ചിന്തിക്കേണ്ട കാലമാണിത്. ദൈവത്തിങ്കൽ ഏകാഗ്രചിത്തന്മാരായ പ്രാർഥനാ മനുഷ്യർക്ക് വേണ്ടിയാണ് ദൈവം അവിടുത്തെ മഹത്വം വെളിപ്പെടുത്തുന്നത്! ഒരു ദൈവപൈതൽ മുട്ടിമേൽ നിൽക്കുന്നത് കാണുമ്പോൾ പിശാച് വിറക്കും! അതെ, ഇടിവിൽ നിന്നു പ്രാർഥിക്കുന്ന ഒരു പോരാളി ലോകം കീഴടക്കിയ അലക്സാണ്ടറെക്കാളും, നെപ്പോളിയനെക്കാളും ഏതൊരു സൈന്യാധിപനെക്കാളും ശക്തനാണ്. എല്ലാറ്റിനായും എല്ലായ്പോഴും പ്രാർഥിക്കുവാനാണ് നമ്മെക്കുറിച്ചുള്ള ദൈവേഷ്ടം. ആകയാൽ പ്രാർഥനയ്ക്ക് പകരം വയ്ക്കാൻ മറ്റൊന്നും ഇല്ല. അത് പ്രാർഥന മാത്രമാണ്. ഇടിവിൽ നിന്നുള്ള പ്രാർത്ഥനയ്ക്കായി നമ്മെ തന്നെ വീണ്ടും സമർപ്പിക്കാം.



എംസി

Bank Account Details:

SOUTH INDIAN Bank

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
South Indian Bank,
Kanjikuzhy - Kottayam.

വാർഷിക വരിസംഖ്യ 200 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ....

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ.
മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.09.2020

NERVEEDHI - SEPTEMBER 2020
Annual Subscription ₹ 200.00
(Per copy ₹ 20.00)


Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment

ആർ. പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ



















Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building, Oravakal
Amayannoor P.O
Kottayam - Kerala 686019
Mob: 9495435336, 8547916678
www.nerveedhi.com

Edited, Printed and Published by the Righteous Path Publication Trust and printed at Penta Offset Press, Kanjikuzhy, Kottayam–686004 and published at Mackal Building, Amayannoor P.O, Kottayam - 686019.